പത്രാധിപർ: ടി. കെ. നാരായണക്കുറുപ്പ്

READING ROOM
Kanjirapally

ടാഗോർ

വിഷയവിവരം.

1. ഗുരുദേവനും റൊമയിൻറോളണ്ടും—
ശ്രീ: സി. ഐ. രാമൻനായർ ബി. ഏ.

2. വിദ്യാഭ്യാസം—ചില ചിന്തകൾ—
ശ്രീ: എൻ. ഗോപാലപിള്ള എം. ഏ.

3. ജിനേശ്വരവിജയം (കവിത)—
മേജർ, സർദാർ കെ. എം. പണിക്കർ,
എം. ഏ. (Oxon.) ബിക്കാനീർ പ്രധാനമന്ത്രി.

4. ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്ന-
സാഹിത്യകാരനെത്തേടി—
ശ്രീ: കൈനിക്കര എം. കുമാരപിള്ള,
എം. ഏ; എൽ. ടി.

5. റഷ്യയുടെ ദൃഷ്ടിയിൽ—
ശ്രീ: പി. കെ. നാരായണപിള്ള എം. ഏ.

6. ചണ്ഡാലിക (ഏകാങ്കനാടകം)—
ശ്രീ: എസ്. ഗുപ്തൻനായർ എം. ഏ.

7. മുല്ലപ്പൂക്കൾ (കവിത)—
ശ്രീ: പി. കുഞ്ഞിരാമൻനായർ.

8. അതിഥി—
ശ്രീ: നാഗവള്ളിൽ, ആർ. എസ്. കുറുപ്പ്
ബി. ഏ.

9. കുരുടി (കവിത)—
ശ്രീ: നാലാങ്കൽ കൃഷ്ണപിള്ള എം. ഏ; എൽ. ടി.

10. ആചാര്യ നന്ദനാൽബോസ്—
ശ്രീ: കെ. കൃഷ്ണൻനായർ, ശാന്തിനികേതൻ.

11. ഭാരതഗീതം (കവിത)—
ശ്രീ: എം. പി. അപ്പൻ എം. ഏ; എൽ. ടി.

12. തേജോഗോളം—
ശ്രീ: കെ. രാമക്കുറുപ്പ് ബി. എ; ബി. എൽ.

13. സൂഫിസം—
ശ്രീ: കെ. മുഹമ്മദലി ബി. എ; എൽ. ടി.

14. പാണ്ഡിത്യപ്രഭാവം—
വിദ്വാൻ, പൊൻകുന്നം വർക്കി.

15. പൂജാരി (ഏകാങ്കനാടകം)-
വിക്തർയൂഗോ—
വിവർത്തകൻ, ശ്രീ: വി. കെ. ദാമോദരൻ, ശാസ്ത്രി.

16. ടാഗോറിന്റെ കത്തുകൾ—
ശ്രീ: പി. ശേഷാദ്രിഅയ്യർ ബി. എ; എം. എൽ.

മുക്തകങ്ങൾ:- (ലേഖനങ്ങളുടെ അവസാനത്തിൽ അങ്ങിങ്ങു കൊടുത്തിരിക്കുന്ന കവിതാശകലങ്ങൾ പത്രാധിപരുടേതാണ്.)

വിശിഷ്ടഗ്രന്ഥങ്ങൾ.

	രൂ.	ണ.
അനാസക്തിയോഗം (മഹാത്മജിയുടെ ഗീതാവ്യാഖ്യാനം)	,	12
ആത്മകഥ (ജവഹർലാൽനെഹ്റു)	7	8
കുററവും ശിക്ഷയും (ഡോസ്റ്റോവിസ്കിയുടെ സുപ്രസിദ്ധഗ്രന്ഥം)	4	0

മലയാളത്തിലുള്ള ഏതു നല്ല പുസ്തകങ്ങൾക്കും ഞങ്ങളോടാവശ്യപ്പെടുക. സുപ്രസിദ്ധസാഹിത്യപ്രസിദ്ധീകരണമായ മാതൃഭൂമി ആഴ്ചപ്പതിപ്പ് അഞ്ചൽമാർഗ്ഗം അയച്ചുകൊടുക്കുന്നതാണ്. 6 മാസത്തേക്ക് 3 ഉറുപ്പിക 14 ണ. മുൻകൂർ.

മാതൃഭൂമി ഏജൻസി; ലക്ഷ്മിനട, കൊല്ലം.

Use

GOPAL INK

FOR YOUR FOUNTAIN PENS.

എഴുതുവാൻ നല്ല പെൻസിൽ ഏതു്?

ശ്രീ ചിത്രാ പ്രദശ്നത്തിൽ നിന്നും ഒന്നാം സമ്മാനം ലഭിച്ച

ല
ക്ഷ്മി
പെ
ൻ
സി
ൽ

ഉയന്നതരം അമേരിക്കൻ സിഡർതടിയിൽ ഉണ്ടാക്കപ്പെട്ട ബ്ലാക്കലെഡ് പെൻസിൽസ്, കളർ പെൻസിൽസ്, കാപ്പിയിംഗ് പെൻസിൽസ് മുതലായ വിവിധതരത്തിലുള്ള പെൻസിലുകൾ എല്ലാ ഇൻഡ്യൻ മാക്കറുകളിലും മിതമായ വിലയ്ക്കു കിട്ടുന്നതാണ്.

നിമ്മാതാക്കൾ:—

ദി കയിലോൺ പെൻസിൽഫാക്ടറി, കൊല്ലം.

(ഗവമ്മെൻറ് സപ്ലയേഴ്സ് & വാർ കൺട്രാക്ടേഴ്സ്)

തിരുവിതാംകൂറിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടതു്.

രോഗനിരോധനം

ക്ഷയരോഗം ബാധിക്കാതിരിക്കുവാൻ വേണ്ട മെയ്കരുത്തും നിരോധനശക്തിയും സമ്പാദിക്കുവാനും, ക്ഷയം ബാധിച്ച് ഏങ്ങൽ, കാസം തുടങ്ങിയ ഉപദ്രവങ്ങളോടുകൂടി ലക്ഷണസംപൂർണ്ണനായാൽ പോലും രക്ഷനേടുവാനും

കരിംകുരങ്ങുരസായനം

സേവിക്കുവിൻ!

മനുഷ്യശരീരത്തിന്റെ നിരന്തര വളർച്ചയ്ക്ക് ആവശ്യമായ എല്ലാ പോഷകഘടകങ്ങളും ഇതിൽ സമൃദ്ധിയായി അടങ്ങിയിരിക്കുന്നു.

റാത്തൽ 1-ന് 5 ക. മാത്രം. പാക്കിങ്ങ് പോസ്റ്റേജ് വേറെ.

പനിനീർപൂഖണ്ഡം

വി. ഗംഗാധരൻ വൈദ്യൻ, വൈദ്യകലാനിധി.

അസഹനീയമായ വേദനയോടെ ഗുഹ്യമാർഗ്ഗത്തിൽകൂടി പഴപ്പോ ചോരയോ പൊയ്ക്കൊണ്ടിരിക്കുന്നതും, മൂത്രത്തരിപ്പും തടവുംകൊണ്ടു കഷ്ടപ്പെടുത്തുന്നതുമായ അസ്ഥിസ്രാവരോഗത്തിനു (Gonorrhoea) പനിനീർപൂഖണ്ഡം ഒരു സിദ്ധൌഷധമാണ്. ലജ്ജകൊണ്ട് ഗോപ്യമായി നാടൻപൊടിക്കൈകൾ പ്രയോഗിച്ചു പഴക്കിയും പുതുക്കിയും, രോഗാണുക്കൾക്കു ശരീരം നിത്യവാസസ്ഥാനമാക്കി ക്ലേശിക്കുന്ന സഹോദരീസഹോദരന്മാർ ഒരിക്കൽ പനിനീർപൂഖണ്ഡം സേവിക്കട്ടെ! ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങളേയും സവിശേഷം നശിപ്പിച്ച്, നഷ്ടപ്പെട്ടുപോയ ശരീരലാവണ്യത്തെ വീണ്ടെടുക്കാം. 95 ശതമാനം സ്ത്രീകളേയും ബാധിച്ചുകാണാറുള്ള സോമരോഗത്തിനും വെള്ളപോക്കും, വ്രണമേഹത്താൽ സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന ആന്തരവ്രണങ്ങൾക്കും നിരുപമമായ പരമൌഷധമാണു പനിനീർപൂഖണ്ഡം. ഗർഭാശയരോഗങ്ങളുടെ അന്തകൻ.

റാത്തൽ 1-ക്ക് 5 ക. പാക്കിങ്ങ് പോസ്റ്റേജ് വേറെ.

പ്രൊപ്രൈറ്റർ:— വി. ഗംഗാധരൻവൈദ്യൻ, വൈദ്യകലാനിധി.

നിർമ്മാതാക്കൾ:—

സ്വതന്ത്ര ഫാർമസി,

ചാലക്കുടി, **Cochin State.**

ബ്രാഞ്ചുകൾ: 1. ആലപ്പുഴ (പോലിസുസ്റ്റേഷനു സമീപം.) 2. കൊടകര.

സുഖിദ

(1931-ൽ കൽക്കട്ടായിൽ രജിസ്റ്റർചെയ്തതു്.)



ശ്രീചിത്തിര എക്സിബിഷനിൽനിന്നും തങ്കമെഡൽ ലഭിച്ച

"ഒരത്ഭുതകരമായ നെർവയിൻ ടോണിക്ക്." മെലിഞ്ഞവർക്ക് ഒരനുഗ്രഹം.

ഓജസ്സും യൗവ്വനവും എന്നും കാമ്മൊൻ നിലനിർത്തുന്ന ഒരു ദിവ്യകല്പം.

ധാതുനഷ്ടം, സ്ഖലനം, ഞരമ്പുതളർച്ച, ബലഹീനത ഇവയെമാററി ക്ഷയിച്ചുപോയ ജീവശക്തിയെ വീണ്ടെടുത്തു് തളർന്നുപോയ ഞരമ്പുകളെ ബലപ്പെടുത്തി, തലച്ചോറിനെ തണുപ്പിച്ചു്, ഓർമ്മശക്തിയെ വർദ്ധിപ്പിക്കുന്നതുകൂടാതെ എല്ലാവർക്കും സുഖാനന്ദം നൽകുന്നതും, സന്താനലാഭത്തെ പ്രദാനംചെയ്യുന്നതുമാണു്. പ്രസവിച്ചവർക്കും ഗർഭിണികൾക്കും അത്യുത്തമം.

8 ഔൺസ് 15 ദിവസത്തെ മരുന്നടങ്ങിയ കുപ്പി 1-ക്കു് വില രൂപാ 1 ണ. 8. വി. പി. ചാർജ്ജു പുറമേ.

ആയുർവേദശിരോമണി, ഡാക്ടർ റി. ആർ. എൻ. ദാസ, എച്ച്. എം. ബി. &c.

ഇൻഡ്യൻ മെഡിക്കൽ സ്റ്റോർസ്, ചിന്നക്കട, കൊല്ലം.

N. B. രോഗം പഴകിപ്പോയെന്നും തീരാരോഗമെന്നും രോഗികൾ തീരുമാനിക്കേണ്ട. രോഗവിവരം വ്യക്തമായിട്ടെഴുതിയയച്ചാൽ തക്കതായ മരുന്നുകൾകൊടുത്തു് ഉടനടി നിശ്ശേഷം സുഖപ്പെടുത്തുന്നതാണു്.

ട്രാവൻക്കൂർ ഫോർവേർഡ് ബാങ്ക് (ക്ലിപ്തം)

(1929-ൽ തിരുവിതാംകൂറിൽ സ്ഥാപിക്കപ്പെട്ടതു്.)

ഹെഡ് ആപ്പീസ്—കോട്ടയം.

പുരോഗമനസൂചിക

വർഷം	പിരിഞ്ഞുകിട്ടിയ മൂലധനം	കരുതൽ ധനം	ഡിപ്പോസിററ്	നീക്കിഇരിപ്പ്	നിക്ഷേപം	ആദായവീതം	പ്രവർത്തനമൂലധനം
1930	26,750	1300	33,069	10,126	Nil	15 %	67,205
1933	35,750	2300	48,652	2,849	Nil	15 %	91,572
1936	41,950	8500	1,51,816	41,056	28,866	10 %	2,07,173
1939	54,910	11500	3,97,112	88,094	76,085	10 %	5,39,834
1942	61,561	31500	15,87,900	7,51,274	1,42,414	10 %	17,87,028
1943	1,50,000	45000	31,72,010	14,99,384	3,39,194	10 %	37,25,200
1944	5,00,000	62500	71,84,897	25,58,183	18,23,206	10 %	86,54,672

Kottayam, 16-2-'45.

കൊല്ലത്തു വരുമ്പോൾ, പുതുതായി സ്ഥാപിച്ചിരിക്കുന്ന

"ദി മദീനാ സ്റ്റോഴ്സ്" സന്ദർശിക്കുവിൻ!

ആർഡറിനനുസരിച്ച്, എല്ലാത്തരം തടികളിലും മനോഹരമായ ഫർണിച്ചർകൾ കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടും.

പി. പി. സി. മുഹമ്മദ്, പ്രൊപ്രൈറ്റർ,
മദീനാ സ്റ്റോർ, കൊല്ലം.

Remember the Famous Shop!

K. SREENIVASA REDDIAR,

DEALER IN PIECE-GOODS, (EAST TO KERALA G. E.)

MAIN ROAD :: QUILON.

CONTROL PRICE FOR MILL CLOTHS

CHEAP PRICE FOR HAND-LOOMS.

SPECIAL STOCKIST OF **DHUPPATTAS**

WITH UP-TO DATE FASHION BORDERS & GLAMOROUS DESIGNS

A TRIAL WILL CONVINCE YOU.

വാനംപാടി.

കാപ്പിൽ ശ്രീ: കേശവൻ ബി. ഏ., ബി. എൽ-ന്റെ അതിമനോഹരങ്ങളായ 17 കവിതകൾ ഒന്നിച്ചു ചേർത്തു്.

വില രൂ. ൧.

ശ്രീരാമവിലാസം
ബുക്കുഡിപ്പോ,
കൊല്ലം.

കല്യാണാവശ്യത്തിലേക്ക്
ഏററവും അനുയോജ്യമായ
ജവുളിത്തരങ്ങൾക്ക്

സന്ദർശിക്കുക.

വൈററ് ഹാൾ,

ദി സിൽക്ക് പാലസ്,
കെ. കെ. റോഡ്,
കോട്ടയം—ട്രാവൻകൂർ.

എം. പി. കൃഷ്ണൻവൈദ്യരുടെ

അഭിനവഗർഭരക്ഷാഗുളിക

(രജിസ്റ്റേഡ് ട്രെയിഡ്മാർക്ക്)

ഇൻഡ്യയിലെന്നല്ല, ഇൻഡ്യയ്ക്കു പുറമേയും പ്രസിദ്ധി പ്രാപിച്ചിട്ടുള്ള അനുഭവസിദ്ധമായ പരമൗഷധം. ഇതു് ഏററവും ഫലപ്രദവും, വനിതാലോകത്തിന് അനുഗ്രഹീതവുമാകുന്നു.

1. അഭിനവ ഗർഭരക്ഷാഗുളിക ഗർഭാരംഭം മുതൽ രോഗിണിയും അരോഗിണിയും ആരോഗ്യത്തിനും സുഖപ്രസവത്തിനും നിത്യമായി സേവിക്കാനുള്ളതു്.

2. അഭിനവ ഗർഭരക്ഷാഗുളിക വായുക്ഷോഭം, ഗർഭപീഡ, ഛർദ്ദി, ക്ഷീണം, അരുചി, തലച്ചുററൽ, വയറുകത്തൽ, അഗ്നിമാന്ദ്യം, പനി, ശ്വാസനാളരോഗം, ശോധനയില്ലായ്മ, വയറെരിപ്പ്, അതിസാരം, ഗ്രഹണി, ഗുന്മശൂല ഇവയെ ശമിപ്പിക്കുവാൻ പര്യാപ്തമായതു്.

3. അഭിനവ ഗർഭരക്ഷാഗുളിക ഗർഭാശയശൂല, ഗർഭസ്രാവം, രക്തസ്രാവം, യോനിസ്രാവം, നെഞ്ചിടിപ്പ്, വ ഉഷ്, ചുട്ടുനീററൽ ഇവയെ പൂർണ്ണമായി ശമിപ്പിക്കും.

4. അഭിനവ ഗർഭരക്ഷാഗുളിക ഗർഭശിശുവിന് യാതൊരു ആരോഗ്യഹാനിയും സംഭവിക്കാതെ ജീവശക്തിയെ പ്രദാനംചെയ്തു് കാത്തുരക്ഷിക്കുവാനും മുലപ്പാലിനെ ശുദ്ധീകരിക്കുവാനും, ഒരു സിദ്ധൌഷധമാണു്.

5. അഭിനവ ഗർഭരക്ഷാഗുളിക പ്രസവകാലങ്ങളിൽ പ്രസവം സുഖകരവും, ശീഘ്രകരവും ആക്കിത്തീർക്കുന്നതും, ഗുന്മനോവു്, ആന്ത്രനോവു് ഇവയെ ശമിപ്പിച്ചു് പ്രസവകാലങ്ങളിലുണ്ടാകാവുന്ന സകലവിധ ഗർഭാശയ രോഗങ്ങളും മററന്യരോഗങ്ങളും വരാതെ കാത്തുരക്ഷിച്ചു് ജനയിത്രിക്കു നവചൈതന്യവും സന്തുഷ്ടിയും പ്രദാനംചെയ്യുവാൻ ശ്രേഷ്ഠമായിട്ടുള്ളതും ആകുന്നു.

മാത്ര:—ഒരൗൺസ് ജീരകവെള്ളത്തിൽ ഒരു ഗുളിക കലത്തി കാലത്തും അതേപ്രകാരം രാത്രിയിലും സേവിപ്പിക്കുക.

ഒരു മാസം സേവിക്കുവാനുള്ള ഗുളിക അടങ്ങിയ ഡപ്പി 1-ക്കു വില രൂ. 1.

മാനേജിംഗ് പ്രൊപ്രൈററർ,

എം. പി. കൃഷ്ണൻവൈദ്യർ,

ശ്രീകൃഷ്ണവിലാസം ആയുർവേദഫാർമസി

ആൻഡ് സക്കാർ വൈദ്യശാല, കൊല്ലം.

ബ്രാഞ്ചു്:—പുത്തൻചന്ത, തിരുവനന്തപുരം.

കാൽസിഫെറോ

(രജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീണ്ടും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്ക് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്ക് ദേഹസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു. അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം.

ഫലസിദ്ധിയുള്ള പല അപൂർവ്വൗഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മഗ്നേഷ്യം മുതലായ ധാതുദ്രവ്യങ്ങളും, തേനും, മോൾട്ടും ചേർത്ത് ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ളതു്. 48 നേരത്തിനുള്ള ആറു ഔൺസു കുപ്പി ഒന്നിനു രണ്ടര രൂപാമാത്രം. എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

സുപ്രസിദ്ധ ആരോഗ്യസംവർദ്ധകൗഷധമായ "ബ്ലഡ്-ഗ്ലൻ-ദ്രാക്ഷാ" നിർമ്മാതാക്കളാൽ തയ്യാറാക്കപ്പെട്ടതു്.

എസ്. ജി. എ. ഫാർമസി, കോട്ടയം.

ഉത്സവങ്ങൾക്കും കല്യാണങ്ങൾക്കും മററു വിശേഷങ്ങൾക്കും കർണ്ണാനന്ദകരമായ നാഗസ്വരക്കച്ചേരി കേട്ടാനന്ദിക്കണമെന്നുള്ളവർ

കെ. കുണ്ടലക്കാവേർ

& പാർട്ടിയെ

വരുത്തുവിൻ!

കെ. കുണ്ടലക്കാവേർ,
നാഗസ്വരപാർട്ടി,
കൃഷ്ണൻകോവിൽ,
നാഗർകോവിൽ.

സഞ്ജീവിനി

ആയുർവേദ വൈദ്യശാല

ചാല, തിരുവനന്തപുരം.

പിത്തകുലാന്തകൻ

ശരീരത്തിൽ രക്തമില്ലാതെ വിളറി വീർത്തു ജീവിതംതന്നെ ഒരു ഭാരമായിത്തീർന്നിരിക്കുന്ന ബഹു സഹസ്രം ആളുകൾ ഞങ്ങളുടെ ഈ സിദ്ധൌഷധത്താൽ രക്ഷനേടിയിരിക്കുന്നു.

24 ഔൺസു കുപ്പി 1-ക്കു വില രൂ 4.

"ശശിലേഖ"

സ്വതന്ത്രമായ ഞങ്ങളുടെ ഈ രസായനം മേഹം, അസ്ഥിസ്രാവം, പ്രദരം, ഉഷ്ണരോഗം, ശരീരംമെലിച്ചിൽ, വയററുകത്തൽ, തലച്ചുററൽ കൈകാൽ എരിച്ചിൽ, കഴപ്പ്, ചുടിച്ചിൽ, നാഭിയിൽനിന്നുമുണ്ടാകുന്ന പുകച്ചിൽ, വെള്ളപോക്ക്, മലബന്ധം മുതലായതിനെ നിശ്ശേഷം നശിപ്പിച്ച് സ്ത്രീപുരുഷന്മാരുടെ ആരോഗ്യത്തെയും പുഷ്ടിയേയും അഭിവൃദ്ധിപ്പെടുത്തുന്നതാണ്.

റാത്തൽ 1-ക്ക് രൂ. 4.

പി. എൻ. അപ്പാവുവൈദ്യൻ,
(ബാലചികിത്സാ സ്പെഷ്യലിസ്റ്റ്)

S. N. V. ഗവൺമെൻറംഗീകൃത മുനിസിപ്പൽ ഗ്രാൻറവൈദ്യശാല—കോട്ടയം.

ബ്രാഞ്ചുകൾ:— ആലപ്പുഴ, വൈക്കം.

N. B. ആയുർവേദവിധിപ്രകാരമുള്ള മററ എല്ലാത്തരം ഔഷധങ്ങളും മിതമായ വിലയ്ക്കുകൊടുക്കാൻ എപ്പോഴും തയ്യാർ.

വിജ്ഞാനപ്രദമായ ലേഖനങ്ങൾക്ക് മലയാളരാജ്യം

വാരിക (തിങ്കളാഴ്ചപ്പതിപ്പ്)

വായിക്കുവിൻ!

നിങ്ങളുടെ ഭാവി!

ഭാവിഫലങ്ങൾ സൂക്ഷ്മമായി അറിഞ്ഞു്
ജീവിതത്തെ കൂടുതൽ ശോഭനമാക്കുക!

മാസഫലമടങ്ങിയ ഒരു വഷത്തെ
ഫലമെഴുതുന്നതിനു് രൂ. 3.

5 ചോദ്യങ്ങൾക്കു് 2 രൂ. കൂടുതൽ ഓരോ
ചോദ്യത്തിനു് 8 ണ. വീതം.

സമ്പൂണ്ണജാതകം 10 രൂ. സംക്ഷിപ്ത
ജാതകം 5 രൂ. തല്ക്കുറി 3 രൂ.

ജനനസമയമോ, ജനനകാലഗ്രഹസ്ഥിതിയോ
അഥവാ കത്തെഴുതുന്ന സമയമോ
സൂക്ഷ്മമായി അറിയിക്കുക.

V. P. ചാർജ്ജ് 4 ണ. പുറമേ.

ജാതകമെഴുതുന്നതിനു് ജനനസമയം
അറിയിക്കണം.

ജ്യോത്സ്യൻ,
ശാസ്ത്രി പി. ഏ. പരമേശ്വരൻപിള്ള,
ലക്ഷ്മീജ്യോതിഷാലയം,
ബോട്ടുജട്ടി, ആലപ്പുഴ.

മാന്നാററിൽ ആയുർവേദ ആസ്പത്രി.

യൂണിയൻക്ലബ്ബിനുസമീപം, കോട്ടയം.

ചീഫ് വൈദ്യൻ & പ്രൊപ്രൈറ്റർ,
കെ. കെ. ശേഖരകണിയാർ (കാരാപ്പുഴ)

എല്ലാം ആയുർവേദ ഔഷധങ്ങളും ഇംഗ്ലീഷ് ചികിത്സാമാതൃകയിൽ അപ്പോഴപ്പോൾ കൊടുത്തും, രോഗികൾക്കു താമസിച്ചു ചികിത്സ നടത്തുന്നതിനു എല്ലാവിധ സൌകര്യങ്ങളോടുംകൂടി നടത്തിവരുന്ന കോട്ടയത്തെ ഏകസ്ഥാപനം.

സിഫിലിസ്

ലജ്ജകൊണ്ടു മടിച്ചിരിക്കുന്നു. രോഗം വദ്ധിക്കും. എത്രയോ യുവതീയുവാക്കൾ സിഫിലിസ് പിടിപെട്ടു നരകദുഃഖം അനുഭവിക്കുന്നു. ഈ രോഗം ബാധിച്ചാൽ അവരുടെ രക്തം അതോടെ മലിനമായിത്തീരുന്നു. എന്നാൽ S. P. ഗുളികകൾ 12 എണ്ണം സേവിച്ചാൽ രക്തശുദ്ധി വരുത്തി ഒരാഴ്ചയ്ക്കുള്ളിൽ ഏതുതരം സിഫലിസ്സിനെയും പരിപൂർണ്ണമായി പരിഹരിക്കുന്ന ദിവ്യൌഷധം. അനുഭവസ്ഥന്മാർ അനവധി.

12 എണ്ണത്തിനു 5 രൂ. പുറമെപുരട്ടുന്നതിനു 8 ണ. ഓർഡറുകൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്. വിശേഷവിവരത്തിനു സ്റ്റാമ്പുസഹിതം എഴുതുക.

അനവധി കാലമായി പ്രചാരത്തിലിരിക്കുന്ന,

കരിംകുരങ്ങു ലേഹം

ക്ഷയം, ചുമ, ഏങ്ങൽ ഇതുകൾ എത്ര പഴകിയവയായാലും നിശ്ശേഷം മാററി ആരോഗ്യത്തേയും ആയുസ്സിനേയും ഒന്നുപോലെ വർദ്ധിപ്പിച്ചു യൌവ്വനത്തെ നിലനിർത്തും. പ്രസവരക്ഷയ്ക്കു് അത്യുത്തമം. എല്ലാവിധ വാതരോഗങ്ങളിലും പ്രത്യക്ഷഫലം. 40 നേരത്തേക്കു് (റാ: 1-ക്കു്) 4 ക. മാത്രം. പാക്കിങ്ങ്, പോസ്റ്റേജ് പുറമേ.

"പുഷ്പം"

ഗർഭാശയസംബന്ധമായ എല്ലാ രോഗങ്ങളേയും ശമിപ്പിക്കും; വിശേഷിച്ചു് ഗർഭാശയത്തിന്റെ സ്വീകരണക്കുറവു്, സ്ഥാനഭ്രംശം ഇതുകളെ ഇല്ലാതാക്കും. തീണ്ടാരികാലങ്ങളിൽ ഉള്ള വയററിൽവേദന, അസ്ഥിസ്രാവം, ജലസ്രാവം മുതലായ രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ചു് ആരോഗ്യത്തേയും, സൌന്ദര്യത്തേയും ഒന്നുപോലെ വർദ്ധിപ്പിച്ചു് യൌവ്വനത്തെ നിലനിർത്തും. വന്ധ്യകളെന്നു വിചാരിക്കുന്നവർ ഈ വിശിഷ്ട രസായനൌഷധം ഉപയോഗിച്ചു ഗർഭധാരണശക്തിയെ സമ്പാദിപ്പിൻ!

16 ഔ: കുപ്പി 1-ക്കു് 5 ക. മാത്രം. പാക്കിങ്ങ്, തപാൽചിലവു പുറമേ. ആവശ്യപ്പെടുവിൻ!

"ഭാരത ഗർഭരക്ഷാഗുളിക"

ഗർഭകാലങ്ങളിൽ സ്ത്രീകൾക്കുണ്ടാകുന്ന ക്ഷീണം, ഛർദ്ദി, അരുചി, വിളപ്പ്, വയററിലും അരക്കെട്ടിലും വേദന, ചുമ, ശ്വാസംമുട്ടൽ, തലവേദന ഇതുകളെ ശമിപ്പിച്ചു് ശരീരത്തിനു് ആരോഗ്യവും, മനസ്സിനു് ഉന്മേഷവും നൽകി ഗർഭസ്ഥശിശുവിനെ യഥാക്രമം സംരക്ഷിച്ചു് പ്രസവത്തെ സുഖകരമാക്കിത്തീർക്കുകയും ചെയ്യുന്നു.

100 ഗുളികകൾ അടങ്ങിയ കുപ്പി 1-ക്കു് 5 ക.
പാക്കിങ്ങ്, പോസ്റ്റേജ് പുറമേ

കൂടുതൽ വിവരങ്ങൾക്കാവശ്യപ്പെടുക!

ഭാരത വൈദ്യശാല (Estd. 1919) (റെജിസ്റ്റർ ചെയ്തതു്.)
ചാലക്കുടി A. O. & P. O; കൊച്ചിൻ സ്റ്റേയിററു്.

IT WILL PAY YOU TO CONSULT

A. G. KRISHNA SHENOY

PAINTS & HARDWARE MERCHANT

HEAD OFFICE:		BRANCH:
BROADWAY	OR	KALARIKKAL BLDG.
ERNAKULAM		KOTTAYAM.
(Tel: MAGNET)		Tel: VENUS.

Before you buy your requirements in
Paints or Hardware.

കേരളമിത്രം.

(സാഹിത്യപ്രധാനമായ ഒരു പ്രതിവാരിക.)

പത്രാധിപർ:—

ശ്രീ: നമ്പാത്ത് ശിവരാമമേനോൻ.

സുപ്രസിദ്ധ സാഹിത്യകാരന്മാരുടെ ഗദ്യപദ്യലേഖനങ്ങൾ, ചെറുകഥകൾ, നിശിത വിമർശനങ്ങൾ, തൂലികാചിത്രങ്ങൾ!—കേരളമിത്രത്തിൽ വായിക്കുക.

പരസ്യത്തിന് ഏററവും പററിയ പ്രസിദ്ധീകരണം.

മാനേജർ,

"കേരളമിത്രം", തൃശ്ശിവപേരൂർ.

ഗോൾഡ്-ഇൻ-വിററാ

രക്തമില്ലാതെ വിളറി ശുഷ്കമായ ശരീരത്തിൽ ധാരാളം രക്തത്തെ ഉളവാക്കി ജീവചൈതന്യത്തെ വളരെക്കാലം നിലനിർത്തുന്നതിന് ഏററവും പററിയ ഒരു ടോണിക്ക്. പ്രസവശേഷം സ്ത്രീകൾക്ക് അത്യുത്തമം. എല്ലാ പ്രധാന മരുന്നുഷാപ്പുകളിലും കിട്ടും.

24 ഔ. കുപ്പി 1-ക്കു വില രു. 5.

നിർമ്മിതാക്കൾ:—

ശ്രീവഞ്ചിരാജ്യ ആയുർവ്വേദ ഫാർമസി (Regd.)

ആലപ്പുഴ.

പരീക്ഷിപ്പിൻ!

വിലകുറവുള്ളതും ഗുണക്കൂടുതലുള്ളതും ലോകമെങ്ങും പ്രശസ്തി നേടിയതുമായ "തത്ത"മാർക്കു കുടകൾ വാങ്ങി ഉപയോഗിച്ചു തൃപ്തരാകുവിൻ!

കൂടാതെ നല്ല ഇനം കസവുതരങ്ങൾ, ഡബിൾമുണ്ടുകൾ, ഷർട്ടിംഗ്, കോട്ടിംഗ്, കവണിത്തരങ്ങൾ മുതലായ വിശിഷ്ടതരം ജവുളിത്തരങ്ങൾ ഞങ്ങളുടെ കടകളിൽ മൊത്തമായും ചില്ലറയായും കിട്ടുന്നതാണ്.

ഹാജി ഹസൻ ഹാജി കാസിം

ആൻഡ് സൺ,

ആലപ്പുഴ.

ബ്രാഞ്ച്:- കോട്ടയം.

പ്രൊപ്പൈററർ:-

ഇബ്രാഹിം ഇസ്മായിൽ & ബ്രദേഴ്സ്

KURIYANS' LTD.

(The Reliable House for Quality Furniture)



MODERN BEDROOM SUITE.

WE FURNISH:—

BUNGALOWS AND OFFICES IN UP-TO-DATE STYLE.

WE SUPPLY:—

WINDOW AND DOOR FRAMES ETC., FOR FACTORIES.

We undertake to submit designs and quotations if measurements or cuttings from Catalogues are sent.

CHURCH FURNITURE A SPECIALITY.

All enquiries to:— **KURIYANS' LTD.,**
Chungam Kottayam, Travancore.

The Sahrudaya
READING ROOM
Kanjirapally



K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
MANNARGHAT

ടാഗോർ

പുസ്തകം ൧ | ഫെബ്രുവരി | ലക്കം ൩

ഗുരുദേവനും റൊമെയിൻറോളണ്ടും.

(സി. വൈ. രാമൻനായർ.)

"യൂറോപ്പ് വീണ്ടും ഒരു യുദ്ധത്തിൽ ചാടുന്നതു് ലോകത്തിനു് ഒരു മഹാവിപത്തായിരിക്കും; പരിഷ്കാരത്തിന്റെ സമൂലനാശമായേക്കാം അതിന്റെ ഫലം;" ഇപ്രകാരം ഒരു പത്തുവർഷങ്ങൾക്കു മുമ്പു് റൊമെയിൻറോളണ്ടു് ഒരു ഭാരതീയനേതാവിനോടു പറകയുണ്ടായി.

റോളണ്ടു് പ്രഥമതഃ ഒരു സമാധാനതല്പരനായിരുന്നു. ആയുഷ്കാലം മുഴുവനും ഇദ്ദേഹം യുദ്ധത്തിനെതിരായും സമാധാനസംസ്ഥാപനത്തിനു് അനുകൂലമായുമുള്ള പ്രവർത്തനങ്ങളിൽ വ്യാപരിച്ചുകൊണ്ടിരുന്നു. യുദ്ധവും അനീതിയും നാലുപാടും നൃത്തംചവിട്ടി വിഹരിക്കെ, ഈ കർമ്മധീരൻ അതിനെ നോക്കിനോക്കി ഹൃദയംതകർന്നു്, എന്നാൽ ആശ വെടിയാതെ ഭൗതികലോകത്തിൽനിന്നും എന്നേയ്ക്കുമായി അകന്നുപോയി!

ലോകസമാധാനത്തിനുള്ള ചിന്തനത്തിൽ റോളണ്ടിനു്, ഭാരതമാണു് പ്രകാശം നൽകിയതു്. ഭാരതത്തിൽ ഗാന്ധിജിയുടെയും ഗുരുദേവന്റെയും വ്യക്തിമഹത്വമാണു് ഇദ്ദേഹത്തെ ആകർഷിച്ചതും ചിന്തിപ്പിച്ചതും. ഇദ്ദേഹം പണ്ടൊരിക്കൽ ഭാരതത്തിനു നൽകിയ സന്ദേശം നോക്കുക:

"ഏഷ്യയും യൂറോപ്പും ഒരേ നൗകയുടെ രണ്ടഗ്രങ്ങൾമാത്രമാകുന്നു. യൂറോപ്പ് ഈ നൗകയുടെ മുൻതലയാണെങ്കിൽ ഭാരതമാണു് അതിന്റെ രക്ഷാഭവനം. ബുദ്ധലക്ഷ്യം സൂക്ഷ്മദൃഷ്ടികളോടുകൂടി ചിന്താസാമ്രാജ്യത്തിലെ മഹാറാണിയായി അവർ വിരാജിക്കുന്നു. ആ ദൃഷ്ടികൾക്കു നമസ്കാരം. അവ എന്റേയും ദൃഷ്ടികൾതന്നെ! നാമേവരും ഒററത്തറവാട്ടുകാരാണു്!"

ലോകത്തിന്റെ ഭാസുരഭാവിയിൽ റോളണ്ടിനു് ആശയും വിശ്വാസവും ഉദ്ദീപിപ്പിച്ചതു് ഭാരതീയ ചിന്താഗതിയും പ്രവർത്തനരീതികളുമായിരുന്നു. മനുഷ്യരാശിയുടെ ക്ഷേമത്തിനു് അധിഷ്ഠാനമായി നാലു മൗലികാവശ്യങ്ങളും അവകാശങ്ങളും ഈ പരിണതപ്രജ്ഞൻ ലോകസമക്ഷം

അവതരിപ്പിച്ചു. (൧) ജാതിമതഭേദമെന്യെ, വർഗ്ഗഭേദമെന്യെ, അന്തർദ്ദേശീയത്വം. (൨) ചൂഷകചൂഷിതവർഗ്ഗങ്ങളുടെ തിരോധാനവും സമത്വസ്ഥാപനവും. ൩. അസ്വതന്ത്രരാജ്യങ്ങളുടെയും ജനവിഭാഗത്തിന്റെയും പൂർണ്ണസ്വാതന്ത്ര്യം. ൪. സ്ത്രീപുരുഷന്മാർക്കു തുല്യാവകാശം, ഇവ സാധിതപ്രായമാകുന്നതിനുവേണ്ടി, ഭൂമുഖത്തുള്ള ചിന്തകന്മാരും മഹാന്മാരുമായി ഇദ്ദേഹം ഉററസമ്പർക്കം പുലർത്തിപ്പോന്നിരുന്നു.

ഗുരുദേവന്റെ അഭിമതവും അഭിലാഷവും ആരായുന്നതിൽ റോളണ്ട് സദാ ജാഗരൂകനായിട്ടാണ് വർത്തിച്ചിട്ടുള്ളതു്. വിശ്വഭാരതിയുടെ ആദർശങ്ങൾ റോളണ്ടിന്റെയും ആദർശങ്ങൾതന്നെ. പാശ്ചാത്യപൗരസ്ത്യാദർശങ്ങളുടെ സമ്മേളനസ്ഥാനമായിട്ടാണ് ഇരുവരും ഈ ലോകോത്തരസ്ഥാപനത്തെ ആരാധിച്ചിട്ടുള്ളതു്. ഗുരുദേവന് റോളണ്ടിനോടുണ്ടായിരുന്ന മതിപ്പ് അളവററതായിരുന്നു. ഒരു അഭിനന്ദനസന്ദേശത്തിൽ ഈ ധീമാനെപ്പററി നമ്മുടെ മഹാകവി കീർത്തിക്കുന്നതു് ഏതാണ്ടിപ്രകാരമാണ്.

“യന്ത്രയുഗത്തിന്റെ അപ്രതിഹതമായ പ്രവാഹം മനുഷ്യന്റെ വ്യക്തിത്വവികാസത്തെ പ്രതിബന്ധിക്കുന്നതായി പരിണമിച്ചിരിക്കുന്നു. മനുഷ്യന്റെ ധാർമ്മികബോധത്തെ ചെതുക്കപിടിപ്പിക്കുന്നതിനും യന്ത്രത്തിന്റെ ചൊല്പടിയിൽ അവനെ പ്രവർത്തിപ്പിക്കുന്നതിനും ഇതു് പ്രേരകമായിത്തീർന്നുപോയി. ഈ യാന്ത്രികശക്തി അഴിച്ചുവിട്ടാൽ, വകതിരിവില്ലാതെ ക്രൂരതയും അനീതിയും കൂത്താടാതിരിക്കയില്ല. സംഘടനകളും സ്ഥാപനങ്ങളും ഈ ശക്തിയുടെ മാരകത്വത്തെ ദ്വിഗുണീഭവിപ്പിക്കയാണ് ചെയ്യുന്നതു്. കാരുണ്യത്തെ പുണരുന്ന മതം, സംഘടനാദ്വാരാ, ചോരപ്പുഴകൾ ഒഴുക്കിയിട്ടുള്ളതു് നാം അറിഞ്ഞിരിക്കുന്നു. മാന്യരായ ജനങ്ങൾ വ്യാവസായികസംഘടനകൾ വഴിയായി, ജനസാമാന്യത്തെ വഞ്ചിയ്ക്കാൻ ഇടയാകുന്ന പരിതഃസ്ഥിതികളും നാം കണ്ടുകൊണ്ടിരിക്കയാണ്. എന്റെ ഈ ആശയങ്ങളോടു ആനുകൂല്യമുണ്ടായിരുന്ന ഒരു മാന്യൻ എന്നോടൊരിക്കൽ ചോദിച്ചു, ‘നിലവിലുള്ള സംഘടനകൾ ഇല്ലായ്മചെയ്യുന്നതിനു് തുല്യശക്തിയുള്ള വേറെ സംഘടനകൾ വേണ്ടിവരികയില്ലയോ’ എന്ന്. ‘ഇല്ല’ എന്നായിരുന്നു എന്റെ ഉത്തരം.”

സ്വന്തം ജീവിതത്തിൽ മഹത്തായ ആദർശങ്ങളെ മുറുകെപ്പിടിക്കുന്ന മഹാന്മാരെ ആണ്, വേറെ സംഘടനകളേക്കാൾ ഞാൻ വിശ്വസിക്കുന്നതു്. അങ്ങനെയുള്ള മഹാന്മാർ, സംഘടിതശക്തികളുടെ മുമ്പിൽ ദുർബ്ബലരും അണുപ്രായരുമായി തോന്നിയേക്കാം. എന്നാൽ അവരുടെ ആദർശങ്ങൾ ഉലയാതേയും വിശ്വാസം ചലിയാതെയും അവർ ജീവിച്ചുകൊണ്ടാൽമതി മാനവപരിഷ്കാരത്തിന്റെ പ്രാഭവം ഏതാനുംചില വ്യക്തികളിലാണ് രൂഢമായിരിക്കുന്നതു്”

മഹാകവി തുടരുന്നു:

“ആധുനികകാലം ശൂലശൂന്യം പിടിച്ചതല്ലെന്നുള്ളതിനു് ഒന്നാന്തരം ഒരു തെളിവ്, റൊമയിൻ റോളണ്ടാകുന്ന മഹാവ്യക്തിയുടെ ജീവിതവും യത്നങ്ങളുമാകുന്നു. ഇന്നത്തെ ലോകത്തിനു് അദ്ദേഹത്തെ അത്യാവശ്യമുണ്ട്; അല്ലെങ്കിൽ ലോകം ഇദ്ദേഹത്തെ അപഹസിക്കാനും ധിക്കരിക്കാനും വെമ്പുന്നതെന്തിനു്? ഇതുതന്നെ റോളണ്ടിന്റെ മഹത്വത്തിനു് മാനദണ്ഡം!”

ഈ മനുഷ്യസ്നേഹികൾ ഇരുപേരും ഗുരുദേവനും റോളണ്ടും ഇപ്പോൾ എന്തു ചെയ്യുന്നോ?

വിദ്യാഭ്യാസം—ചില ചിന്തകൾ

(എൻ. ഗോപാലപിള്ള, എം. ഏ.)

രോഗങ്ങളെ നിവാരണംചെയ്തു് ആരോഗ്യം നിലനിൎത്തുക ജീവിതസുഖത്തിനു് അത്യന്താപേക്ഷിതമാണു്. രോഗനിവാരണത്തിനു ചികിത്സവേണം. ആരോഗ്യപാലനത്തിനു യുക്തമായ ആഹാരവും വിഹാരവും കൎമ്മവും വേണം. സംശയമില്ല. പക്ഷേ, എന്തിനെയാണു രോഗം ബാധിക്കുന്നതു്? എന്തിന്റെ ആരോഗ്യമാണു സാധിക്കേണ്ടതു്? നാം സാധാരണമായി ശരീരത്തിനെപ്പററിമാത്രമാണു് ഈ നിഷ്കൎഷിക്കുന്നതു്. എന്നാൽ ശരീരത്തിനെന്നപോലെ മനസ്സിനും രോഗംവരാം. മനസ്സിനും ആരോഗ്യംവേണം.

രാഗാദികളാണു രോഗങ്ങൾ എന്നു പ്രസ്താവിച്ചുകൊണ്ടാണു് വാഹടാചാൎയ്യൻ വൈദ്യശാസ്ത്രം ആരംഭിക്കുന്നതു്. രാഗം ബാധിക്കുന്നതു മനസ്സിനെയാണല്ലോ. അതുകൊണ്ടു പ്രധാനമായി ചികിത്സിക്കേണ്ടതും മനസ്സിനെയാണു്. മനസ്സിന്റെ ആരോഗ്യത്തിനും യുക്താഹാരവിഹാരങ്ങൾ വേണം. 'അരോഗമായ വപുസ്സിൽ അരോഗമായ മനസ്സ്' എന്നു് പ്രാചീന ലത്തീൻഭാഷയിൽ ശ്രദ്ധേയമായ ഒരു മഹദ്വചനവുമുണ്ടു്.

ലോകം ആസകലം പടൎന്നുപററിയിട്ടുള്ള യുദ്ധത്തിന്റെ ദുരിതഫലമായി ജനസമുദായങ്ങളിൽ രോഗങ്ങൾ വൎദ്ധിച്ചും ആരോഗ്യം ക്ഷയിച്ചുംവരികയാണു്. ഈ ദുരവസ്ഥ പരിഹരിക്കാൻ ഔഷധനിൎമ്മാണത്തിലും ആഹാരസമ്പാദനത്തിലും രാഷ്ട്രങ്ങൾ എല്ലാം ശ്രദ്ധപതിക്കുന്നുമുണ്ടു്. ഒരു കുറവേ ഉള്ളൂ. കേവലം കായികങ്ങളായ ആവശ്യങ്ങൾക്കുമാത്രമാണു് ഈ സംരംഭമെല്ലാം. ജീവസന്ധാരണത്തിനുള്ള സാമഗ്രികൾ സുലഭമായാൽ, പ്രാഥമികങ്ങളായ ജന്തുധൎമ്മങ്ങൾ നിറവേറുമെങ്കിൽ ജനസമുദായങ്ങൾ സംതൃപ്തരാവുംപോലും. അക്കാൎയ്യം ചിന്ത്യമാണു്. അതു ശരിയായിരുന്നെങ്കിൽ ഇന്നു പടിഞ്ഞാറും കിഴക്കും നടക്കുന്ന ഭയങ്കരസമരത്തിനു കാരണമില്ലല്ലൊ. സമ്പത്പ്രഭാവപ്രമത്തരായ പാശ്ചാത്യരും പൌരസ്ത്യരുമാണു് ഈ അന്യോന്യസംഹാരത്തിനു് ഉദ്യുക്തരായിരിക്കുന്നതു്. ലൌകികവിഭവങ്ങളുടെ വിതരണത്തിലുള്ള അസമത്വമാണു് ഈ കലഹങ്ങൾക്കു നിദാനമെന്നു പറയാറുണ്ടു്. അതിൽ കുറച്ചു സത്യവുമുണ്ടു്. എന്നാൽ, വിഭവസമത്വം സ്ഥാപിതമായാൽ വൈഷമ്യങ്ങൾ ഒതുങ്ങുമോ? സംശയമാണു്. ദുൎബലന്റെ സമ്പത്തും സ്വാതന്ത്ര്യവും അപഹരിച്ചു് അവനെ വിധേയനാക്കാൻ പ്രബലനു സഹജമായ വാസന കാണുന്നുണ്ടു്. ആ ജന്തുവാസനനിയന്ത്രണംകൂടാതെ നിലനില്ക്കുകയാണെങ്കിൽ സമ്പത്തിന്റെ സമവിഭജനംകൊണ്ടു് എന്തൊരുഫലമാണുള്ളതു്? എന്താണു് ഈസ്ഥിതിക്കു് ഒരു പ

രിഹാരമാർഗ്ഗം? മനസ്സിന്റെ രോഗങ്ങൾ മാററി ആരോഗ്യം പുലർത്തണം.

മനസ്സിന്റെ ആരോഗ്യരക്ഷയ്ക്കുള്ള ആഹാരവും വിഹാരവും പ്രവർത്തനവും സാധിക്കുന്നതു് വിദ്യാഭ്യാസംകൊണ്ടാണു്. മനസ്സിന്റെ രോഗങ്ങൾ ചികിത്സിക്കുന്നതും അതുകൊണ്ടുവേണം. അതാണോ നാം ചെയ്യുന്നതു്? അതും ചിന്ത്യമാണു്.

വിദ്യാഭ്യാസത്തിന്റെ നവീകരണത്തിനും പുനഃസംവിധാനത്തിനും ലോകമെങ്ങും ഒരുങ്ങുകയാണു്. ആ സന്നാഹത്തിന്റെ സംരംഭങ്ങൾ സർവ്വത്ര കാണാം. പാശ്ചാത്യവിദ്യാധുരന്ധരന്മാരുടെ നിർദ്ദേശവും ഉപദേശവും അനുസരിച്ചു് അവരുടെ ലക്ഷ്യവും ആദർശവും മുൻനിർത്തി പ്രവർത്തിക്കാനാണു നമ്മുടെ ഉത്സാഹം. അതു സ്വാഭാവികവുമാണു്. അവരുടെ അത്ഭുതാവഹമായ ഭൗതികപുരോഗതി നമുക്കും ആശാസ്യമല്ലേ? മനുഷ്യജീവിതത്തിന്റെ സുഖസൗകര്യങ്ങൾ വളർത്താൻ അവർ തെളിച്ച മാർഗ്ഗങ്ങൾ നമുക്കും അനുസരണീയമല്ലേ?

വിദ്യാഭ്യാസപ്രചരണത്തിന്റെ ആദ്യസോപാനമായി നാം കരുതുന്നതു് അക്ഷരാഭ്യാസമാണു്. അതുമാത്രമല്ല. അക്ഷരാഭ്യാസമുള്ളവൻ വിദ്യാഭ്യാസമുള്ളവനും ആണു്. വിദ്യാഭ്യാസമുള്ളവനാണല്ലോ സംസ്കാരമുള്ളവൻ. അങ്ങനെ ഇന്ത്യയിൽ നൂററിനു് എഴുപത്തഞ്ചുപേരും സംസ്കാരമുള്ളവരല്ല. സംസ്കാരമില്ലാത്തവനു സ്വാതന്ത്ര്യത്തിനു് അവകാശമുണ്ടോ? ശോച്യമാണു നമ്മുടെ സ്ഥിതി, കഷ്ടമാണു്. പണ്ടേക്കു പണ്ടേ അങ്ങനെ ആയിരുന്നുതാനും. എന്നാലും ഈ മട്ടൊന്നു മാറണമല്ലോ. അതിനു് എന്താണുമാർഗ്ഗം?

ആദ്യം സാർവ്വത്രികമായ അക്ഷരാഭ്യാസം. നിരക്ഷരനായ ഒരു മനുഷ്യൻ ഈ ഭൂഖണ്ഡത്തിൽ ഉണ്ടായിരിക്കരുതു്, അക്ഷരാഭ്യാസം കഴിഞ്ഞാൽ ഉപജീവനമാർഗ്ഗം പഠിപ്പിക്കുക. അത്രയുംകൂടി ആയാൽ സർവ്വതോഭദ്രം. ഇവരിൽതന്നെ, ആയിരത്തിൽ ഒന്നോ രണ്ടോ ആളുകൾ കവിഞ്ഞ ബുദ്ധിയുള്ളവർ കാണുമല്ലോ. അവർ കൂടുതൽ പഠിക്കണം. പലതരം സയൻസു്—പുതിയ പല ശാസ്ത്രങ്ങളും സാങ്കേതികവിദ്യകളും. അങ്ങനെ വമ്പന്മാരായ ശാസ്ത്രജ്ഞന്മാരുടെ ചിന്തനത്തിലും ഗവേഷണത്തിലും ഉദിച്ചുപൊന്തുന്ന നൂതനതത്ത്വങ്ങളും തന്ത്രങ്ങളുംമതി. നമ്മുടെ പ്രേയസ്സിനും ശ്രേയസ്സിനും. “നാന്യഃ പന്ഥാ വിദ്യതേ അയനായ.”

മനസ്സിന്റെ സുസ്ഥിതിക്കെന്നു നാം സങ്കല്പിച്ച വിദ്യാഭ്യാസംപോലും ഉപജീവനത്തിനു്—ശരീരസന്ധാരണത്തിനു്—എന്നുവന്നുകൂടുന്നല്ലോ. മഹാന്മാരായ വിദ്യാഭ്യാസവിചക്ഷണന്മാർ പറയുന്നു ജീവികോപാർജനത്തിനുള്ളവിദ്യ അഭ്യസിപ്പിക്കുകയാണു് വിദ്യാഭ്യാസത്തിന്റെ ധർമ്മമെന്നു്. അഭിവന്ദ്യനായ വർദ്ധായിലെ മഹർഷിവര്യൻമുതൽ വിദ്യാലയദേഹളിയിൽ കാലുകുത്തുന്നവൻവരെ സകലരും ഈ അഭിപ്രായത്തിന്റെ പ്രവാചകരാണു്. അവരുടെ അഭിമതം നിഷേധ്യമാണോ?

ഉപജീവനസമ്പാദനത്തിനു വിദ്യാഭ്യാസം ആവശ്യമാണു്. സമ്മതിക്കാം. പക്ഷേ, അതാണോ വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യം? സാങ്കേതികശാസ്ത്രങ്ങളുടെ വികസനത്തിനു് മനീഷയെ വിനിയോഗിച്ചു് ഭൗതികവിഭവങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാം. ജീവിതസൗകര്യങ്ങൾ വിപുലതരമാക്കാം. സംതൃപ്തിയാകുമോ?

യഥാർത്ഥമായതൃപ്തി മനസ്സിനുവേണം—അരോഗമായ മനസ്സിനു്. മനസ്സിനു രോ

ഗമോ? ആദ്യമെ സൂചിപ്പിച്ച പല രോഗങ്ങളും മനസ്സിനെ ബാധിക്കാമെന്ന്. ഇന്നു നാം കാണുന്ന ദുരിതങ്ങൾക്കു പലതിനും അടിയുറത്ത മാനസികരോഗമാണ്. വ്യക്തികളേയും സമുദായങ്ങളേയും രാഷ്ട്രങ്ങളേയും ബാധിച്ചിട്ടുള്ള മാനസികരോഗങ്ങൾ—മഹാരോഗങ്ങൾ—ഉണ്ട്—മദവും മാത്സര്യവും കാമവും ലോഭവും ക്രോധവും മോഹവും. പഴയ ഗ്രന്ഥങ്ങളിൽ കാണുന്ന കള്ളപ്രമാണങ്ങൾ ഇവിടെ ഉദ്ധരിക്കുകയല്ല. ഈ രോഗാണുക്കൾ ബാധിക്കാത്ത മനസ്സ് ഉണ്ടായിരിക്കയില്ല. ഈ രോഗങ്ങളുടെ വ്യാപ്തിയുടെ ഫലമാണ് ഇക്കാണുന്ന കലഹങ്ങളും സമരങ്ങളും—ഈ പരസ്പരസംഹാരസംരംഭം—ഈ ലോകദ്രോഹം—ആത്മദ്രോഹം!

ഇതിന് എന്താണു ചികിത്സ? സാവിത്രികമായ അക്ഷരാഭ്യാസം മതിയോ? ഉപജീവനത്തിനുള്ള സാങ്കേതികബോധം മതിയോ? തമ്മിൽതമ്മിൽ തലകൊയ്യുന്ന പടിഞ്ഞാറൻ പടയണിക്കാൎക്ക് ഇതുരണ്ടും വേണ്ടുവോളം ഉണ്ടല്ലൊ. അതുകൊണ്ടായില്ല. ജനസമുദായങ്ങളുടെ മാനസികവും ആദ്ധ്യാത്മികവുമായ ശിക്ഷണത്തിൽ വിദ്യാധുരന്ധരന്മാർ ബദ്ധദീക്ഷരാകണം. ലോഭവും മദവും മത്സരവും വളൎന്ന് ഇന്നത്തെ ഉന്മാദമൂൎച്ഛയിൽ കലാശിക്കാതിരിക്കണമെങ്കിൽ ശൈശവംമുതൽ സുനിരൂപിതവും സംഘടിതവുമായ ശിക്ഷണം—മാനസികവും ആദ്ധ്യാത്മികവുമായ ശിക്ഷണം മനുഷ്യന് ആവശ്യമാണ്. സാഹിത്യവും കലയും തത്ത്വചിന്തയും വ്യൎത്ഥങ്ങളായ ആഡംബരങ്ങളെന്ന് ഉദ്ഘോഷിക്കുന്ന നൂതനവിദ്യാവിചക്ഷണന്റെ തമോവൃതമായ മനീഷയിൽ ഈ വിവേകം ഉദിക്കുമോ?

അങ്ങയുടെ കാവ്യത്തിന്റെ പ്രഥമാസ്വാദകനും പ്രകാശകനുമായ എന്നെ, ഇവർ കവി എന്നു വിളിക്കുമ്പോൾ ഞാൻ ഞെട്ടിപ്പോകുന്നു!

* * *

ദൈവത്തെ കെട്ടിയിടുന്ന കുററിയത്രെ മതം.

* * *

മേലോട്ടൊഴുകുന്ന ഒരു പഴയുണ്ടെല്ലയൊ ചുററുപാടിലുമതൊ ആഴ്ന്ന്, ഒരുല്പത്തിസ്ഥാനവും।

* * *

*ജിനേശ്വരവിജയം

(മേജർ സർദാർ കെ. എം. പണിക്കർ)

സമസ്തദേവാസുരസംഘസേവിതൻ
ശ്രീവീരതീർത്ഥംകരനാം ജിനേശ്വരൻ
നടന്നു നിത്യം പുരിതോറുമുത്തമം
ധർമ്മം പഠിപ്പിച്ചു ജഗത്തിലൊക്കെയും

തൽപ്പാദതാരാൽ പലപട്ടണങ്ങളെ
തീർത്ഥീകരിച്ചന്നഥ തീർത്ഥകൃദ്വരൻ
ദശാർണ്ണദേശം മലർമാതിനുറ്റെഴും
വിഹാരരംഗം പരിചോടണഞ്ഞുതേ

ആനാട്ടുകാക്കും മഹനീയശീലനാം
ദാശാർണ്ണഭദ്രൻ ധനദോപമൻ നൃപൻ
ജിനേശനെത്തുന്ന വിശിഷ്ടവാർത്തകേ-
ട്ടനന്തമോദാംബുധിയിങ്കൽ മുങ്ങിനാൻ

സദ്ധർമ്മതാല്പര്യമനന്തഭക്തിയും
പ്രജാഗുണൗത്സുക്യവുമാർന്നിരിക്കിലും
ഏറുന്നൊരൈശ്വര്യമദത്തിനാലവ-
നുണ്ടായി ശീലത്തിനു ദോഷമേററവും

സമഗ്രവീരൻ വിമതക്ഷിതീശർതൻ
സമ്പത്തുസർവ്വം സഹസാ ഹരിച്ചവൻ
വസിച്ചു ദേവേന്ദ്രനൊടൊത്തമോടിയിൽ
രജോഗുണത്തിൻനരമൂർത്തിപോലവേ

നിറഞ്ഞ നാനാമണിസംഘദീപ്തികൊ-
ണ്ടിരുട്ടുകേറാത്തൊരു കോശപംക്തി-
(യാൽ

വിളങ്ങിയബ്ഭൂപതിതന്റെനൽപുരം
ധനാധിപൻതൻനഗരംകണക്കിനെ

സമ്പൻമദത്താലവനന്നുഭൂമിയിൽ
പ്രശസ്തമായുള്ളൊരു സാധനങ്ങളെ
നിജോപഭോഗത്തിനു സംഭരിച്ചഹോ
വസിച്ചുഭൂമീപതി നിത്യതൃപ്തനായ്

കല്പദ്രുമം നല്ലൊരു കാമധേനുവും
ദന്തീശ്വരൻമൂന്നിവകൊണ്ടുമാത്രമേ
പുരന്ദരൻതൻസ്ഥിതിയല്പമെങ്കിലും
കവിഞ്ഞതായി കരുതീ ദശാർണ്ണപൻ

ചരാചരങ്ങൾക്കൊരുപോലെനാഥനാം
ജിനേശനന്നാളെഴുന്നെള്ളിടുന്നതായ്
അറിഞ്ഞു ഭൂമീപതി തൻസദസ്സില-
ന്നതിപ്രഹർഷേണ പറഞ്ഞിതീവിധം

അഹോമഹാഭാഗ്യമെനിക്കുമെന്റെയീ-
പ്പുരത്തിനും പൗരജനോച്ചയത്തിനും
ജഗന്നിയന്താവഖിലേശ്വരൻ ജിനൻ
സുഖാലെഴുന്നെള്ളിടുമെന്നു കേൾപ്പുനാം

സുദീർഘയാത്രാഫലമായ് ലഭിക്കുമി-
ത്തദീയപാദാംബുജസേവയിന്നഹോ
മദീയപുണ്യപ്രഭവത്തിനാലെവ-
ന്നണഞ്ഞുവല്ലോ പടിവാതിലോളവും

എൻപൂർവ്വപുണ്യച്ചെടികായ്ച്ചിതെന്റെന
ന്മനോരഥം സർവ്വമഹോ ഫലിച്ചുപോയ്
ഈപ്പത്തനം ശ്രീജിനപാദധൂളിയാൽ
ലോകത്രയത്തിന്നു പവിത്രമാകവേ

ത്രിലോകപൂജ്യൻ ഭഗവാൻസ്വശിഷ്യരൊ-
ത്തിരുന്നു ദേവാസുരമാനുഷർക്കഹോ
ധർമ്മോപദേശങ്ങൾനടത്തിടുന്നിടം
വരയ്ക്കുപോവാനഭിലാഷമുണ്ടുമേ

മാർഗ്ഗങ്ങളെല്ലാം ശുചിയാക്കിവേണ്ടപോൽ
വിരിക്കണംവെൺമണൽകൊണ്ടു നീളവേ
വലുപ്പമേറും കുലവാഴകൊണ്ടുതാൻ
പാർശ്വങ്ങൾരണ്ടുംസമലങ്കരിക്കണം

സ്ഥാനങ്ങളിൽ കാഞ്ചനതോരണങ്ങളും
സംപൂർണ്ണകുംഭങ്ങളിടക്കിടയ്ക്കുമായ്
വിചിത്രചീനാംശുകപാളിവീശിടും
ധ്വജങ്ങൾനാട്ടീടണമൊട്ടിടങ്ങളിൽ

സുഗന്ധമേറുന്നൊരു പുഷ്പമാലകൾ
വാതായനംതോറുമലങ്കരിക്കണം
വിതാനവൈവിധ്യമിയന്നുപൗരർതൻ
ഗൃഹങ്ങൾശോഭിച്ചുതെളിഞ്ഞിരിക്കണം

നിക്ഷിപ്തകർപ്പൂരദശാംഗധൂപമാം
സുവർണ്ണകുംഭങ്ങൾവഴിക്കുവെയ്ക്കണം
പദേപദേതാലമെടുത്തകന്യകാ-
ജനംനടന്നമ്പൊടു സൽക്കരിക്കണം.

ജിനേശപാദംതൊഴുവാൻ സുരാജസ
പ്രഭാവനായ് ഞാനെഴുന്നെള്ളിടുമ്പൊഴേ
അനേകഭൂമീന്ദ്രരകമ്പടിയ്ക്കുനി-
ന്നുറച്ചുപാടീടണമെന്റെകീർത്തിയെ.

ദിവ്യാംഗരാഗങ്ങൾ ധരിച്ചു നിർഭരം
സർവ്വാംഗഭൂഷാഞ്ചിതരായ് പുരന്ധ്രികൾ
ജിനേശപാദം തൊഴുവാൻ ഗമിക്കുമെൻ
യാത്രക്കഹോമോടികൾ കൂട്ടിനിൽക്കണം.

സമ്പന്മദത്താലിതുപോലെയൊക്കയും
കല്പിച്ചു മന്ത്രീന്ദ്രരൊടന്നു ഭൂപതി
ദശാർണ്ണഭദ്രൻ സ്ഥിതിയൊത്തപോലെതൻ
പ്രസാധനത്തിന്നു തുടങ്ങിതൽക്ഷണം.

കുളിച്ചുരത്നാഭരണങ്ങൾമേനിയിൽ
ധരിച്ചുനീരാളമണിഞ്ഞുഭൂപതി
പൊൻകോപ്പുചേർന്നുള്ള ഗജോപരിസ്ഥനാ
സഘോഷമന്നാളെഴുന്നള്ളി ഗർവ്വിതൻ (യ്

സാമന്തരാജേശ്വരർ വീശിടുന്നൊരാ
വെഞ്ചാമരത്താൽ പരിസേവ്യനായവൻ
തുടർന്നുതൻയാത്ര ജഗജ്ജയത്തിനായ്
പുറപ്പെടുംഭൂപതിയെന്നപോലവേ.

അന്തഃപുരസ്ത്രീസമമുജ്ജ്വലാംഗികൾ
വിശേഷവസ്ത്രാഭരണങ്ങൾപൂണ്ടവർ
ഒരായിരംപേരവർ പിൻതുടർന്നു ഭൂ-
മണാളനെ കാഞ്ചനവാഹനങ്ങളിൽ.

വിളക്കുവെച്ചുജ്ജ്വലകാന്തിചേർന്നൊരാ
മാർഗ്ഗങ്ങളിൽക്കൂടൊരു ഘോഷയാത്രയായ്
ഐശ്വര്യമത്താന്ന ദശാർണ്ണഭൂമിപൻ
സുമന്ദമെത്തീ വിഭുവാണിടുന്നിടം.

വാദിത്രഘോഷങ്ങൾ മുഴക്കി,വന്ദികൾ
പ്രതാപഗാനങ്ങൾ മുറയ്ക്കുപാടവേ
കുനിഞ്ഞ ദന്താവളമസ്തകത്തിൽനി-
ന്നിറങ്ങിരാജോചിത ഡംബരാംബരൻ.

(തുടരും)

* അടുത്തു പ്രസിദ്ധം ചെയ്യുന്നിരിക്കുന്ന മഹാകാവ്യത്തിൽനിന്ന്

ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്ന സാഹിത്യകാരനെത്തേടി

(കൈനിക്കര കുമാരപിള്ള)

അവർ എന്നോടു ചോദിക്കുന്നു, "നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്ന സാഹിത്യകാരൻ ആരാണു്?"

അവർ എന്നോടു ചോദിക്കുന്നു, "നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നതു് ഏതിനെയാണു്. പനിനീർമലരിനേയോ വെൺതാമരയേയോ? അധീരവും അവലംബശൂന്യവുമായ ഒരു മുൾച്ചെടി അടക്കാൻവയ്യാത്ത ആഗ്രഹത്തിൽ ഏതോ അദൃശ്യനും ഗംഭീരനുമായ കമിതാവിന്റെനേർക്കു എറിഞ്ഞുകൊടുത്ത ആ ഹിമജലത്തിൽ നനഞ്ഞ, സൗരഭ്യം നിശ്വസിക്കുന്ന, രാഗനിർഭരമായ, തുടിക്കുന്ന ചുംബനത്തെയോ, അതോ മററതിനേയോ—ദുർബലവും നശ്വരവും വിനീതവും പങ്കജന്യവുമായ ഒരു സസ്യനാളത്തിന്റെ ഹൃദയത്തിൽനിന്നു പരിലോലമായ പൂജാധൂമംപോലെ ഉയരുന്ന ശാന്തവും നിശ്ശബ്ദവും സർവ്വസമർപ്പണാത്മകവുമായ പ്രാർത്ഥന—കളങ്കലേശമേലാത്ത പരിശുദ്ധിയുടെ പ്രാർത്ഥന! ഇവയിൽ ഒന്നിനെ കൂടുതൽ ഇഷ്ടപ്പെടാൻ എനിക്കു കഴിവില്ല. പനിനീർപൂവിന്റെ രാഗവായ്പിനോടും വെൺതാമരയുടെ ശാന്തിയോടും തുല്യമായി അനുരഞ്ജിച്ചുകൊണ്ടു് എന്റെ ഹൃദയം സ്പന്ദിക്കുന്നു.

ഈ ലോകം നല്ലവസ്തുക്കൾകൊണ്ടും സുന്ദരവസ്തുക്കൾകൊണ്ടും നിറഞ്ഞിരിക്കുന്നു. ഓരോന്നിനും പ്രത്യേകമായ, മറെറാന്നിനുമില്ലാത്ത ഏതോ ഒരു നന്മയും ഏതോ ഒരു സൗന്ദര്യവുമുണ്ടു്. പിന്നെ ഞാൻ എങ്ങനെ ഒന്നിനെ മറെറാന്നിനെക്കാൾ കൂടുതൽ ഇഷ്ടപ്പെടും?

എങ്കിലും അവർ ചോദിക്കുന്നു, "നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്ന സാഹിത്യകാരൻ ആരാണു്?" കൂടുതൽ ഇഷ്ടപ്പെടുന്ന ഒരു സാഹിത്യകാരനല്ല എനിക്കുള്ളതു്, അനേകമാണു്, അല്ല അനേകമനേകമാണു്; സത്യത്തിൽ സാഹിത്യകാരനെന്നപേരിനു് അർഹതയുള്ളവർ എത്രയുണ്ടോ അത്രയുമാണു്. പല ഭൂവിഭാഗങ്ങളിലുള്ളവരാണവർ. പലകാലങ്ങളിലുള്ളവർ, പല വർഗ്ഗങ്ങളിലും പല രാഷ്ട്രങ്ങളിലുമുള്ളവർ. അവരിൽ ഓരോരുത്തന്റെയുംകൂടെ ഞാൻ കഴിച്ചിട്ടുള്ള സുമദലപാദങ്ങളായ നിമിഷങ്ങളും തടിൽപക്ഷങ്ങളായ ദിനങ്ങളും അനവധിയാണു്. ഞാൻ എങ്ങനെ അവരിൽ ഒരാളെ മറെറാരാളെക്കാൾ കൂടുതൽ ഇഷ്ടപ്പെടും? ഒരാളെ കൂടുതൽ ഇഷ്ടപ്പെടുന്നതു മററുള്ളവരോടു ചെയ്യുന്ന ഒരു അനീതിക്കു സമമാണു്. ദയവില്ലായ്മ, നന്ദിയില്ലായ്മ, ഒരുതരത്തിൽ ഒരു മഹാപാപംതന്നെയാണതു്.

അതു് ദുഷ്കരമാണു്. ഒരു ധർമ്മസങ്കടമാണു്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നു വന്നെത്തിയിട്ടുള്ള പരശ്ശതം പരമസുന്ദരന്മാരും സിംഹപരാക്രമികളുമായ മഹാരാജാക്കന്മാരെക്കൊണ്ടു നിറഞ്ഞ വിശാലമായ സ്വയംവരമണ്ഡപത്തിൽപ്രവേശിക്കുന്ന അധീരയായ കന്യകയ്ക്കു്, കൂടുതൽ ഇഷ്ടപ്പെടുന്ന സാഹിത്യകാരനെത്തേടി വിശങ്കടമായ സാഹിത്യക്ഷേത്രത്തിൽ പ്ര

വേശിക്കുന്ന എന്നെക്കാൾ എത്രയോ കൂടുതൽ അഭിപ്രായദാർഢ്യവും ആത്മനിയന്ത്രണവുംകാണും. അവൾ അവിടെ പ്രവേശിക്കുന്നതുതന്നെ പ്രായേണ ഒരു പൂർവ്വനിശ്ചയത്തോടുകൂടിയാണു്. സേവനസന്നദ്ധനായ വല്ല ഹംസവും അനുരാഗപരവശനായ വല്ല നളന്റെയും പൗരുഷസൗന്ദര്യത്തിനു് അവളുടെ ഹൃദയത്തെ അടിമയാക്കിക്കഴിഞ്ഞിരിക്കും. കാമാതുരന്മാരും വേണ്ടാതനംകാണിക്കാൻ വിരുതന്മാരുമായ വല്ല ദേവന്മാരും ഒരു നളൻമാത്രമുണ്ടായിരിക്കേണ്ടിടത്തു് അഞ്ചു നളന്മാരെ പ്രദർശിപ്പിക്കണമെന്നു നിശ്ചയിച്ചില്ലെങ്കിൽ അവളുടെ അവസ്ഥ സുരക്ഷിതവും ഹൃദയം സ്വസ്ഥവുമാണു്. ഇനി അഥവാ ആ ഭാഗ്യനിർണ്ണായകമായ മണ്ഡപത്തിൽ ഹൃദയാർപ്പണമൊന്നും നേരത്തേ ചെയ്യാതെ, പൂർവ്വനിശ്ചയമൊന്നും കൂടാതെയാണു് അവൾ പ്രവേശിക്കുന്നതെന്നു വിചാരിച്ചാൽ തന്നെയും എന്നേഅപേക്ഷിച്ചു് അവൾ അനുഗൃഹീതയാണു്. അവരെല്ലാം അവൾക്കു് അപരിചിതരാണു്. അവൾക്കു മൈത്രീബന്ധങ്ങളും കടപ്പാടുകളുംഇല്ല. അവൾ ഒരാളെ വരിക്കുമ്പോൾ മററുള്ളവരെ അവമാനിക്കുകയാണെന്നുള്ളതു വാസ്തവംതന്നെ. പക്ഷെ അതു് അനിവാര്യമാണു്. ആ കാരണംകൊണ്ടു് അവളോടു വിദ്വേഷംവച്ചു പോററാൻ വല്ലവരും ഭാവമുണ്ടെങ്കിൽ അവർ പമ്പരവിഡ്ഢികളായിരിക്കണം. ഒരു സ്ത്രീ അവൾ ഇഷ്ടപ്പെടുന്ന ഒരു പുരുഷനെ വിവാഹംചെയ്യുന്ന ഏതു സന്ദർഭത്തിലും മററു പുരുഷന്മാരെയെല്ലാം—മററു് അവിവാഹിതരായ പുരുഷന്മാരെയെല്ലാമെങ്കിലും—അവമാനിക്കുകയാണു്. പക്ഷേ ഞാനോ നിങ്ങളോ അതുകൊണ്ടു് അവളെ അങ്ങുചെന്നു സംഹരിച്ചുകളയാമെന്നു വിചാരിക്കുകയില്ല, വിചാരിക്കുമോ? പ്രത്യുത അവളുടെ ബുദ്ധിശൂന്യതയിലും വിവേചനാരാഹിത്യത്തിലും നാം അനുശോചിക്കും. അവളുടെ മാതൃകാപരമായ മഠത്തരത്തിന്റെ അനിഷ്ടഫലങ്ങൾ അനുഭവിച്ചുകൊള്ളുന്നതിനു് അവളെ അനുവദിച്ചിട്ടു് നമ്മുടെ അനിഷേധ്യമായ സൗന്ദര്യവും പ്രാഗത്ഭ്യവും മനസ്സിലാക്കാനുള്ള ബുദ്ധി മററുവല്ലവർക്കുമുണ്ടോ എന്നന്വേഷിക്കും

ഞാൻ പറയുന്നതിന്റെ സാരം ഇതാണു്:

അവളുടെനില താരതമ്യേന നിരപായമാണു്. എന്റെനില അങ്ങനെയല്ല. സാഹിത്യകാരന്മാർ എനിക്കു അപരിചിതരല്ല. എന്റെ ഹൃദയത്തിന്റെ ഏകാന്തമായ മണിയറയിൽ അവരിൽ ഓരോരുത്തനേയും മന്ദഹാസങ്ങളും അശ്രുക്കളും അർപ്പിച്ചു ഞാൻ സ്വീകരിച്ചിട്ടുണ്ടു്, ഓരോരുത്തനോടും ഒടുങ്ങാത്ത മമതാബന്ധം പ്രതിജ്ഞചെയ്തിട്ടുണ്ടു്; ആ അഭംഗുരമായ രഹസ്യതയിൽ തുടർച്ചയായി അനേകംമണിക്കൂർനേരത്തേക്കും അനേകം ദിവസത്തേക്കും നർമ്മസല്ലാപം ചെയ്തിട്ടുണ്ടു്. ഇതൊക്കെക്കഴിഞ്ഞിട്ടു് ഇപ്പോൾ ഞാൻ എന്റെ പ്രത്യേകപ്രീതിയുടെ പുഷ്പമാല്യം അവരിൽ ആരെങ്കിലും ഒരാളിന്റെ കണ്ഠത്തിൽ അർപ്പിച്ചാൽ ബാക്കിയുള്ളവർ ഒന്നാകെ എഴുന്നേററു നിത്യനാശത്തിന്റെ അനന്തയാതനകളിലേക്കു് എന്നെ ശപിച്ചുതള്ളും. അവരുടെ പ്രവൃത്തി ന്യായ്യവുമായിരിക്കും.

എന്നിട്ടും അവർ എന്നോടു ചോദിക്കുന്നു, "ആരേയാണു് നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നതു്?" അവർ പറയുന്നു, "നിങ്ങൾക്കറിയാമല്ലോ, അങ്ങനെ ആരെങ്കിലും ഒരാൾ ഉണ്ടായിരിക്കും—നിങ്ങളുടെ ഹൃദയത്തെ മററുള്ളവരെക്കാൾ കൂടുതൽ തുടിപ്പിച്ചിട്ടുള്ള, നിങ്ങളുടെ ജീവിതത്തെ കൂടുതൽ ഗാഢമായി പ്രേരിപ്പിച്ചിട്ടുള്ള ഒരാൾ താപത്തിലും തോഷത്തിലും മററുള്ളവരെക്കാൾ കൂടുതൽ സ്ഥിരമായി നിങ്ങളുടെകൂടെ നിന്നിട്ടുള്ള ഒരാൾ, നിങ്ങളുടെ ഹൃദയം

മററുള്ളവർക്ക സമർപ്പിച്ചതിൽ കൂടുതൽ പൂർണ്ണമായി, കൂടുതൽ ആത്മവിസ്മൃതിയോടു കൂടി നിങ്ങൾ ഒരാൾക്ക സമർപ്പിച്ചിട്ടുണ്ടാവണം. ആരാണതു്? വാസ്തവം പറയൂ, ആരാണു്? അങ്ങനെയൊരാൾ ഇല്ലെന്നു് ഞങ്ങളോടു പറയരുതു്. ഇല്ലാതിരിക്കാൻ തരമില്ല. പോകുക, അയാളെ അന്വേഷിച്ചു കണ്ടുപിടിക്കുക. എന്നിട്ടു ഞങ്ങളെ കൂടി അറിയിക്കുക."

അവർക്ക വലിയ നിർബന്ധമാണു്. അവർ എന്നെ വെറുതെ വിടുകയില്ല. അതുകൊണ്ടു് എന്നോടുതന്നെ ഈ ചോദ്യം ചോദിക്കാൻ ഞാൻ കേവലം നിർബദ്ധനായിരിക്കുന്നു—എന്റെ കൂടുതൽ ഇഷ്ടത്തിനു പാത്രമായ ഒരു സാഹിത്യകാരനുണ്ടോ? അങ്ങനെ ഒരാളെ കണ്ടുപിടിക്കാനെങ്കിലും എനിക്ക കഴിയുമോ?

അങ്ങനെ ഞാൻ തിരിക്കുന്നു, ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്ന സാഹിത്യകാരനെത്തേടി.

പക്ഷേ ആരും തെററിദ്ധരിക്കരുതു്. ഇതു് കേവലം ബൗദ്ധമായ ഒരന്വേഷണമാണു്. എന്റെ ഹൃദയം അതിലില്ല, അതിന്റെവിരോധിയാണു്. കൂടുതൽ ഇഷ്ടമുള്ള അസംഖ്യം സാഹിത്യകാരന്മാരെവച്ചുകൊണ്ടിരിക്കുന്നതാണു് എനിക്കു് ഇഷ്ടം. അങ്ങനെചെയ്യാനാണു് ഞാൻ നിശ്ചയിച്ചിട്ടുള്ളതും. ഒരാളെ മറെറാരാളിനുപരിയായി പ്രതിഷ്ഠിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. അവരിൽ ഒരാളെപ്പോലും പിണക്കുന്നതു് എനിക്ക ദുസ്സഹമാണു്. അതു് ഹൃദയത്തെ സംബന്ധിക്കുന്നകാര്യം—സ്നേഹം. ഈ അന്വേഷണം ബുദ്ധിയെ സംബന്ധിക്കുന്ന കാര്യമാണു്. ബുദ്ധി സ്നേഹത്തെ അപഗ്രഥിച്ചേക്കാം, വിമർശിച്ചേക്കാം, അതിന്റെമേൽ വിധിപ്രസ്താവിച്ചേക്കാം. പലപ്പോഴും അങ്ങനെചെയ്യാറുണ്ടു്. പക്ഷേ ബുദ്ധിയുടെ നിർവ്വികാരമായ പരിശോധനയോ നിശിതമായ വിചാരണയോ സ്നേഹത്തെ സ്പർശിക്കുകയില്ല.

ഞാൻ ഷേക്സ്പീയറെക്കാൾ കൂടുതൽ ഷായേയാണിഷ്ടപ്പെടുന്നതെന്നു് എന്റെ ബുദ്ധിതീരുമാനിച്ചാൽ, എന്നേ ഒരു മഹാബുദ്ധിമാൻ എന്നു ഗണിക്കാൻ ഷാ സന്നദ്ധനായേക്കും, ഒരു മരത്തലയൻ എന്നു ഗണിക്കാൻ ലോകം കൂടുതൽ സന്നദ്ധമായേക്കും. പക്ഷേ അതൊന്നും എന്റെ ഹൃദയത്തെ സ്പർശിക്കുകയില്ല. രണ്ടുപേരേയും തുല്യമായി സ്നേഹിക്കുന്നു എന്നു്, വിരോധജനകങ്ങളായ വിവേചനങ്ങളിൽ വ്യാപരിക്കാൻ അതു വിസമ്മതിക്കുന്നു എന്നു് എന്റെ ഹൃദയം ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്യും.

ഈ വസ്തുത വ്യക്തമാക്കിയിട്ടേ ഞാൻ എന്റെ അന്വേഷണം ആരംഭിക്കുന്നുള്ളു.

അന്വേഷണം ആരംഭിക്കുന്നതിനുമുമ്പു് 'കൂടുതൽ ഇഷ്ടപ്പെടുന്ന സാഹിത്യകാരൻ' എന്നതിന്റെ അർത്ഥമെന്താണെന്നുകൂടി നിശ്ചയം വരുത്തേണ്ടിയിരിക്കുന്നു.

എന്നെ ഏററവും കൂടുതൽ സന്തോഷിപ്പിക്കുന്ന, ഏററവും കൂടുതൽ വിനോദിപ്പിക്കുന്ന, അങ്ങനെ എന്റെ പ്രീതിക്കു് ഏററവും കൂടുതൽ പാത്രമായിട്ടുള്ള സാഹിത്യകാരൻ—യുവചൈതന്യം തുളുമ്പുന്ന ആഹ്ലാദവും നിർഗ്ഗളം പൊട്ടിപ്പുറപ്പെടുന്ന പ്രഹാസവുംകൊണ്ടു് അഥവാ അപായബഹുലങ്ങളായ സംഭവങ്ങളുടെ സങ്കല്പാനുഭൂതങ്ങളായ പ്രകമ്പനങ്ങളും വിക്ഷോഭങ്ങളുംകൊണ്ടു്, എന്റെ വിഷാദത്തെയും വൈവശ്യത്തെയും ദൂരീകരിക്കുന്ന സാഹിത്യകാരൻ, എന്നാണോ അതുകൊണ്ടു് അർത്ഥമാക്കേണ്ടതു്? നേരമ്പോക്കുകൾകൊ

ണ്ടു് എന്നെ വിനോദിപ്പിക്കുന്ന ഒരു വിദൂഷകനോ, സാഹസികപ്രകടനങ്ങൾകൊണ്ടു് എന്നെ രസിപ്പിക്കുന്ന ഒരു 'സർക്കസ്' മാനേജരോ മാത്രമാണോ അയാൾ?

അതാണർത്ഥമെങ്കിൽ എനിക്കു് ആശ്വാസമായി. എന്റെ അന്വേഷണത്തിന്റെ മണ്ഡലം പറയത്തക്കവണ്ണം ചെറുതായിട്ടില്ലെങ്കിലും സാമാന്യം പരിമിതമാകുന്നു.

ഒരു ഫലിതത്തെയോ, ഒരു സ്തോഭത്തെയോ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതെന്നു നിശ്ചയിക്കാൻ എനിക്കു വളരെ വിഷമമില്ല. തീർച്ചയായും ഞാൻ രണ്ടും ഇഷ്ടപ്പെടുന്നു. എന്നാൽ നിഷ്ഠുരമായവല്ല 'റേഷൻ' നിയമത്തിന്റെയും പ്രവർത്തനംമൂലം ഫലിതമോ സ്തോഭമോ രണ്ടിലൊന്നേ പാടുള്ളൂ, രണ്ടുംകൂടെ പാടില്ല, എന്നുവന്നാൽ എനിക്കു ഫലിതം മതിയെന്നു പറയാൻ ഞാൻ തെല്ലുംമടിക്കുകയില്ല. എന്റെ രോമങ്ങളെയെല്ലാം കമ്പികൾ വിറങ്ങലിപ്പിക്കുന്ന, എന്റെ രക്തനാളങ്ങളിലെ ചോര മുഴുവൻ ഉറയ്ക്കുന്ന, എന്റെ പാവപ്പെട്ട ഹൃദയത്തെ ഇട്ടു് അമ്മാനയാടുന്ന ഒരു ഭയങ്കരസ്തോഭത്തെക്കാൾ എനിക്കു് എത്രയോകൂടുതൽഗുണംചെയ്യുന്നതു് നെഞ്ചുതകർന്നു, വാരിയെല്ലുപൊളിയുന്ന മേഘനാദസന്നിഭമായ ഒരു പ്രഹാസമാണു്. അതുകൊണ്ടു് ഡോയിൽ, ക്വോയ്, വാലസ്, ഫോപ്പിൽഹീം സാപ്പർ, ഹോർലർ മുതലായ ക്ഷോഭക സാഹിത്യകാരന്മാരെയെല്ലാം ഞാൻ യാത്രയാക്കുന്നു. വിശ്വസിക്കണം, ദുഃഖനിമഗ്നവും ബാഷ്പസിക്തവുമായ ഒരു യാത്രാനുമതിയാണതു്. (തുടരും)

---

* ലേഖനകർത്താവു് തിരുവനന്തപുരം റേഡിയോയിൽ പ്രക്ഷേപണംചെയ്ത "In search of my favourable author' എന്ന ഇംഗ്ലീഷ്പ്രഭാഷണത്തിന്റെ വിവർത്തനം.

വിഷയത്തിന്റെ അന്തരാളത്തിൽ ബുദ്ധി അലിഞ്ഞു ലയിച്ചു്, ആത്മാവിന്റെ വെളിച്ചത്തിൽ വിളങ്ങുന്ന ഹൃദയം മാത്രം അവശേഷിക്കുമ്പോൾ ആ ഹൃദയത്തിൽനിന്നുതിരുന്ന സ്ഫുരണങ്ങളിൽ സുന്ദരാംശങ്ങളെ മാത്രം സമാഹരിച്ചു് ഭാഷാരൂപത്തിൽ കോർത്തിണക്കുന്നതാണു് കവിത.

* * *

എന്റെ സംഗീതചഷകത്തിൽ വീണ്ടും വീണ്ടും മൗനമധു നിറയ്ക്കുന്ന ദേവി, നിന്നെ മാംസചക്ഷുസ്സുകളുടെ നീർപ്പോളവട്ടത്തിലൂടെ ഒന്നു കാണ്മാൻ കഴിഞ്ഞെങ്കിൽ!

* റഷ്യയുടെ ദൃഷ്ടിയിൽ

(പി. കെ. നാരായണപിള്ള. എം. എ.)

ഉൽകൃഷ്ടങ്ങളായ ചിന്തകളെയും മഹനീയമായ ഒരു രാജ്യത്തേയും അനുസ്മരിപ്പിക്കുന്ന നാമധേയങ്ങളുണ്ടു്! അവയിൽ ഒന്നാണു് രവീന്ദ്രനാഥടാഗോറിന്റെ നാമധേയം. ഹിമാലയശൃംഗംമുതൽ ഇന്ത്യാസമുദ്രംവരെയുള്ളവിസ്തൃതമായരാജ്യം; നിസ്സീമങ്ങളായ കേദാരങ്ങൾ, അനന്തങ്ങളായ രാജപാതകൾ, പുരാതനങ്ങളായ പട്ടണങ്ങൾ, എന്നിവയോടുകൂടിയ രാജ്യം; പ്രകൃതിയും സർവ്വോപരി മനുഷ്യനും അവരുടെ മഹിമാതിശയത്തിൽ പ്രത്യക്ഷപ്പെടുന്ന രാജ്യം—മനുഷ്യൻ അവന്റെ അനുദിനപ്രയത്നങ്ങളിലും ലൗകികക്ലേശങ്ങളിലും നിമഗ്നനായിരിക്കുന്ന; ജ്ഞാനത്തെയും പൂർണ്ണതയേയും തേടുന്ന—രാജ്യം; അതാണു് നാം ആ നാമധേയത്തിന്റെ പിമ്പിൽ ദർശിക്കുന്നതു്.

റഷ്യയിലെ ഹിമസംഹതിയുടെ മധ്യത്തിൽ, ഞങ്ങളുടെ രാജ്യമെന്നു ഞങ്ങൾവിളിക്കുന്ന ഈ നവീനലോകത്തിന്റെ ഉദയഭൂമിയായ ഉജ്ജൃംഭണങ്ങളുടെ മേഘഗർജ്ജിതത്തിൽക്കൂടി, പൂർണ്ണതയ്ക്കുവേണ്ടിയുള്ള അന്വേഷണത്തിൽ ഞങ്ങളെ അനുഗമിച്ചു സാർവ്വലൗകികമായ മാനവശബ്ദങ്ങൾക്കു് ഉപരിയായി, ഒരു മനോഹരലോകത്തിൽ മഹാജ്ഞാനിയായ ആ ജീവിതഗായകന്റെ—രവീന്ദ്രനാഥടാഗോറിന്റെ— ഹൃദയാവഗാഹിയായ സ്വരത്തിലുള്ള ഗാനങ്ങളും കഥകളും ഞങ്ങൾ ശ്രവിച്ചു.

കവി, ആഖ്യായികാകാരൻ, നാടകകർത്താവു് എന്നീ നിലകളിൽ അദ്ദേഹം റഷ്യയിലെ അനുവാചകന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അജ്ഞാതരഹസ്യമായ ഭാരതീയാത്മാവിന്റെ അവിദിതപ്രപഞ്ചം അവനു് പ്രത്യക്ഷമാക്കിക്കൊടുത്തു. അതിപ്രാചീനമായ സംസ്കാരത്തോടും അനുഗൃഹീതരായ ജനങ്ങളോടും കൂടിയ ഈ രാജ്യത്തിന്റെ മഹിമയെപ്പറ്റി ഞങ്ങൾ പലതും അറിഞ്ഞിരുന്നു. എന്നാൽ അതിന്റെ മഹാശക്തവും അതിമൃദുലവുമായ ആത്മാവിനെപ്പറ്റി ഞങ്ങൾ അറിഞ്ഞതു് ആ രാജ്യത്തിന്റെ ഉത്തമസന്താനമായ ആ കവിശ്രേഷ്ഠൻ എഴുതിയ ഗ്രന്ഥങ്ങളിൽ നിന്നാണു്.

ഗീതാഞ്ജലിയിലെ ഗാനമധുരമായ പാദങ്ങളുടെ വികസ്വരതയെ ആ രാജ്യത്തേക്കുള്ള മണിഗോപുരമായി ഞാൻ ഭാവന ചെയ്യുന്നു- പിന്നീടു് ഞങ്ങൾ അദ്ദേഹത്തിന്റെ ഉദ്യാനപാലകൻ, പ്രഭാതഗാനങ്ങൾ കാവ്യാത്മകങ്ങളായ നാടകങ്ങൾ എന്നിവയുമായി പരിചയപ്പെട്ടു.

അദ്ദേഹത്തിന്റെ 'ഗോറ' 'വീട്ടിലും പുറത്തും' എന്നീ നോവലുകൾ ഞങ്ങൾ വായിച്ചു; അവ റഷ്യയിലെ വായനക്കാർക്കു സുപരിചിതങ്ങളായിത്തീർന്നു. അദ്ദേഹത്തിന്റെ 'ജീവിതസ്മരണകളു'ടെ അനവധി പതിപ്പുകൾ ഇവിടെ പ്രസാധനം ചെയ്തിട്ടുണ്ടു്.

മാനുഷവികാരങ്ങൾക്കു് അദ്ദേഹം അപരിചിതനായിത്തീരുന്നില്ല; ഉൽകൃഷ്ടമായ സ്നേഹത്തിൽ നിന്നും വിദൂരസ്ഥനമായിരു

ന്നില്ല; തത്വചിന്തകൻ കവിയെ അധഃകരിച്ചില്ല; ഉപദേഷ്ടാവു കലാകാരനേയും അധഃകരിച്ചില്ല. ഇന്ത്യയെ പ്രകാശോന്മിഷിതമാക്കുന്നതിനും അതിന്റെ സാംസ്കാരികസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും അദ്ദേഹം എത്രമാത്രം പ്രവർത്തിച്ചിട്ടുണ്ടെന്നു് ഞങ്ങൾ അറിയുന്നു.

അദ്ദേഹത്തിന്റെ ശാന്തിനികേതനത്തിലുള്ള ഒരു വിദ്യാലയം ഭാവിയെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന ചിന്തയുടെ സ്മാരകമായി പരിലസിക്കുന്നു.

മറെറാരു കാരണത്താൽ ടാഗോർ ഞങ്ങളോട്ടു് ഏററവും അടുത്തിരിക്കുന്നു. പൂർണ്ണതയ്ക്കുവേണ്ടിയുള്ള അന്വേഷണം തന്റെ രാജ്യസീമയിൽ മാത്രം ഒതുക്കാതെ അദ്ദേഹം മാനുഷമായ സകലതിനേയുംപററി പഠിക്കുകയും അനവരതം ഗാഢമായി ചിന്തിക്കുകയും ചെയ്തു.

ശാന്തമായജീവിതം, സൃഷ്ടിപരമായ പ്രവർത്തനം, ലോകത്തിലുള്ള ജനതകൾ തമ്മിൽ പൂർണ്ണമായുള്ള സൗഹാർദ്ദത്തിന്റെ ആവശ്യകത-- ഇതെല്ലാം സോവിയററു് സംഘടനപോലെ പ്രശസ്തമായ ആ ജനവിഭാഗകുടുംബത്തിലേക്കു് അദ്ദേഹത്തിന്റെ ശ്രദ്ധയെ സമാകർഷിച്ചു.

ഏകാധിപത്യത്തിന്റെ ഇരുണ്ട ശക്തികളോടുള്ള ജീവിതാപഹമായ യുദ്ധം അതിന്റെ അവസാനത്തെ സമീപിക്കുന്ന ഈ ഘട്ടത്തിൽ ക്രാന്തദർശിയായ ഈ കവിയെ ഞങ്ങളുടെ വിജയഭാസുരമായ സങ്കേതത്തിലേക്കു് സ്വാഗതംചെയ്യുവാൻ സാദ്ധ്യമല്ലല്ലോ എന്നു് ഖേദിക്കയല്ലാതെ മറെറന്താണുചെയ്യുക. ഭൂമുഖത്തുള്ള എല്ലാജനങ്ങളേയും അസമത്വം, വിശപ്പു്, മരണം എന്നീ നിത്യശൃംഖലകൾ കൊണ്ടു ബന്ധിക്കുവാൻ ഉദ്യമിച്ച ഹിററ്ലർപ്രമുഖരായ ചോരന്മാരുടെ സൈനികസംരംഭത്തിന്റെ വിനാശത്തെപ്പററി കേൾക്കുമ്പോൾ അദ്ദേഹം അത്യുച്ചമായ ആനന്ദം അനുഭവിക്കുമായിരുന്നു.

പുരോഗമനംചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യസമുദായത്തിൽപെട്ട ഒരു ജനസമൂഹത്തിലെ ചിന്താധുരന്ധരന്മാരുടെ വംശത്തിലാണു് ടാഗോർ ജനിച്ചതു്. അദ്ദേഹം ഇന്ത്യയ്ക്കു്, റഷ്യയ്ക്കു് ലിയോടോൾസ്റ്റോയി എന്നപോലെ ആയിരുന്നു. എന്നാൽ യുക്തിയുടേയും കലയുടെയും സദ്യയിൽ അദ്ദേഹം ഏതു രാജ്യത്തും പ്രമുഖനായ അതിഥിയായിരുന്നു.

ഇന്ത്യയിലെ മഹാജനതയുടെ സാധാരണ ചിന്താഗതിയെ അദ്ദേഹം വികസിപ്പിച്ചു. ശരിയായ ആദർശത്തിന്റെ വിജയം അപരിഹാര്യമാണെന്നുള്ള വസ്തുതയിലും ന്യായത്തിന്റെ വിജയത്തിലും അവർക്കു് ദൃഢവിശ്വാസമില്ലായിരുന്നു എങ്കിൽ, ഈ ഭൂമണ്ഡലത്തെ മുഴുവൻ ഭീഷണിപ്പെടുത്തുന്ന ഭീമമായവിപ്ലവത്തിൽ ലോകത്തുള്ള എല്ലാജനതകളും അഭിമുഖീകരിക്കുന്ന ദുസ്സഹമായ പരീക്ഷണങ്ങളെ തരണം ചെയ്യുവാൻ അവർക്കു് കഴികയില്ലായിരുന്നു.

സ്വാതന്ത്ര്യേച്ഛുക്കളായ ജനങ്ങളുടെഇടയ്ക്കു് സൗഹാർദ്ദം കൂടുതൽ ഗാഢവും വിപുലവുമാക്കേണ്ടതാണു്. അവർ അന്യോന്യം അറിയുന്നതും പരസ്പരം വിശ്വസിക്കുന്നതുമാണു് മാനവസൗഖ്യത്തിനു് മാർഗ്ഗം തെളിക്കുന്നതു്. ടാഗോർ ഒരു യോദ്ധാവല്ലായിരുന്നു; എന്നാൽ അദ്ദേഹത്തിന്റെ ലോകം സമരവ്യാപൃതമായ ഒരു സ്നേഹലോകമായിരുന്നു. എന്തുകൊണ്ടെന്നാൽ സ്നേഹം അന്ധകാരത്തെ പിളർക്കുന്ന ഒരു ഖഡ്ഗം കൂടിയാണു്. നാളത്തെ സുഖമാകുന്ന ആ സൂര്യൻ യാതനകളിൽ മുഴുകിയിരിക്കുന്ന ലോകത്തെ പ്രകാശിപ്പിക്കുകയും

ചിന്തകൊണ്ടു് തളൎന്നവരെങ്കിലും ഇപ്പോഴും ധീരാത്മാക്കളായ ജനങ്ങൾക്കു് അതിന്റെ സൗഭാഗ്യം സമ്മാനിക്കയും ചെയ്യേക്കാം.

ഞങ്ങൾക്കു് അനേകലക്ഷം സ്നേഹിതന്മാർ ഇന്ത്യയിലുണ്ടു്. എന്നാൽ അവരുടെ കൂട്ടത്തിൽ രാജ്യത്തിന്റെ അഗാധമായ സന്ദേശം, അഖിലലോകത്തിനേയും അഭിസംബോധനംചെയ്തുകൊണ്ടുള്ള സന്ദേശം, പ്രഥമമായി ഉച്ചരിച്ചതു് കവിയും, നാടകകൎത്താവും, ആഖ്യായികാകാരനും തത്വചിന്തകനും, ഗായകനും, പ്രഭാപൂരിതമായ ജീവിതത്തിന്റെ അധിപനും ആയിരുന്ന ടാഗോർ ആയിരുന്നു.

---

* സോവിയറ്റ് റൈട്ടേഴ്സ് യൂണിയന്റെ അദ്ധ്യക്ഷനായ നിക്കോലൈ റിഖോനോവിന്റെ ഒരു ലേഖനത്തിന്റെ പരിഭാഷ.

അങ്ങാകുന്ന ഈ അത്ഭുതപാരാവാരത്തിൽ, ഞാനൊരു നീർപ്പോളയാണല്ലോ, അങ്ങെന്നെയല്ലാതെ, ഞാനങ്ങയെ ഉൾക്കൊള്ളുന്നില്ല. എങ്കിലും, ഞാനുമങ്ങുമൊന്നാണു്. ഞാനങ്ങാണു്.

ഞാൻ ഞാനായിരിക്കുമ്പോൾ എനിക്കങ്ങുണ്ടു്. അങ്ങയെ എനിക്കൊതുക്കാനുള്ള ശ്രമത്തിൽ, ഞാനങ്ങായിത്തീരുന്നു; അപ്പോൾ ഞാനില്ല; എനിക്കങ്ങുമില്ല.

ഞാനില്ലാതിരുന്നപ്പോൾ, അങ്ങുണ്ടായിരുന്നു. ഞാനുണ്ടായിരിക്കുമ്പോൾ, അങ്ങില്ലാതിരിക്കുന്നില്ല. ഞാനില്ലാതാകുമ്പോൾ, അങ്ങില്ലാതാകുന്നില്ല.

ഞാനെന്നുമുണ്ടായിരിക്കണമെങ്കിൽ, അങ്ങു മരിക്കണം! അങ്ങെന്നുമുണ്ടായിരിക്കുന്നതിനാൽ, ഞാൻ മരിക്കുന്നു!

എപ്പോൾ, എവിടെ, എന്ന ചോദ്യത്തിനകത്തേ ഞാനുള്ളൂ. ആ ചോദ്യം, അങ്ങാകുന്ന മരുവിലെ മരീചികയാണല്ലോ!

ഇല്ലാത്ത വസ്തു, ഞാനാണു്, ഉള്ള വസ്തു, അങ്ങും. ഇല്ലാത്തതൊരിക്കലുമില്ല! ഉള്ളതെന്നുമുണ്ടു്!

ഒന്നേ ഉണ്ടാവാൻ പാടുള്ളൂ. ഒന്നിലധികം അതിലധികത്തെ ഉണ്ടാക്കുന്നു. എല്ലാം ക്ലിപ്തങ്ങളാകുന്നു. ക്ലിപ്തങ്ങൾ, ഉല്പത്തിവിനാശങ്ങൾക്കിടയിൽകിടന്നു ഞെരുങ്ങുന്നു!

അക്ലിപ്തമായതു്, അനശ്വരമാണു്. അതു്, അങ്ങാണു്. അങ്ങു്, ഏകമാണു്. മറെറാന്നും എങ്ങുമില്ല.

ഞാനുണ്ടെന്നു തോന്നുന്നതു്, അങ്ങുണ്ടെന്നുള്ളതിന്റെ തെളിവാണു്. നാഥാ, അതുമാത്രമാണെനിക്കാശ്വാസം

*　　*　　*　　*　　*

ച ണ്ഡാ ലി ക

രണ്ടങ്കങ്ങളിലുള്ള ഒരു നാടകം

പരിഭാഷകൻ, എസ്. ഗുപ്തൻനായർ.

[ആനന്ദഭിക്ഷുവിന്റെ കഥ അല്പമായ വ്യതിയാനങ്ങളോടുകൂടിയാണ് ആശാൻ നാടകം പരിചയപ്പെടുത്തിത്തന്നിട്ടുള്ളത്. മഹാകവി ടാഗോറിന്റെ ചണ്ഡാലിക എന്ന നാടകത്തിലെ കഥാഗാത്രം മൂലത്തിൽനിന്ന് അത്ര ഭിന്നമല്ല. പ്രതിപാദനരീതിയിൽ മാത്രമേ പുതുമയുള്ളൂ. ചണ്ഡാലികയെ ഒരു മനശ്ശാസ്ത്രനാടകമായി രൂപാന്തരപ്പെടുത്തുന്നതിന്, (ബാഹ്യങ്ങളായ സംഘട്ടനങ്ങളൊന്നുമില്ലാത്ത ഒരു നാടകമായി മാററുന്നതിന്) ആ പുതിയരീതി അദ്ദേഹം കൈക്കൊണ്ടതായിരിക്കണം. പ്രസിദ്ധ ചൈനീസ്ഗ്രന്ഥകാരനായ ലിൻയൂടാങ്ങിന്റെ 'A Leaf in Storm' എന്ന നോവലിൽ പ്രാസംഗികമായി ആനന്ദഭിക്ഷുവിന്റെ കഥ സംഗ്രഹിച്ചുകൊടുത്തിട്ടുള്ളതിൽ നിന്നാണ് ടാഗോറിന്റെ കഥയിൽ വ്യതിയാനങ്ങളില്ലെന്ന് ഈ ലേഖകൻ മനസ്സിലാക്കിയത്. — പരിഭാഷകൻ]

അങ്കം ഒന്ന്

അമ്മ—പ്രകൃതീ! പ്രകൃതീ! അവളെവിടെപ്പോയിരിക്കുന്നു? ഒരിക്കലും അവളെ വീട്ടിൽ കാണുകയില്ലെന്നമട്ടായല്ലോ!

പ്രകൃതി ഞാനിവിടെ ഉണ്ടമ്മേ.

അമ്മ—എവിടെ?

പ്രകൃതി—ഇവിടെ, കിണററുകരയിൽ.

അമ്മ—കിണററുകരയിൽ! ഈസമയത്ത്! നട്ടുച്ചവെയിലത്ത് മണ്ണുമുഴുവൻ കിടന്നു തിളയ്ക്കുമ്പോൾ നീ എന്തിനവിടെപ്പോയിനില്ക്കുന്നു? ഇന്നത്തേക്കു വേണ്ട വെള്ളംമുഴുക്കെ കോരിക്കഴിഞ്ഞില്ലേ? മററു പെണ്ണുങ്ങളെല്ലാം എത്രയോമുമ്പേ പൊയ്ക്കഴിഞ്ഞു. പിന്നെ നീമാത്രം ആ പൊള്ളുന്ന വെയിലിൽനിന്ന് ഇങ്ങനെ ഉരുകുന്നതെന്തിന്? നീ പാർവ്വതിയുടെ തപസ്സ് ആവർത്തിക്കുകയാണോ?

പ്രകൃതി—അതേയമ്മേ

അമ്മ—ആർക്കുവേണ്ടി?

പ്രകൃതി—എന്നെവിളിച്ച ആൾക്കുവേണ്ടി.

അമ്മ—നിന്നെ ആരുവിളിച്ചു.

പ്രകൃതി—അദ്ദേഹത്തിന്റെവാക്കുകൾ എന്റെ ചെവിയിൽ മുഴങ്ങുന്നു. 'എനിക്കു വെള്ളംതരിക' എന്ന വാക്കുകൾ.

അമ്മ—അതു നമ്മുടെ ജാതിക്കുവെളിയിലുള്ളവരാരും ആയിരിക്കല്ലേ എന്റെ ഈശ്വരാ!

പ്രകൃതി—അദ്ദേഹം നമ്മുടെ കൂട്ടത്തിലൊരാളാണെന്നു പറഞ്ഞു.

അമ്മ—പക്ഷേ നീ ഒരു ചണ്ഡാലിയാണെന്നു നീ പറഞ്ഞോ?

പ്രകൃതി—തീർച്ചയായും പറഞ്ഞു. പക്ഷേ അദ്ദേഹം അതു കേട്ടിട്ടു ഇങ്ങനെയാണ് ഉത്തരംപറഞ്ഞത്. "ഈ പേരുകളിൽ നീ ഒരിക്കലും വഞ്ചിതയാകരുത്. ഒരു മേഘത്തെ നോക്കി 'ചണ്ഡാലാ' എന്നു വിളിച്ചാൽ ആ മേഘം മേഘമല്ലാതായിത്തീരുമോ? അതു വഹിക്കുന്നജലം നമ്മുടെ ഭൂമിക്കു് അസ്വീകാര്യമായിത്തീരുമോ? നീ ഒരിക്കലും സ്വയം കുറച്ചുപ്പെടുത്തരുത്. ആത്മനിന്ദ ആത്മഹത്യയെക്കാളും വലിയ പാപമാണ്.

അമ്മ—എന്തൊരബദ്ധമാണു നീ പറയുന്നതു്? നിൻെറ പൂർവ്വജന്മത്തിലേ സങ്കല്പിച്ച വല്ലകെട്ടുകഥയെപ്പററിയുമാണോ നീ സംസാരിക്കുന്നതു്.

പ്രകൃതി—ഇതെൻെറ പുതിയ ജന്മത്തിൻെറ കഥയാണു്.

അമ്മ—പുതിയ ജന്മം? അതെപ്പോൾസംഭവിച്ചു?

പ്രകൃതി—അന്നു് ആ മദ്ധ്യാഹ്നസൂര്യൻെറ ചുട്ടവെയിലിൽ തള്ളയില്ലാത്തൊരു പശുക്കിടാവിനെ കുളിപ്പിച്ചുകൊണ്ടുനിന്നില്ലേ ഞാൻ? അന്നു് മഞ്ഞപ്പട്ടുടയാടകൊണ്ടു പൂവുടൽ മൂടി ഒരു ബുദ്ധഭിക്ഷു എൻെറ മുന്നിൽവന്നു്, 'എനിക്കു വെള്ളംതരിക' എന്നുപറഞ്ഞു. ഞെട്ടിപ്പിടഞ്ഞെഴുന്നേററു് അകലെമാറിനിന്നുകൊണ്ടു് ഞാൻ അദ്ദേഹത്തെ കൈക്കൂപ്പി. പുലരിയുടെപൊന്നൊളികൊണ്ടുവാർന്നെടുത്തപോലത്തെ ആ കമനീയവിഗ്രഹം കണ്ടു ഞാനിങ്ങനെ മെല്ലെ മന്ത്രിച്ചു. 'ഞാനൊരു ചണ്ഡാലപുത്രിയാണു്, ഈ കിണററിലെ വെള്ളം ഞങ്ങളുടെ ഉപയോഗംകൊണ്ടു പങ്കിലമാണു്."

അദ്ദേഹം പറഞ്ഞു "നീയും ഞാനുംഒരേ തറവാട്ടിലെ അംഗങ്ങളാണു്. മനുഷ്യൻെറ ദാഹം ശമിപ്പിക്കുന്നതിനുതകുന്ന എല്ലാവെള്ളവും ദിവ്യംതന്നെ." അതിനുമുമ്പു് ഒരിക്കലും ഞാനത്തരം വാക്കുകൾ കേട്ടിട്ടില്ല. ഞാൻ ഈ കൈകൾകൊണ്ടദ്ദേഹത്തിനു വെള്ളംഒഴിച്ചുകൊടുത്തു – അദ്ദേഹത്തിൻെറ പാദരേണുക്കളെപ്പോലും തൊടാൻ മുൻപു ശങ്കിക്കുമായിരുന്ന ഈ കൈകൾകൊണ്ടു്.

അമ്മ—കഥയില്ലാത്തപെണ്ണേ, ഈ മഹാപാപത്തിനു നീ എങ്ങനെ ധൈര്യപ്പെട്ടു. നീ എത്രമാത്രം പതിതയാണെന്നു നീ മറന്നുപോയോ?

പ്രകൃതി—എൻെറ കൈകളിൽനിന്നും അദ്ദേഹം സ്വീകരിച്ച ആ ജലം അസീമമായ ഒരു മഹാസമുദ്രമായി മാറി. അതിൽ സപ്തസമുദ്രങ്ങളും ഒന്നായിച്ചേർന്നൊഴുകി. എൻെറ കുടുംബവും എൻെറ ജാതിയും എൻെറ നികൃഷ്ടമായ ജന്മവും അതിൽ മുങ്ങിപ്പോയി.

അമ്മ—അത്ഭുതം, നിൻെറ ഭാഷപോലും മാറിപ്പോയിരിക്കുന്നു. ഇതുനിൻെറ സ്വന്തംവാക്കുകളല്ല. നീ ആരുടേയൊ മാന്ത്രികത്തിനു് അടിപ്പെട്ടിരിക്കുന്നു. നിനക്കുതന്നെ ഈ വാക്കുകൾ മനസ്സിലാകുന്നുണ്ടോ?

പ്രകൃതി—ഈ ശ്രാവസ്തിപട്ടണത്തിൽ മറെറങ്ങുനിന്നും കുറച്ചു ജലം കിട്ടാഞ്ഞിട്ടാണോ അദ്ദേഹം എൻെറ കിണററിൻെറ കരയിൽതന്നെ വന്നതു്. ഒരു നവജീവൻതന്നു് എന്നെ അനുഗ്രഹിക്കാനല്ലെങ്കിൽ, ദഗ്ദ്ധനായ ഒരു മനുഷ്യനെ രക്ഷിക്കുക എന്ന സേവനം അനുഷ്ഠിക്കാൻ എനിക്കു് ഇടതരാനല്ലെങ്കിൽ പിന്നെ എന്തിനാണമ്മേ അദ്ദേഹം വന്നതു്. മറെറാരു പുണ്യസ്ഥലത്തും തൻെറ ജീവിതത്തിൻെറ ദിവ്യോദ്ദേശത്തെ നിറവേററത്തക്ക പുണ്യോദകം അദ്ദേഹത്തിനു കണ്ടെത്തുവാൻ കഴിയുകയില്ലായിരുന്നു. അദ്ദേഹം പറഞ്ഞു"വനവാസത്തിൻെറ ആരംഭത്തിൽ സീത ചണ്ഡാളനായ ഗുഹൻ നൽകിയ ജലത്തിൽ സ്നാനം ചെയ്തതും ഇതുപോലെയാണു്" ആ നിമിഷംമുതൽ 'എനിക്കു വെള്ളം തരിക' എന്ന ആ വിളിയുടെ ഉച്ചസ്വരത്തിനൊത്തു് എൻെറ ഹൃദയം നൃത്തംവെയ്ക്കുകയാണു്.

അമ്മ—പാടില്ലകുഞ്ഞേ, എനിക്കു് ഇതൊന്നും രുചിക്കുന്നില്ല. മന്ത്രവചസ്സുകളാൽ മററുള്ളവരുടെ മനംമാററത്തക്ക ഒരു നശിച്ച ശക്തി ഈ ഭിക്ഷുക്കൾക്കുണ്ടു്. ഇന്നു നിൻെറ സംസാരം മനസ്സിലാക്കു

വാൻ എനിക്കു സാധിക്കുന്നില്ല. നാളെ നിന്റെ മുഖംപോലും എനിക്ക് അപരിചിതമായി തോന്നിയേക്കാം. ഞാനാകപ്പാടെ പരിഭ്രാന്തയായി തീർന്നിരിക്കുന്നു.

പ്രകൃതി—അമ്മ എന്നെ ഇതുവരെ അറിഞ്ഞിട്ടേയില്ല— എന്നെ അറിഞ്ഞ ആൾ എന്നെ കണ്ടുപിടിക്കും. അദ്ദേഹത്തിനുവേണ്ടി ഞാൻ എന്നെന്നും കാത്തിരിക്കുന്നു. മററു പെണ്ണുങ്ങളെല്ലാം പോയതിനുശേഷവും കിണററിൻകരെ ജലകുംഭവുമായി നിത്യവും ഞാൻ കാത്തിരിക്കുന്നു.

അമ്മ—ആർക്കുവേണ്ടി?

പ്രകൃതി—ആ വഴിയാത്രക്കാരനുവേണ്ടി.

അമ്മ—എടി പൊട്ടിപ്പെണ്ണേ, ഏതു വഴിക്കാരനാണ് നിന്റെ അടുക്കൽ വരാൻ പോകുന്നതു്?

പ്രകൃതി—ആ ഒരു വഴിക്കാരൻ--അദ്ദേഹം മാത്രം--എങ്കിലും ദിനങ്ങൾ ഒന്നൊന്നായി കഴിഞ്ഞുപോകുന്നു. അദ്ദേഹം ഇനിയും വന്നിട്ടില്ല. അദ്ദേഹം ഒരുവാക്കും ഉരിയാടിയില്ല. എങ്കിലും വരുമെന്നു പറഞ്ഞു. എന്നിട്ടും അദ്ദേഹമെന്താണു ആ പ്രതിജ്ഞ പാലിക്കാത്തതു്. എന്റെ ഹൃദയം മരുഭൂമിപോലെ വരളുന്നു. അതു് ജലം പ്രദാനംചെയ്യുകയില്ല. ആരും അതു് അർത്ഥിക്കാത്തതുകൊണ്ടു്.

അമ്മ—നീ മദ്യപാനിയെപ്പോലെ സംസാരിക്കുന്നു. എന്താണ് നിനക്കു വേണ്ടതു് എന്നു നീ പച്ചയായി പറയൂ.

പ്രകൃതി—അദ്ദേഹത്തെയാണ് എനിക്കു വേണ്ടതു്. അപ്രതീക്ഷിതമായി എന്റെ മുന്നിൽ വന്നു എന്റെ എളിയ സേവനവും സ്വീകാര്യമാണെന്നു് എനിക്കു മനസ്സിലാക്കിത്തന്ന അദ്ദേഹത്തെ. ഹാ, അതെന്തൊരു വിസ്മയകരമായ അനുഭൂതിയാണ്!! എന്നെ ഈ പൂഴിയിൽനിന്നുയർത്തി അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ അരുകിൽ ചേർത്തുനിർത്തട്ടെ.

അമ്മ ചെവിക്കു് ഇമ്പംതരുന്ന വാക്കുകൾ എപ്പോഴും യാഥാർത്ഥ്യമായി തീരുകയില്ലെന്നു് ഓർമ്മിക്കൂ പ്രകൃതി! അജ്ഞാതമായ ഏതോ ഒരു പാപത്തിന്റെ ഫലമായി നീ ഈ ഹീനജാതിയിൽ പിറന്നു. ഇതിന്റെ മൺചുവരു് ഒരു ഇരുമ്പു് ചുററികയാലും തകർക്കാവുന്നതല്ല. നീ തൊട്ടുകൂടാത്തവളാണ്. ആരെയും പാപിയാക്കേണ്ടെങ്കിൽ വിധിക്കപ്പെട്ട നിയമങ്ങളുടെ ഇടുങ്ങിയ പരിധിയെ വിട്ടുമാറി കടക്കാൻ നീ ശ്രമിക്കരുതു്.

പ്രകൃതി—മണ്ണിൽ മുളച്ച കുസുമം പറയുന്നു, പ്രഭോ ഞാൻ അനുഗൃഹീതയാണ് എന്തുകൊണ്ടെന്നാൽ ഈ എളിയ ഭവനത്തിലിരുന്നുകൊണ്ടും ഞാൻ അങ്ങയേ ആരാധിക്കുന്നു. ഞാൻ മണ്ണിലാണുപിറന്നതെന്നു് അങ്ങു് എന്നെ ഓർമ്മിപ്പിക്കരുതു്. എന്തെന്നാൽ എന്റെ ചേതന അതിൽനിന്നു് വിമുക്തമാണ്. അങ്ങു മുഖം കുനിച്ചു് എന്നെ കടാക്ഷിക്കുമ്പോൾ എന്റെ ഇതളുകൾ ആനന്ദംകൊണ്ടു വിറകൊള്ളുന്നു. അങ്ങയുടെ പാദസ്പർശത്തിന്റെ സൗഭാഗ്യം മാത്രം എനിക്കുതരിക, എന്നെ ദിവ്യയാക്കുക, ഭൂമി അതിന്റെ അർച്ചന എന്നിൽകൂടി നിർവ്വഹിക്കട്ടെ.

അമ്മ—ഞാൻ നിന്റെ ഇംഗിതത്തെ അല്പാല്പമായി മനസ്സിലാക്കുവാൻ തുടങ്ങുന്നു. നീ ഒരു സ്ത്രീയാണ്, നീ സ്നേഹിക്കുന്നതു് എന്തിനേയോ അതിനെ നീ ആരാധിക്കുന്നു. അവിടെ നിന്റെ സാമ്രാജ്യത്തെ നീ പ്രതിഷ്ഠിക്കുന്നു. ഭാഗ്യം പുരുഷനെ അന്ധനാക്കുമ്പോൾ ജാതി സ്ത്രീയെ ബന്ധിക്കുന്നില്ല. വാസ്തവത്തിൽ അങ്ങനെ ഒരു ഭാഗ്യം നിനക്കു് ഒരി

ക്കൽ സിദ്ധിച്ചതാണ്. അന്ന് മാനിനെ വേട്ടയാടാൻ രാജകുമാരൻ ഇവിടെ വന്നപ്പോൾ നിന്നെ സ്വീകരിക്കാമെന്നു അദ്ദേഹം പ്രതിജ്ഞചെയ്തതാണ്. നീ ഓർമ്മിക്കുന്നുണ്ടോ?

പ്രകൃതി—ഞാനോർമ്മിക്കുന്നു.

അമ്മ—നീ പിന്നെ എന്തുകൊണ്ട് അദ്ദേഹത്തിന്റെകൂടെ പോയില്ല? അദ്ദേഹം പ്രേമാന്ധനായിരുന്നല്ലോ.

പ്രകൃതി—അതെ അന്ധനായിരുന്നു! എന്നിലുള്ളമനുഷ്യത്വത്തെപ്പററി അദ്ദേഹം അന്ധനായിരുന്നു. അദ്ദേഹം മൃഗങ്ങളെ തേടിയാണ് വന്നതു്. എന്നിലുള്ള മൃഗത്തെ മാത്രമേ അദ്ദേഹത്തിനു ആദരിക്കാൻ കഴിഞ്ഞുള്ളു. അതുകൊണ്ടു അദ്ദേഹം സ്വർണ്ണച്ചങ്ങലകൊണ്ടെന്നെ ബന്ധിക്കാനാണ് ശ്രമിച്ചതു്.

അമ്മ—ഒന്നുമില്ലെങ്കിലുംഅദ്ദേഹംനിന്റെ ആകാരത്തിന്റെ മൂല്യത്തെ മതിച്ചല്ലോ. പക്ഷെ ഈദിക്ഷു നിന്റെ സ്ത്രീത്വത്തെ വിലമതിക്കുന്നു എന്നു് നിനക്കു ബോദ്ധ്യമുണ്ടോ?

പ്രകൃതി—അമ്മേ, നിങ്ങൾക്കതു മനസ്സിലാകുകയില്ല, തീർച്ചയായും മനസ്സിലാകുകയില്ല. അദ്ദേഹമാണ് എന്നെ ആദ്യമായി വിലമതിച്ചതെന്നു എനിക്കു് അറിയാം. ഹാ! അതു് എന്തൊരുമഹാത്ഭുതമായിരുന്നു? അദ്ദേഹത്തെയാണ് എനിക്കുവേണ്ടതു്. എന്നും ഞാൻ അദ്ദേഹത്തെ ആഗ്രഹിക്കയും ചെയ്യും. എന്റെ ജീവനെ ഞാനാ കാൽക്കലർപ്പിക്കും. ആ പാദങ്ങൾ പങ്കിലങ്ങളായിപ്പോകയില്ല. "സകലരുടെയുംഅടിമയായി ഈ പൂഴിയിൽ തന്നെ ഞാനെന്നും കഴിയാതിരിക്കണമെങ്കിൽ ഞാൻ അങ്ങയുടെ ദാസിയായിരിക്കണം" എന്നിങ്ങനെ അദ്ദേഹത്തോടു് അഭിമാനത്തോടെ പറയാൻ ഞാൻ കൊതിക്കുന്നു.

അമ്മ—വികാരപ്പെടാതിരിക്കു കുഞ്ഞേ. ജനനംകൊണ്ടു നാം എല്ലാം അടിമകളാണ്. പരാശക്തി നമുക്കു് വിധിച്ചതിനെ നാമെങ്ങനെ തുടച്ചുകളയും.

പ്രകൃതി—അരുതമ്മേ, ആത്മനിന്ദകൊണ്ടുള്ള പാപം വലിച്ചു തലയിൽ വയ്ക്കാതിരിക്കു. ഒരു രാജകുമാരിഅടിമയായേക്കാം. ഒരുബ്രാഹ്മണൻ ചണ്ഡാലനായേക്കാം. എന്നാൽ ഞാൻ അടിമയോ ചണ്ഡാലിയോഅല്ല.

അമ്മ—വായടിക്കുന്നതിനു ഞാൻ നിന്നോടൊട്ടുംകിടനില്ക്കുകയില്ല. അങ്ങനെതന്നെ ഇരിക്കട്ടെ. ഞാൻതന്നെ അദ്ദേഹത്തിന്റെഅടുക്കൽപോയി യാചിക്കാം. "ആഹാരത്തിനുവേണ്ടി അങ്ങു് മററുഗൃഹങ്ങളിൽപോകുമ്പോൾ ഒരു പാത്രം വെള്ളത്തിനു്വേണ്ടിമാത്രമെ ഞങ്ങളുടെ പടിക്കൽ വരാവൂ" എന്നു്.

പ്രകൃതി—ഇല്ല, ഞാനങ്ങനെ വെളിയിൽ നിന്നദ്ദേഹത്തെ വിളിക്കുകയില്ല. അദ്ദേഹത്തിന്റെ ആത്മാവിൽ എന്റെവിളിയുടെ ശബ്ദം മുഴക്കാൻ എനിക്കു് കഴിയുകയില്ലേ? എന്റെ ആത്മാവു് ദാനത്തിനായി കുതികൊള്ളുന്നു. ഹാ, എന്നിൽനിന്നും സ്വീകരിക്കുന്നവനെ എവിടെയാണ് ഞാൻ കണ്ടെത്തുന്നതു്? അങ്ങനെ ആ ദാനത്തിന്റെയും സ്വീകാരത്തിന്റെയും പൂർണ്ണനിർവ്വാണം ഉണ്ടാകട്ടെ. യമുനയിലെ പങ്കിലമായ ജലം ഗംഗയുടെ നിർമ്മലപ്രവാഹത്തിൽ മുഴുകി ചേരുന്നതുപോലെ എന്റെ ആകാംക്ഷ എന്നാണ് അദ്ദേഹത്തിന്റേതുമായി ഒത്തുചേരുക. ഭൂമി, കൊടുംവെയിലേററു വരണ്ടുകിടക്കുമ്പോൾ ഒരു പാത്രം ജലംകൊണ്ടെന്താകും?

അദൃശ്യമായ ഒരു ആകർഷണശക്തിയാൽ മേഘങ്ങൾവന്നു ആകാശത്തിലാകെ പരക്കുകയില്ലേ?

അമ്മ—ഈ വെറുംവാക്കുകൾകൊണ്ടെന്തു പ്രയോജനം? മേഘങ്ങൾ സ്വമേധയാ വരാതിരിക്കുകയും പാടങ്ങൾ കൊടുംവെയിലിൽ കരിഞ്ഞുപോകുകയും ചെയ്താൽ നിസ്സഹായരായി ആകാശത്തെ നോക്കിയിരിക്കാനല്ലാതെ നമുക്ക് എന്തുകഴിയും?

പ്രകൃതി—അത്ര നിസ്സഹായരല്ല നാം. അമ്മയ്ക്കു ഗൂഢമാന്ത്രികത്തിന്റെ തത്വങ്ങൾ അറിവില്ലേ? അദ്ദേഹത്തെ അതിന്റെ ശക്തികൊണ്ട് ഇവിടെ വരുത്തണം.

അമ്മ—മിണ്ടാതിരിക്കൂ, കുഴപ്പക്കാരി. തീയോടുകളിക്കാൻ തുനിയാതെ നമ്മുടെ മന്ത്രങ്ങൾ പ്രയോഗിക്കത്തക്കവണ്ണം കേവലം സാധാരണമനുഷ്യരാണോ ഈ ഭിക്ഷുക്കൾ? ആ വിചാരംതന്നെ എന്നെ ഭയാധീനയാക്കുന്നു.

പ്രകൃതി—രാജകുമാരനെ വശീകരിക്കണമെന്നു ധൈര്യം പറഞ്ഞതാരാണ്?

അമ്മ—എനിക്ക് രാജാവിനെ ഭയമില്ല. അദ്ദേഹത്തിനേറിയാൽ കഴുവിലേറ്റാൻ കഴിഞ്ഞേക്കാം. പക്ഷെ ഇക്കൂട്ടർ-അവരൊരിക്കലും ഹിംസിക്കുകയില്ല.

പ്രകൃതി—ഞാൻ യാതൊന്നും ഭയപ്പെടുന്നില്ല—കഷ്ടിച്ചൊന്നുമാത്രം. ഞാൻവീണ്ടും ആലസ്യത്തിന് വശംവദയാകുമോ എന്ന്, എന്റെ ആത്മാവിനെ മറന്നു വീണ്ടും ഇരുളിൽ അകപ്പെടുമോ എന്നുമാത്രം. അതു മരണത്തേക്കാൾ ഭയങ്കരമായിരിക്കും. അദ്ദേഹത്തെ ഇവിടേക്ക് ആകർഷിക്കണം. അമ്മ അതു ചെയ്യേ മതിയാവൂ. എന്റെ ഈ തീവ്രമായ ഇച്ഛതന്നെ ഒരു മാന്ത്രികമാകുകില്ലേ? അദ്ദേഹം തന്നെയാണ് ഈ മഹാമാന്ത്രികത്തിന്റെ കർത്താവ്. അദ്ദേഹം ഇവിടെവന്നു ഈ കീറപ്പായിൽ ഇരുന്നു കഴിഞ്ഞാൽ ഇതിലുംവലിയ മാന്ത്രികങ്ങൾ അന്നു ഭവിക്കുകയും ചെയ്യും.

അമ്മ—എനിക്കു ഒരു വേള അദ്ദേഹത്തെ ഇങ്ങോട്ട് ആകർഷിക്കുവാൻ കഴിഞ്ഞേക്കാം. പക്ഷെ നിനക്ക് ഈ പരീക്ഷണം താങ്ങാനുള്ള കരുത്തുണ്ടോ? നിന്റെ ശക്തി ഒട്ടും അവശേഷിച്ചില്ലെന്നു വന്നേക്കാം.

പ്രകൃതി—ഒട്ടും അവശേഷിക്കണ്ടാ. കൊടുക്കുന്നതിന് ഒരു ഇടം കിട്ടണമെന്നേ ഞാൻ അവകാശപ്പെടുന്നുള്ളൂ. എനിക്കുള്ളതു മുഴുവൻ പകർന്നു കൊടുത്തിട്ട് ജീവിതത്തിന് സാഫല്യം വരുത്തുക—അതുമാത്രമേ ഞാനാഗ്രഹിക്കുന്നുള്ളൂ. ആ മഹാസിദ്ധിക്കുവേണ്ടിയാണ് ഞാൻ ജന്മാന്തരങ്ങളായി കാത്തിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ 'വെള്ളം തരിക' എന്നവാക്കുകളുടെ ദിവ്യശക്തയെ പറ്റി ഞാൻ പറയുന്നതും. എനിക്കു കൊടുക്കാൻ കഴിയുമെന്നുള്ള പരമാർത്ഥം എന്നിൽനിന്നു മറച്ചുവെയ്ക്കുവാൻ ലോകം മുഴുവനുംഒന്നുചേർന്നൊരു ഗൂഢാലോചന നടത്തി. ഇപ്പോഴെനിക്കറിയാം, എനിക്കു കൊടുക്കാൻ കഴിയുമെന്ന്. ഞാൻ കൊടുക്കും. എനിക്കുള്ളതുമുഴുവൻ ഞാനദ്ദേഹത്തിനു ദാനംചെയ്യും! അതിനായി ഞാൻ കാത്തിരിക്കുകയാണ്.

അമ്മ—നീ ഒരു മരത്തേയും അംഗീകരിക്കുന്നില്ലേ?

പ്രകൃതി—എന്നെ അംഗീകരിക്കുന്നതിനെ ഞാൻ അംഗീകരിക്കുന്നു. ഒരു ജീവിയെ അധിക്ഷേപിക്കുകയും, അടിമയാക്കുകയും, ബന്ധിക്കുകയും അന്ധയാക്കുകയും

ചെയ്യുന്ന ഒരുമതം മതമല്ല. സകല പുരുഷന്മാരും ഒത്തുചേൎന്നു അതെൻെറ ചുമലിൽ കെട്ടിവയ്ക്കാൻ ശ്രമിച്ചുവെങ്കിലും അതിനെ ഞാൻ അംഗീകരിക്കുന്നില്ല. ഇന്നു ഞാൻ നിൎഭയയാണു്. അമ്മേ ആ മന്ത്രം ജപിക്കണം. ഭിക്ഷു ചണ്ഡാലിയുടെ അരികിൽ വന്നിരിക്കട്ടെ. അദ്ദേഹത്തിനു് അതൊരുലയച്ചയായിരിക്കും. ഇതിൽകവിഞ്ഞൊന്നും അദ്ദേഹത്തിനു് സാധിക്കാനില്ല.

അമ്മ—നീ ശാപത്തെ ഭയപ്പെടുന്നില്ലേ?

പ്രകൃതി—ജന്മംകൊണ്ടു് എന്നോടൊട്ടിപ്പിടിച്ചുനില്ക്കുന്ന ഒരു മഹാശാപമുണ്ടു്. ഇതു എന്നെ അതിൽനിന്നു രക്ഷിക്കും. ഇല്ല ഈ സമാധാനങ്ങൾക്കൊന്നും ഞാൻ ചെവിതരികയില്ല. മന്ത്രങ്ങൾ തുടങ്ങണം അമ്മേ.

അമ്മ—എന്നാൽ അങ്ങനെയാകട്ടെ, അദ്ദേഹത്തിൻെറ പേരുപറയുക

പ്രകൃതി—ആനന്ദൻ എന്നാണു് അദ്ദേഹത്തിൻെറ പേരു്.

അമ്മ—ആനന്ദൻ! ഭഗവാൻ ബുദ്ധൻെറ സഹകാരി.

പ്രകൃതി—അതെ അദ്ദേഹംതന്നെ.

അമ്മ—അദ്ദേഹത്തിൻെറ മേൽ ഈ ദുൎമ്മന്ത്രവാദം ചെയ്യുന്നതു് ഒരു കഠിനപാപമാണു്—എങ്കിലും നിന്നോടുള്ള സ്നേഹത്തെ ഓൎത്തു എനിക്കു് അതുചെയ്യേണ്ടിവന്നിരിക്കുന്നു

പ്രകൃതി—എന്തുകൊണ്ടു പാപമാണു്? എല്ലാററിനേയും തമ്മിലടുപ്പിക്കുന്ന അദ്ദേഹത്തെ എൻെറ സമീപത്തെത്തിക്കുന്നതു പാപമാണൊ?

അമ്മ—പക്ഷേ അവർ സത്വഗുണത്താലാണു് എല്ലാററിനേയും അടുപ്പിക്കുന്നതു്. നായാടികൾ ഇരയെ എന്നപോലെ നാം ദുൎമ്മന്ത്രങ്ങളാലാണു അതു ചെയ്യുന്നതു്. അതു ചെളികടഞ്ഞു ശുദ്ധമാക്കാൻ ശ്രമിക്കുന്നതുപോലെയാണു്

പ്രകൃതി—അതുയും നല്ലതു്. ചെളിശുദ്ധമാക്കണമെങ്കിൽ പിന്നെഎന്തുചെയ്യും.

അമ്മ—(മന്ത്രം തുടങ്ങുന്നു) ദിവ്യാത്മായ അങ്ങു് എൻെറ ധിക്കാരത്തെ പൊറുക്കണം. കുററം ചെയ്യാനുള്ള എൻെറ കഴിവിനേക്കാൾ കവിഞ്ഞതാണു് ക്ഷമിക്കാനുള്ള അങ്ങയുടെ കഴിവു്. ഈ ഉപജാപത്തിൻെറ ആരംഭഘട്ടത്തിൽ തന്നെ എൻെറ വിനീതനമസ്കാരത്തെ അങ്ങു് കൈക്കൊണ്ടാലും.

പ്രകൃതി—എന്തിനിത്രഭയപ്പെടുന്നു അമ്മേ, ഞാനാണു് ഈ മാന്ത്രികം അനുഷ്ഠിക്കുന്നതു്. എൻെറ അത്യാകാംക്ഷയുടെ അംകുശം വേദനകൊണ്ടു അദ്ദേഹത്തെ ആകൎഷിക്കുന്നതു് ഒരു തെററാണെങ്കിൽ ആ തെററു ഞാൻ ചെയ്യും.

അമ്മ—നീ ഒരു സാഹസികയാണു് പ്രകൃതീ!

പ്രകൃതി—ഞാൻ സാഹസികയോ? അദ്ദേഹത്തിൻെറ സാഹസമൊന്നാലോചിച്ചുനോക്കണം. അതിനുമുൻപു് ആരും എന്നോടു പറയാൻ ധൈൎയ്യപ്പെട്ടിട്ടില്ലാത്ത ആ വാക്കുകൾ—'എനിക്കു വെള്ളം തരിക' എന്ന ആ വാക്കുകൾ നിരങ്കുശമായി പറഞ്ഞ അദ്ദേഹത്തിൻെറ സാഹസമല്ലേ സാഹസം? ആ നിസ്സാരമായ വാക്കുകൾക്കു് എൻെറ ജീവിതത്തെ മുഴുവൻ പ്രഭാപൂൎണ്ണമാക്കുവാനും എൻെറ ഹൃദയത്തെ ഞെരിച്ചമൎത്തിയിരുന്ന തമോഭാരത്തെ ദൂരീകരിക്കുവാനും എൻെറ ജീവചൈതന്യത്തെ ശൃംഖലാവിമുക്തമാക്കുവാനുംതക്ക നിഗ്രഹശക്തിയുള്ളതായിരുന്നു! അദ്ദേഹത്തെ ഒന്നുനേരിട്ടു കണ്ടെങ്കിൽ അമ്മയുടെ ഈ ഭയം അടി

സ്ഥാനരഹിതമാണെന്നു അമ്മയ്ക്കുബോധ്യമായെന്നെ. നഗരത്തിലെ ഭിക്ഷാടനം തീർത്തങ്കിലും ആ പൊള്ളുന്ന വെയിലത്തു മണൽക്കാട്ടും, ശ്മശാനവും, നദിയും താണ്ടി അദ്ദേഹം വന്നു—എന്തിനു്? ഈ പാവപ്പെട്ടപെണ്ണിനോടു് 'എനിക്കു വെള്ളംതരിക' എന്നുപറയാൻ മാത്രം ഈ നിസ്സാരജീവിയുടെ മേൽ അത്രയ്ക്കു കാരുണ്യം, അത്രയ്ക്കു് ഔദാര്യം അദ്ദേഹം വർഷിച്ചു! 'എനിക്കു വെള്ളം തരൂ!' ഈ വെള്ളം എൻെറ ഉള്ളിൽതിങ്ങി പെരുകിയിരിക്കുന്നു. അതൊഴിച്ചുകൊടുത്തേ തീരൂ. എനിക്കുവെള്ളംതരൂ! ഒരു നിമിഷംകൊണ്ടു് എനിക്കുബോധ്യം വന്നു-- എൻെറ ഉള്ളിൽ ഒടുങ്ങാത്തൊരു ജലസംഭരണമുണ്ടെന്നു്. ഞാനാർക്കാണു് അതുകൊടുക്കുക? അതാണു രാവും പകലും ഞാൻ അദ്ദേഹത്തെ വിളിക്കുന്നതു്. കേൾക്കുന്നില്ലെങ്കിൽ വേണ്ടാ. മന്ത്രംജപിക്കൂ അമ്മേ, അദ്ദേഹം അതുതാങ്ങും.

അമ്മ---അതാ നോക്കൂ പ്രകൃതീ! പീതാംബരധാരികളായ ചില ഭിക്ഷുക്കൾ പോകുന്നു. (നാമോച്ചാരണം കേൾക്കുന്നു)

പ്രകൃതി--അതാ നോക്കൂഅമ്മേ, അദ്ദേഹം ആ ഘോഷയാത്രയുടെ മുന്നിലായി പോകുന്നു. ആ കിണററുകരയിലേക്കു് അദ്ദേദ്ദേഹം ഒരിക്കൽപോലും നോക്കിയില്ല. 'എനിക്കു വെള്ളംതരുക, എന്നു' ഒരിക്കൽക്കൂടി അദ്ദേഹത്തിനു പറയാമായിരുന്നു. ഹാ, അദ്ദേഹം എന്നെ ഇങ്ങനെ ഉപേക്ഷിക്കുമെന്നു ഞാൻ കരുതിയില്ല. ഈ എന്നെ, അദ്ദേഹത്തിൻെറ സൃഷ്ടിയായ എന്നെ (തളർന്നുവീഴുന്നു, തറയിൽ തലയിട്ടടിക്കുന്നു) ഹാ, നിർഭാഗ്യയായ പെണ്ണേ ഈ ഭൂമി—ഇതുമാത്രമാണുനിൻെറതു്. ഒരുനിമിഷത്തേക്കുമാത്രം അദ്ദേഹം നിന്നെ വെളിച്ചത്തിലേക്കുയർത്തി—ഇതിനെയാണോ നീ ഔദാര്യമെന്നുപറയുന്നതു്. ആ ഒരു നിമിഷത്തിനുശേഷം വീണ്ടും ചെളിയിലേക്കുതാഴാൻ, എന്നും അതിൽ മുഴുകിക്കിടക്കാൻ, ചവുട്ടിമെതിക്കാൻ, ആർക്കും സ്വാതന്ത്ര്യംനൽകുന്ന വിധത്തിൽ കിടക്കാൻ.

അമ്മ—ശാന്തമായിരിക്കു കുഞ്ഞേ, കഴിഞ്ഞതെല്ലാം മറക്കു. നിൻെറ ആ നിമിഷമാത്രമായ വിഭ്രാന്തി തകർന്നു നന്നായി. നീണ്ടുനിൽക്കാത്തതെല്ലാം വേഗത്തിൽ മാഞ്ഞുപൊയ്ക്കൊള്ളട്ടെ അതു നല്ലതുതന്നെ.

പ്രകൃതി—വിഭ്രാന്തിയോ അമ്മേ? ദിനംതോറുമുള്ള ഈ അത്യാകാംക്ഷ, ദിവസംതോറുമുള്ള ഈ അധിക്ഷേപം, ഹൃദയാന്തഭാഗത്തു ബന്ധിതമായിക്കിടക്കുന്ന പക്ഷിയുടെ നിഷ്ഫലമായ ഈ ചിറകടി ഇതു വെറും മായയെന്നോ അമ്മ പറയുന്നതു്? ഒരുവൻെറ ഓരോ സ്നായുക്കളേയും കരളുന്ന ഒരു വികാരത്തെയാണോ സ്വപ്നമെന്നു പറയുന്നതു്. അവർ സകല ബന്ധവുമറുത്തു, സന്തോഷവും സമ്മോദവുമില്ലാതെ, ഭൗമികങ്ങളായ ഭാരങ്ങളിൽനിന്നും വിമുക്തരായി, ശരൽക്കാലമേഘങ്ങളെപ്പോലെ ഒഴുകിപ്പോകുന്ന അവർ മാത്രമാണോ സ്വപ്നത്തിൽ പെടാത്തവർ.

അമ്മ—നീ ഇങ്ങനെ കഷ്ടപ്പെടുന്നതു് എനിക്കു കാണാൻവയ്യ. എഴുന്നേൽക്കൂ. ഞാനദ്ദേഹത്തെ എൻെറ മന്ത്രശക്തികൊണ്ടു് ആവാഹിക്കാം. 'ഞാൻ അതീതകാമനാണു്'' എന്ന അദ്ദേഹത്തിൻെറ അഹങ്കാരം ഞാൻ നശിപ്പിക്കാം. 'എനിക്കു് ആഗ്രഹമുണ്ടു്'', എനിക്കാഗ്രഹമുണ്ടു്, എന്നു കരയിക്കാം.

പ്രകൃതി—അമ്മയുടെ മന്ത്രത്തിൻെറശക്തി

അമൂല്യമാണ്. അവരുടെ സാധന അപകാവ്യമാണ്. അവർ തീർച്ചയായും ജയിച്ചുനില്ക്കുകയില്ല.

അമ്മ — അവരെവിടേക്കാണ് പോകുന്നത്?

പ്രകൃതി — മഴക്കാലത്തു നാലുമാസത്തേക്കു അവർ നിരാഹാരം അനുഷ്ഠിക്കാറുണ്ട്. പിന്നെയെങ്ങോട്ടു പോകുന്നു എന്നാർക്കും അറിയാൻ പാടില്ല.

അമ്മ — എടീ കഥയില്ലാത്ത പെണ്ണേ, അങ്ങനെ വല്ലയിടത്തേക്കും പോകയാണെങ്കിൽ പിന്നെ ഞാനദ്ദേഹത്തെ എപ്രകാരം തിരിച്ചുകൊണ്ടുവരും?

പ്രകൃതി — എവിടെപ്പോയാലും അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരണം. അമ്മയുടെ കഴിവിനപ്പുറമല്ല അത്. അദ്ദേഹം എന്നിൽ കരുണ കാണിച്ചില്ല. ഞാനും അതുകൊണ്ടു തെല്ലും കാണിക്കുകയില്ല. അമ്മയുടെ ഏറ്റവും ക്രൂരമായ മാന്ത്രികംതന്നെ നടക്കട്ടെ. അതിന്റെ വലയിൽ അദ്ദേഹത്തിന്റെ മനസ്സിനെ ബന്ധിക്കണം. ഇനിയും എന്നെ ഒഴിഞ്ഞു മാറുമോ എന്നറിയണം.

അമ്മ — ഉൽക്കണ്ഠിതയാവാതെ. നമ്മുടെ മന്ത്രം വിഫലമാകുകയില്ല. ഈ ദർപ്പണം പിടിച്ചുകൊണ്ട് നൃത്തംചെയ്തുകൊള്ളു. അദ്ദേഹത്തിനു വരുന്ന മാറ്റങ്ങൾ നിനക്കു കാണാൻ കഴിയും.

പ്രകൃതി — (ദർപ്പണത്തിൽ നോക്കുന്നു) മേഘങ്ങൾ പടിഞ്ഞാറു തിങ്ങിക്കൂടുന്നു — കൊടുങ്കാറ്റിന്റെ മേഘങ്ങളാണ്. മന്ത്രം ഫലിക്കും. അദ്ദേഹത്തിന്റെ ധ്യാനമെല്ലാം കരിയിലപോലെ പറക്കും. അദ്ദേഹത്തിനു വഴികാട്ടുന്ന വെളിച്ചം അണഞ്ഞുപോകും. അദ്ദേഹം കാറ്റിൽ അലഞ്ഞുലഞ്ഞു ഇവിടെ എത്തും. കൊള്ളിയാൻ മിന്നുന്നതായി കാണുന്നു. കടൽ നുരഞ്ഞുപൊങ്ങുന്നു. അതിനപ്പുറം ഒന്നും കാണുന്നില്ല.

അമ്മ — നീ ഒന്നുകൂടി ആലോചിക്കൂ. നിനക്കിതു സഹിക്കുവാൻ കഴിയുമോ? ഒടുവിൽ മന്ത്രത്തിന്റെ ശക്തി തിരിച്ചെടുക്കാനുള്ള ഉദ്യമത്തിൽ എന്റെ ജീവൻതന്നെ പോയേക്കാം. തീ എരിയാൻ തുടങ്ങിയാൽ അതു പിടികൂടിയ വസ്തുവിനെ മുഴുവനായി കരിക്കാതടങ്ങുകയില്ല. അതു ഓർത്തുകൊള്ളൂ.

പ്രകൃതി — അമ്മ എന്തിനിങ്ങനെ ഭയപ്പെടുന്നു. ആ അഗ്നിപരീക്ഷണം മുഴുവനായി നടക്കട്ടെ. ആ ആത്യന്തികമായ പര്യവസാനം ഞാൻ കാണുന്നു. സംഹാരത്തിന്റെ ആനന്ദം ഞാൻ കാണുന്നു.

(തുടരും)

മുല്ലപ്പൂക്കൾ

(പ്രി. കുഞ്ഞിരാമൻനായർ.)

(മഞ്ജരി)

ഇല്ലത്തുനിന്നുപോന്നെങ്ങിനെ നിങ്ങളി-
ക്കല്ലിലും മുള്ളിലും വന്നുവീണു?

പാവനാത്മാക്കളേ പാരമിപ്പാരിലേ-
ക്കേവം വഴിതെററിവന്നതാമോ?

മാർദ്ദവംതേടുന്ന മാനുഷൻ നിങ്ങളെ
മാനിച്ചു നിർവൃതിക്കൊള്ളുംമുമ്പേ

കയ്യിലെടുത്തു തഴുകുന്ന തയ്യലിൻ
മെയ്യിൽ പുളകംപടരുംമുമ്പേ,

രാകാശശാങ്കൻെറ കേളികക്കാനന-
കോകിലം മംഗളം പാട്ടുംമുമ്പേ

മായാതെമായാതെ, മായയിൽ മാധവ
മാറാസുന്ദരസൃഷ്ടികളേ!

ആരാമവീഥിയിൽക്കേറിക്കളിക്കുവി-
നാനന്ദപ്പാൽത്തിരത്തുള്ളികളേ!

ക്രൂരിതരാം മെയ്യിലും സൌരഭം പൂശുവിൻ
താരകാകോരകഹീരങ്ങളേ!

പോകൊല്ലേ, പോകൊല്ലേപൌർണ്ണമിമാറി-
പ്പൂകമെന്നോമനപ്പൈതങ്ങളേ!

സൃഷ്ടിരഹസ്യങ്ങൾ ഭദ്രമായ് സൂക്ഷിച്ചു
വെച്ചതാം വെള്ളിയളുക്കുകളേ!

സുന്ദരസാന്ധ്യകരങ്ങൾ ചുമന്നുള്ള
പൊന്നണിപ്പല്ലക്കിൽനിന്നിറങ്ങി,

സ്വച്ഛകരത്താൽ ധരിത്രി വിരിച്ചിട്ട
പച്ചവില്ലീസ്സിൽപ്പടിഞ്ഞിരുന്നു.

പ്രേമമരന്ദം തളിക്കുവിൻ പ്രോഷ്ഠള
ഗ്രാമീണജീവിതവീഥികളിൽ,

മന്നിലേയ്ക്കൊന്നുപകർത്തുവിൻ വിണ്ണിനെ-
സ്സൌന്ദര്യസന്ദേശവാഹകരേ!

കൈവല്യഭാവാനുഭൂതികൾ കൈവരാൻ
കൈകളിലേയ്ക്കു പകർന്നിടുവിൻ.

കാണാൻ അടുത്താണ്ടുമീനത്തിൽ നിങ്ങളെ
ക്കാണാൻ-കഴിയുമെന്നാർക്കറിയ്ക്കാം?

ഒന്നമുകരട്ടെ, മാറോടണയ്ക്കട്ടെ
വന്നുകയറിൻ മടിത്തടത്തിൽ;

കണ്ണുംകരളുമികമ്മൊമ്മപ്രപഞ്ചത്തിൻ
തിണ്ണുംകുളിർത്തു 'മതുകമം'വണ്ണം

മുത്തുമണികളേ, നിങ്ങളെന്നാത്മാവിൽ
മുത്തുവെക്കാണാതൊളിച്ചിരിപ്പിൻ.

അതിഥി*

(നാഗവള്ളിൽ ആർ. എസ്സ്. കുറുപ്പ്)

പരിഷ്കൃതമായ ആ ഹോട്ടലിൽ അന്നു രാത്രി എട്ടുമണിയോടുകൂടി ഒരു യുവാവു പ്രവേശിച്ചു.

അയാൾ തനിച്ചേ ഉണ്ടായിരുന്നുള്ളുവെങ്കിലും മുൻകൂട്ടി നൽകിയിരുന്ന നിർദ്ദേശമനുസരിച്ചു് ആ മുറിയുടെ ഒരു മൂലയ്ക്കുള്ള മേശയുടെ മുമ്പിൽ രണ്ടുകസേരകൾ ഒഴിച്ചിട്ടിരുന്നു.

ഒരാഴ്ചക്കു മുമ്പുതന്നെ ഊണിന്റെ വട്ടമെല്ലാം നിശ്ചയിച്ചു് ഹോട്ടലുടമസ്ഥനെ അറിയിച്ചിരുന്നതിനാൽ അയാൾ കസേരയിലിരുന്നയുടൻ വിളമ്പുകാർ മേശപ്പുറത്തു് ആഹാരസാധനങ്ങൾ നിരത്തിത്തുടങ്ങി.

വിളമ്പുകാരിലൊരുവൻ അയാളോടു മറ്റേ അതിഥിയെക്കുറിച്ചു ചോദിച്ചു.

"എന്റെ ഊണു കഴിയുമ്പോഴേക്കും അയാൾ വരും" യുവാവു പറഞ്ഞു.

അയാൾ ഊണുതുടങ്ങി. വിഭവസമൃദ്ധമായ ആ ഊണിനിടയിൽ ശൂന്യമായി സമീപത്തുകിടന്നിരുന്ന കസേരയെ നോക്കി അയാൾ സംസാരിക്കുന്നതുകേട്ടു് അടുത്തുണ്ടായിരുന്നവർ അത്ഭുതപ്പെട്ടു.

"എന്റപ്പനെ അങ്ങേയ്ക്കറിയാമായിരിക്കാം" പരിപ്പുകൂട്ടിയുണ്ണുന്നതിനിടയിൽ അയാൾ അതിനോടു പറഞ്ഞു.

"ഇന്നു രാത്രി ഞാൻ അങ്ങയെ ക്ഷണിച്ചതു് ഒരു സഹായം അഭ്യർത്ഥിക്കുവാനാണു്. അങ്ങെന്നെ സഹായിച്ചേതീരൂ."

പ്രഥമൻ വിളമ്പിക്കഴിഞ്ഞപ്പോഴേക്കും സംസാരം മുറുകി ശബ്ദം ഉയർന്നു.

"അങ്ങയുടെ സ്നേഹിതന്മാരിൽ പലരേയും കുറിച്ചു ഞാൻ കേട്ടിട്ടുണ്ടു്. അങ്ങയെ സ്വീകരിക്കുവാനായി അനവധി സംവത്സരങ്ങളുടെ തീവ്രപ്രയത്നത്തിന്റെ ഫലമായി ആ ഗംഭീരഗൃഹം സജ്ജമാക്കിയ ഈജിപ്റ്റിലെ രാജാവായ ചിയാപ്സിനേയും ഇൻഡ്യയിലെ മുഗൾചക്രവർത്തിമാരെയും ഒക്കെ എനിക്കറിയാം. അത്രയ്ക്കൊന്നും എനിക്കു സാദ്ധ്യമല്ല. കഴിഞ്ഞയാഴ്ചയാണു് ഞാനീസദ്യയ്ക്കേർപ്പാടു ചെയ്തതു്. അന്നു ഞാനുദ്ദേശിച്ചിരുന്നു എന്റെ കൂടെ ഒരു യുവതി വരുമെന്നു്. പക്ഷേ അവൾ വന്നില്ല. അതുകൊണ്ടാണു് ഞാനങ്ങയെ ക്ഷണിച്ചതു്. അവൾ ഹെലനെപ്പോലെ സുന്ദരിയല്ലായിരിക്കാം. ഹെലൻ സുന്ദരിയായിരുന്നോ? അങ്ങു് ഹെലനുമായി പരിചയപ്പെട്ടപ്പോൾ അവൾ സുന്ദരിയായിരുന്നിരിക്കില്ല. ക്ലിയോപ്പാട്രായുടെ കാര്യത്തിൽ അങ്ങു ഭാഗ്യവാനാണു്. അവളുടെ ലാവണ്യത്തിന്റെ വസന്തകാലത്തു തന്നെ അങ്ങേയ്ക്കു് അവളുമായി പരിചയപ്പെടാൻ കഴിഞ്ഞു, അല്ലേ."

* ലാർഡ് ഡൺസാനിയുടെ ഒരു ചെറുകഥയുടെ സ്വതന്ത്രാനുവാദം.

വിളമ്പുകാർ അടുത്തുവരുമ്പോൾ അയാൾ നിശ്ശബ്ദനാകും. അവർ അകലുമ്പോൾ സംഭാഷണം തുടരും.

ഇന്നലെ ഞാനങ്ങയെ ഈ പട്ടണത്തിൽ പലയിടത്തും കണ്ടു. അതിവേഗത്തിൽ ഓടിക്കൊണ്ടിരുന്ന ഒരു കാറിൽ അങ്ങിരിക്കുന്നതു കണ്ടു. പക്ഷെ അങ്ങയെ സമീപിക്കാൻ എനിക്കു കഴിഞ്ഞില്ല. വൈകുന്നേരം അങ്ങ് കടലിൽ കുളിക്കുന്നവരുടെ ഇടയിൽ നീന്തി രസിക്കുന്നതു കണ്ടു. പക്ഷെ കടപ്പുറത്ത് അനവധി ആളുകളുണ്ടായിരുന്നതുകൊണ്ട് അങ്ങയുടെ അടുത്തെത്തുവാൻ എനിക്കു കഴിഞ്ഞില്ല. ഈ പട്ടണത്തിൽവെച്ചുതന്നെയാണ് ഞാനവളേയും പരിചയപ്പെട്ടത്. ഈ പട്ടണത്തിലായതുകൊണ്ടായിരിക്കാം അവൾ എന്നിലും എത്രയോ ഉയർന്ന പലരേയും പരിചയപ്പെട്ടു വിനോദിക്കുന്നത്.”

ഊണു കഴിഞ്ഞ് അയാൾ ഒരു ഗ്ലാസ് ജീരകവെള്ളം കുടിക്കുവാനായി കൈയിലെടുത്തു. ഏതോ ഒരു ഗുളിക അയാൾ അതിലിട്ടു.

ആ ഒഴിഞ്ഞ കസേരയെ നോക്കിക്കൊണ്ടയാൾ തുടർന്നു —

അങ്ങു സാധാരണയായി ഇവിടെ വരാറില്ലായിരിക്കാം. ഇനി അങ്ങയെ ഇവിടെ നിർത്തി വിഷമിപ്പിക്കുന്നില്ല. അങ്ങേയ്ക്ക് പട്ടണത്തിൽ പിടിപ്പതു ജോലിയുണ്ടെന്നെനിക്കറിയാം.

അയാൾ ആ വെള്ളം കുടിച്ചു അരക്ഷണത്തിൽ ആ ഒഴിഞ്ഞ കസാലയുടെ മുമ്പിൽ കമഴ്ന്നടിച്ചു വീണു.

ആ മുറിയിൽതന്നെ ആഹാരം കഴിച്ചുകൊണ്ടിരുന്ന ഒരു ഡാക്ടർ അയാളെ പരിശോധിച്ചിട്ട് പരിഭ്രാന്തനായി നിന്നിരുന്ന ഹോട്ടൽ മാനേജരോടു പറഞ്ഞു ആ യുവാവിന്റെ അതിഥി അവിടെ വന്നുചേർന്നുവെന്ന്.

‘ആ വലിയ നീർപ്പോളയും പൊട്ടി! വെള്ളത്തിൽ എത്രയേറെ സ്ഥലത്തെ അതാവരണം ചെയ്തിരുന്നു എന്നറിയുവാൻ ഒരടയാളവും അവശേഷിച്ചില്ല!

* * * *

കുരുടി

(നാലാങ്കൽ കൃഷ്ണപിള്ള)

പുലരിയിൽഞാനന്നു കണികണ്ടതക്കൊച്ചു
പുലയകിടാത്തിയെയല്ലോ.

യജമാനനാകുമെനിക്കനൽകീടുവാ-
നൊരുപുഷ്പമാല്യവുമായി,
ഉലകിനെ നിദ്രയിൽ നിന്നുമുണർത്തിടു
മുഷസ്സെന്നപോലവൾ വന്നു.
അറിവില്ലവൾക്കു, പരിഷ്കാരവുമില്ല
വെറുമൊരു കാട്ടിലേപ്പക്ഷി.
അവളെയൊരുനോക്കുനോക്കവേ,യെന്നാലു
മലരിട്ടിതാമോദമെന്നിൽ ൧

കനിവോടുവാങ്ങി,യാമാല്യം കഴുത്തിൽഞാ
നണിയവേ കണ്ണുനിറഞ്ഞു.
പരിശുദ്ധമാമൊരു മാനസംകണ്ടുഞാൻ
ചെറുതാമമ്മാലികതന്നിൽ.
കറപിടിക്കാത്ത വിലോലവികാരമാ-
ണ്ണതിനെഴുമോരോദളവും.
ഇളയിലലഭ്യമാം സ്നേഹവർണ്ണമതാ-
ന്നിതളിലോരോന്നിലും മിന്നി.
നിറയുമാത്മാർത്ഥതതൻ സുഗന്ധത്തെയാ-
നറുമാല ചുററും പൊഴിച്ചു. ൨

പരിപേലവമായ് തുടുതുടുപ്പാർന്നൊര-
ച്ചെറുബാലിക തൻകവിളിൽ
ഒരു ചുംബനത്താലരുണിമകൂട്ടിഞാ-
നിതുവിധം ചൊല്ലിനേൻ സ്നേഹാൽ.
"ഉലകിനെ വിണ്ണാക്കുമീമാലതന്നിലും
സുകുമാരിയാണു നീ കുഞ്ഞേ!"
"അറിയുകയില്ലയോ,തമ്പുരാൻ, ഞാനൊരു
കുരുടിയാണെന്നുള്ളകാര്യം"
"അതുസാരമില്ല" ഞാനോതി "യിപ്പൂക്കളും
കുരുടികൾ നിന്നോടുതുല്യം
അനഘമായുള്ളൊരിപ്പൂമാലപോലെ നി-
ന്നകതാരും സൗരഭപൂർണ്ണം.
തവസുന്ദരഹൃത്തുമീമാലയോടൊപ്പം,
ഭുവനത്തിൽ കാണ്മോർ ചുരുക്കം." ൩

ആചാര്യ നന്ദനാൽബോസ്

(കെ, കൃഷ്ണൻനായർ ശാന്തിനികേതനം)

ശാന്തിനികേതനത്തിൽ ഇന്നു് ജീവിച്ചിരിപ്പുള്ള മഹാത്മാക്കളിൽ, ആചാര്യനന്ദനാൽബോസിന്റെ സ്ഥാനം വളരെ പ്രാധാന്യമേറിയ ഒന്നാണു്. അദ്ദേഹം 'കലാഭവന'ത്തിന്റെ അദ്ധ്യക്ഷനത്രേ. ലോകത്തിലുള്ള സുപ്രസിദ്ധ ചിത്രകാരന്മാരുടെ ഇടയിലും അദ്ദേഹത്തിനു് ഗണ്യമായ ഒരു സ്ഥാനമുണ്ടെന്നുള്ളതിനു് തക്കമില്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീരുന്നതിനുവേണ്ടി, ലോകത്തിന്റെ പല ഭാഗത്തുനിന്നും കലാരാധകന്മാർ ഇവിടെ തിക്കിത്തിരക്കാറുണ്ടു്. ഭാരതീയചിത്രകലയുടെ പുനരുദ്ധാരണത്തിന്റെ അസ്ഥിവാരം ആചാര്യ അബനീന്ദ്രനാഥടാഗോറാണു് നിർവ്വഹിച്ചതെങ്കിൽ, നന്ദനാൽബോസാണതിന്റെ പണി പൂർത്തിയാക്കിയെന്നുള്ളതിനു് സംശയമില്ല. അങ്ങനെ ഭാരതീയചിത്രകലയുടെ പുനരുദ്ധാരണത്തിനു് കാരണക്കാരായ രണ്ടു് മഹാത്മക്കളുടെ ജീവചരിത്രം കലാപ്രണയികൾക്കെന്നുമാത്രമല്ല, ഏതൊരു ഭാരതീയനും രസാവഹമായിരിക്കുമല്ലോ. ആചാര്യഅബനീന്ദ്രനാഥടാഗോറിന്റെജീവചരിത്രം സംക്ഷിപ്തമായി മലയാളഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടുതാനും.

1883-ഡിസംബർമാസം 3-ാംനു- നന്ദനാൽ ബീഹാറിൽ 'കരശ്പൂർ' എന്ന ഗ്രാമത്തിൽ ജാതനായി. അദ്ദേഹത്തിന്റെ അച്ഛൻ പൂർണ്ണചന്ദ്രബോസ് 'ഡർബംഗാ' സ്റ്റേററിൽ ഒരുഎൻജിനീയറായിരുന്നു. ബാല്യത്തിൽതന്നെ, നന്ദനാലിനെ മൺവേലക്കാരുടെ പ്രതിമകളുംമററും അതിയായി ആകർഷിക്കുകയും, തൽഫലമായി വിഗ്രഹങ്ങളുണ്ടാക്കുന്നതിൽ സദാജാഗരൂകനാകയും ചെയ്തിരുന്നു. ഏകദേശം 9 വയസ്സുവരെ, ബാലൻ വിഗ്രഹങ്ങളുണ്ടാക്കിയും, പടങ്ങൾ വരച്ചും മററും കഴിച്ചുകൂട്ടി. 1902-ൽ കൽക്കത്തായിൽനിന്നും നന്ദനാൽ മെട്രിക്കുലേഷൻപരീക്ഷ പാസ്സായി. അപ്പോഴൊക്കെ, ചിത്രകലയോടുള്ള മമതയും, വാസനയും ബാലനിൽ വികസിച്ചുകൊണ്ടിരുന്നെങ്കിലും, തദനുസരണമായ അഭ്യസനം ലഭിക്കുവാൻ സാധിച്ചില്ല. പതിവനുസരിച്ചു്, പിതാവു്, ബാലനെ കോളേജിലേക്കയച്ചു. ഭാഗ്യവശാൽ, രണ്ടുവർഷത്തിൽകൂടുതൽ നന്ദനാലിനു് കാളേജു് ജീവിതം തുടരേണ്ടതായി വന്നില്ല. തദനന്തരം, കുറച്ചുനാൾ നന്ദനാൽ, 'കമേഴ്സ്യൽ'കോളേജിൽ പഠിക്കയുണ്ടായി. 1913-ൽ വിവാഹിതനാകുകയും,(?) അതിനുശേഷം, ബോസിനെ പഠിപ്പിക്കുന്നതിനുള്ള ചുമതല ഏറെറടുത്തതു്, അദ്ദേഹത്തിന്റെ ഭാര്യയുടെ അച്ഛന്റെ സഹോദരനായിരുന്നു. പലതവണ, ഇപ്രകാരമുള്ള പഠനങ്ങളിൽനിന്നും വിരമിക്കുവാനുള്ള തൃഷ്ണ നന്ദനാൽ പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നെങ്കിലും രക്ഷകർത്താക്കളുടെ നിർബന്ധപ്രകാരം തുടർന്നുപോകേണ്ടതായിട്ടുതന്നെ വന്നു. വാസനയുള്ള വിഷയങ്ങളിലേയ്ക്കു കുട്ടികളുടെ ശ്രദ്ധ പതിപ്പിച്ചുവിടുന്ന സമ്പ്രദായം നമ്മുടെ രക്ഷകർത്താക്കന്മാർക്ക് തീരെ അപരിചിതമാണല്ലോ. ബി. എ. പരീക്ഷ പാസ്സായാൽ വെറും അമ്പതോ, അറുപതോ, ശമ്പളമേ ലഭിക്കുവാൻ ഗത്യന്തരമുള്ളുവെന്നും

ഒരു ചിത്രം വരച്ചുവിററാൽ നൂറോ, ഇരുനൂറോരൂപാ നിഷ്പ്രയാസം കിട്ടുവാൻ സാധിക്കുമെന്നും, അതിനാൽ ആർട്ട് (Art) സ്ക്കൂളിൽചേർന്നു പഠിക്കുന്നതാണു് നല്ലതെന്നും നന്ദനാൽ, ഒരിക്കൽ രക്ഷകർത്താവിനെ അറിയിച്ചു. കൂടുതൽ പണം സമ്പാദിക്കാവുന്ന മാർഗ്ഗങ്ങളോടാണല്ലോ, രക്ഷകർത്താക്കന്മാർ അനുകൂലിക്കുക പതിവു്. താമസിയാതെതന്നെ ഗവ: ആർട്ട് സ്ക്കൂളിൽ ചേരുവാനുള്ള അനുവാദം നന്ദനാലിനു് ലഭിച്ചു. അന്നു് സ്ക്കൂളിൽ, പ്രിൻസിപ്പാൾ ഇ. ബി. ഹാവലായിരുന്നു. ആചാര്യ അബനീന്ദ്രനാഥടാഗോറും അവിടെ പണിയെടുക്കുകയായിരുന്നു. അപ്പോൾ, അദ്ദേഹം 'ബുദ്ധനും, സുജാതയും', 'വജ്രമകുടം' എന്നീ ചിത്രങ്ങൾ വരച്ചുകൊണ്ടിരിക്കുന്ന കാലമായിരുന്നു. ആദ്യം, നന്ദനാൽ, ആചാര്യ അബനീന്ദ്രനാഥടാഗോറിന്റെ സമീപത്തേക്കായിരുന്നു പോയതു്. ഇററാലിയൻചിത്രകാരനായ 'റഫയലി'ന്റെ 'മഡോനാ' എന്ന ചിത്രത്തിന്റെ ഒരു കോപ്പി താൻതന്നെ വരച്ചിട്ടുണ്ടായിരുന്നതും, നന്ദനാൽ കൊണ്ടുപോയിട്ടുണ്ടായിരുന്നു. സ്ക്കൂളിൽനിന്നും ഓടിവന്നിരിക്കയാണോയെന്നായിരുന്നു, നന്ദനാലിനെ കണ്ടയുടൻ അബനീന്ദ്രനാഥടാഗോർ ചോദിച്ചതു്. എന്നാൽ താൻ മെട്രിക്കുലേഷൻപരീക്ഷ പാസ്സായിട്ടുണ്ടെന്നു നന്ദനാൽ സധീരം മറുപടി പറഞ്ഞു. കൊണ്ടുപോയിട്ടുണ്ടായിരുന്ന പടങ്ങൾ, അബനീന്ദ്രനാഥനു ഇഷ്ടപ്പെടുകയും, ആദ്യത്തെ ക്ലാസിൽ പ്രവേശനം നൽകുന്നതിനു ഏർപ്പാടുചെയ്യുകയും ചെയ്തു. പക്ഷേ അന്നു് ആദ്യത്തെ ക്ലാസിൽപോലും ചേർക്കുന്നതിനു കുട്ടികളെ പരീക്ഷിച്ചിരുന്നു. പതിവനുസരിച്ചു്, നന്ദനാലിനേയും, പ്രാഥമികക്ലാസിലെ അദ്ധ്യാപകൻ പരിക്ഷിക്കുവാൻ തുടങ്ങി. മേശപ്പുറത്തു ഒരു ക്രൂസായോ മറേറാ വച്ചിട്ടു അതു മുഴുവനും വരയ്ക്കുവാൻ പറഞ്ഞു. ആകെ പതിനഞ്ചുമിനിട്ടാണു കൊടുത്തിരുന്നതു്. എന്നാൽ നന്ദനാൽ അഞ്ചുമിനിട്ടുകൊണ്ടു മുഴുവനും വരച്ചുതീർത്തു. പക്ഷേ, അദ്ധ്യാപകൻ തൃപ്തിപ്പെട്ടില്ല. ഇതു തന്നെപ്പററിക്കുവാനുള്ള പണിയല്ലേയെന്നുകൂടി അദ്ദേഹം സംശയിച്ചു. ഉടൻതന്നെ അബനീന്ദ്രനാഥ് അവിടെ വന്നുചേരുകയും, പടം നന്നായിട്ടുണ്ടെന്നും, (?) അതിനാൽ ക്ലാസിൽ ചേർക്കുന്നതിനു് വേണ്ട ഏർപ്പാട് ചെയ്യുകയും ചെയ്തു.

5-വർഷക്കാലം, ഫീസുകൂടാതെ, അവിടെ പഠിക്കുവാൻ സാധിച്ചതിനു പുറമേ സ്ക്കൂളിൽച്ചേർന്നു രണ്ടു വർഷം കഴിഞ്ഞയുടൻ മാസം 12-രൂപാവീതം ഒരു സ്കോളർഷിപ്പും, സമ്പാദിക്കുന്നതിനു്, നന്ദനാലിനു കഴിഞ്ഞു. ഇക്കാലത്തായിരുന്നു ബുദ്ധനും അരയന്നവും, എന്ന ചിത്രം വരച്ചതു്. അക്കാലങ്ങളിൽ പ്രചാരത്തിലിരുന്ന ചിത്രങ്ങളിൽനിന്നും വ്യത്യസ്ഥമായ ഒരു രീതിയായിരുന്നു. അരയന്നത്തിന്റെ പാദം വെറും വൃത്താകൃതിയിലായിരുന്നു വരച്ചിരുന്നതു്. അബനീന്ദ്രനാഥ് അതു തിരുത്തുന്നതിനു മുതിർന്നു. ഈ നൂതനമായ ഘടന അദ്ദേഹത്തിനു തീരെ അപരിചിതമായിരുന്നു. എന്നാൽ, ഹാവൽ, അബനീന്ദ്രനാഥനേത്തടയുകയും, ഈ നൂതനമായ രീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇതിനെത്തുടർന്നാണു് നന്ദനാലിനു്, 'സതി', 'ശിവനും+സതിയും', 'കണ്ണൻ', 'താണ്ഡവനൃത്തം' 'വേതാളപഞ്ചവംശതി', 'ഭീഷ്മന്റെ പ്രതിജ്ഞ', 'ഗാന്ധാരി', 'ധൃതരാഷ്ട്രനും സഞ്ജയനും', മുതലായ സുപ്രസിദ്ധങ്ങളായ ചിത്രങ്ങൾ വരയ്ക്കുവാൻ സാധിച്ചതു്. കൂടാതെ ചില പ്രാചീന മുഗൾ ചിത്രങ്ങൾ പകർത്തുകയും ചെയ്തിരുന്നു. അക്കാലത്തു് കൽക്കത്തയിൽവച്ചു കൂടിയ പ്രദർശനത്തിൽ നന്ദനാലിന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും, 'ശിവനും സതിയും'

എന്ന ചിത്രത്തിന്, ഒന്നാം സമ്മാനമായി അഞ്ഞൂറു രൂപാ ലഭിക്കുകയും ചെയ്തു. ആ രൂപ മുഴുവനും, ഉടൻതന്നെ ദ്വാരക, വൃന്ദാവനം, മധുര മുതലായ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി വിനിയോഗിക്കപ്പെട്ടു.

തത്സമയം ഹാവൽ ദേഹസുഖമില്ലാതെ കുറച്ചുകാലത്തേക്കു് അവധിയെടുക്കുകയും, അബനീന്ദ്രനാഥൻ തൽസ്ഥാനത്തേക്കു നിയമിതനാകുകയും ചെയ്തു. കൽക്കത്താ ആർട്ട്സ്കൂളിൽ, ഒരിന്ത്യാക്കാരൻ പ്രിൻസിപ്പാളാകുന്നതു് അതാദ്യമായിട്ടായിരുന്നു. ഒടുവിൽ, പേർസിബ്രൗൺ എന്ന യൂറോപ്യൻ നിയമിതനാകുകയും ചെയ്തു. അദ്ദേഹം ഭാരതീയ ചിത്രകലയിൽ അതീവ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. ഈ അവസരത്തിൽ അഞ്ചുകൊല്ലത്തെ പഠനം പൂർത്തിയാക്കിക്കഴിഞ്ഞതിനാൽ, നന്ദനാലിനു സ്ക്കൂൾവിട്ടു പോരേണ്ടതായിവന്നു. എന്നാൽ നല്ല ഒരുതുക ശമ്പളത്തിൽ സ്ക്കൂളിൽത്തന്നെ ജോലിനോക്കുന്നതിനു അദ്ദേഹത്തിനെ ക്ഷണിക്കയുണ്ടായി. പക്ഷെ, അബനീന്ദ്രനാഥന്റെ ക്ഷണപ്രകാരം അദ്ദേഹത്തിന്റെ കീഴിൽ പണിയെടുക്കുന്നതിനായി നന്ദനാൽ പോകുകയുണ്ടായി. അക്കാലങ്ങളിൽ പ്രതിമാസം നൂറ-രൂപാ അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരുന്നു. കൂടാതെ, നന്ദനാൽ അബനീന്ദ്രനാഥന്റെ കീഴിൽ പ്രത്യേകം അഭ്യസനം ചെയ്തുവന്നു. അന്നു് അബനീന്ദ്രനാഥൻ 'കൽക്കത്താ ഓറിയന്റൽ ആർട്ട്സ്ക്കൂളി'ൽ പണിയെടുക്കുകയായിരുന്നു. സ്ക്കൂൾ, ടാഗോർകുടുംബത്തിന്റേതായിരുന്നുവെന്നുതന്നെ പറയാം. ഹാവൽതന്നെയായിരുന്നു അതിന്റെയും പ്രിൻസിപ്പാൾ. അദ്ദേഹം ഓറിയന്റൽ ചിത്രകലയിൽ വളരെ താല്പര്യമുള്ള ഒരാളായിരുന്നു. അക്കാലത്താണു് 'ലേഡി,ഹെറിംഗ്ഹാം, 'അജന്താ'ഗുഹകൾ സന്ദർശിക്കുന്നതിനായി ഇന്ത്യയിലേക്കുവന്നതു്. അബനീന്ദ്രനാഥൻ; നന്ദനാലിനെയും വെങ്കിട്ടപ്പയേയും ശമർഗുപ്തയെയും അവരോടൊന്നിച്ചു അജന്തായിലേക്കയച്ചിരുന്നു. യഥാർത്ഥത്തിൽ അജന്താസന്ദർശനം നന്ദനാലിൽ പല പ്രചോദനങ്ങളും വരുത്തിക്കൂട്ടി. അതിനുശേഷം ഗുരുദേവന്റെ ക്ഷണമനുസരിച്ചു്, നന്ദനാൽ 'വിചിത്രാ'യിലുണ്ടായിരുന്ന ചിത്രകലാപരമായ വിഭാഗത്തിന്റെ മേൽനോട്ടം സ്വീകരിക്കുകയുംചെയ്തു. അബനീന്ദ്രന്റെ മറ്റുശിഷ്യന്മാരായ മുകൽദേ, സുരൻകാർ മുതലായവരും അന്നു് 'വിചിത്രാ'യിൽ മെമ്പറന്മാരായിരുന്നു. അടുത്തതായി മുകൽദേ അമേരിക്കൻപര്യടനവും ജപ്പാൻപര്യടനവും കഴിഞ്ഞു തിരിച്ചുവന്നു. ഈയവസരത്തിൽ 'ഹാരിസൻ'എന്ന സുപ്രസിദ്ധനായ ജപ്പാൻചിത്രകാരൻ കൽക്കത്തായിൽ വരികയും, 'വിചിത്രാ'യുടെ അതിഥിയായി താമസിക്കുകയുംചെയ്തു. തദനന്തരം നന്ദനാലിനെ, രവീന്ദ്രനാഥടാഗോറിന്റെ ഭാര്യയായ പ്രതിമാദേവിയെ ചിത്രകല പഠിപ്പിക്കുന്നതിനായി നിയമിച്ചു. ഒരു ക്ലിപ്ത സമയത്തിനുശേഷം അദ്ദേഹം 'ഹൌറാ' ഡിസ്ട്രിക്ടിൽ 'രാജഗഞ്ച്' എന്ന സ്ഥലത്തു പോയി താമസിക്കുവാൻ തുടങ്ങി. ഈയവസരത്തിലാണു്, അദ്ദേഹം ജെ. സി. ബോസിന്റെ സയൻസ് ഇൻസ്റ്റിസ്റ്റ്യൂട്ടിൽ ചുവർചിത്രം വരയ്ക്കുകയും 'അജന്താ'യിൽപ്പോയി ചിത്രങ്ങൾ പകർത്തുകയും ചെയ്യുകയുണ്ടായതു്. 1922-ൽ ഗുരുദേവന്റെ ക്ഷണപ്രകാരം, നന്ദനാൽ ശാന്തിനികേതനത്തിലേക്കു വരുകയും, 'കലാഭവന'ത്തിന്റെ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുകയും ചെയ്തു. അതിനുശേഷമാണു് അദ്ദേഹത്തിന്റെ ജീവിതത്തിലെ രണ്ടാമദ്ധ്യായം സമാരംഭിക്കുന്നതു്. 1921-ൽ 'ഭാഗ' ഗുഹാദ്വാരങ്ങൾ സന്ദർശിച്ചു് ചുവർചിത്രങ്ങൾ പകർത്തിയതും പ്രത്യേകം പ്രസ്താവ്യമാണു്. 1924-ൽ ഗുരുദേവനോടൊന്നിച്ചു് അദ്ദേ

ഹം ചൈനയും ജപ്പാനും സന്ദർശിച്ച്, പുരാതന കലാസമ്പത്തുകൾ പരിശോധിക്കുകയും, ശതാബ്ദങ്ങൾക്കപ്പുറം പ്രചാരത്തിലിരുന്ന അനവധി അമൂല്യങ്ങളായ കലാസമ്പത്തുകൾ ഭാരതത്തിലേക്കു കൊണ്ടുവരുകയും ചെയ്തിരിക്കുന്നു. ശാന്തിനികേതനത്തിൽ വന്നുചേരുന്നതിനുമുമ്പ്, നന്ദനാലിനു കുറച്ചുദിവസം കൽക്കത്തായിലുള്ള ഒരു ആർട്ട്സ്ക്കൂളിൽ ജോലിനോക്കേണ്ടതായിവന്നിട്ടുണ്ട്. ഗാന്ധിജിയുടെ ക്ഷണപ്രകാരം മൂന്നുതവണ 'ലക്നൌ', 'ഫേയിസ്പൂർ', 'ഹരിപുരാ' എന്നീ കോൺഗ്രസ് സമ്മേളനപ്പന്തലുകൾ അലങ്കരിക്കുന്നതിനും പ്രദർശനങ്ങൾ നടത്തിക്കുന്നതിനുമായി അദ്ദേഹം ഹാജരായിട്ടുണ്ട്. ബറോഡ ദർബാറിലുള്ള കീർത്തിമന്ദിരത്തിൽ ചുവർചിത്രം വരയ്ക്കുന്നതിനായി 1939-തിലും 1944-ലും മഹാരാജാവിന്റെ ക്ഷണംസ്വീകരിച്ചു പോയിരുന്നതും സ്മരണീയമാണ്.

നന്ദനാൽ ശാന്തിനികേതനത്തിൽവന്നതിനുശേഷം, ഇവിടെ നടക്കുന്ന സകലപ്രവർത്തനങ്ങൾക്കും തന്റെനേതൃത്വം നൽകുന്നുണ്ട്. ഗുരുദേവൻ അഭിനയിച്ചിട്ടുള്ള നാടകങ്ങളുടെ പൂർണ്ണമായ വിജയം, നന്ദനാലിന്റെ സ്റ്റേജ്ഡയറക്ഷൻകൊണ്ടാണെന്നുള്ളതിനു സംശയമില്ല. ഇന്നും ആണ്ടുതോറും ബോംബെയ്ക്കു പോകാറുള്ള പാർട്ടിയോടുകൂടിപ്പോയി അദ്ദേഹം തന്റെ നേതൃത്വം നൽകിവരുന്നതു തികച്ചും അനുഗ്രഹീതമാണെന്നുതന്നെ പറയാം. ആശ്രമത്തിൽ വന്നതിനുശേഷം അദ്ദേഹത്തിന്റെ കലാപരമായ ജീവിതത്തിനും സാരമായ പരിവർത്തനങ്ങൾ വന്നുകൂടിയിട്ടുണ്ട്. സമീപഗ്രാമങ്ങളിലുള്ള സാധുക്കളായ 'സന്താല്'കളുടെ ജീവിതങ്ങളുമായി കൂടുതൽ അടുത്തുവരുവാൻ സാധിച്ചതോടുകൂടി, അദ്ദേഹത്തിന്റെ കലാപരമായ വീക്ഷണകോണത്തിനുതന്നെ അതീവ വ്യത്യാസം സംഭവിച്ചിരിക്കുന്നു. മുമ്പദ്ദേഹം വെറും പുരാണസംബന്ധമായ വിഷയങ്ങളാണു തിരഞ്ഞെടുത്തിരിക്കുന്നതെങ്കിൽ, ഇന്നു സന്താലുകളുടെഗ്രാമങ്ങളേയും ജീവിതങ്ങളേയും ചിത്രീകരിക്കുന്ന ചിത്രങ്ങളാണു സാധാരണയായി വരയ്ക്കാറുള്ളത്. വിശിഷ്ടനായ ഒരു ചിത്രകാരനെന്നുള്ളതിനു പുറമേ, അദ്ദേഹത്തിന്റെ ജീവിതവും വളരെ മാഹാത്മ്യമേറിയ ഒന്നാകുന്നു.

നന്ദനാലിന്റെ വ്യക്തിപരമായ ജീവിതമഹത്വം ഒട്ടും സാധാരണയല്ല. അദ്ദേഹത്തിന്റെ ജീവിതം വളരെ ലളിതമാണ്. നാഗരികങ്ങളായ പരിഷ്കാരങ്ങൾ ഒട്ടുംതന്നെ അദ്ദേഹത്തെ ബാധിച്ചിട്ടില്ല. ഏറ്റവും വിലകുറഞ്ഞ വസ്ത്രങ്ങൾമാത്രമെ ധരിക്കാറുള്ളു. നന്ദനാലിനെ സന്ദർശിക്കുവാൻ അവസരം ലഭിച്ചിട്ടുള്ളവരൊക്കെ കേവലം അത്ഭുതത്തിനു കീഴടങ്ങുകയാണുണ്ടായിട്ടുള്ളത്. അദ്ദേഹം സാധുക്കളിൽ വളരെ കരുണയുള്ളവനാകുന്നു. അദ്ദേഹത്തിന്റെ കാരുണ്യത്തെമാത്രം ആശ്രയിച്ചു ജീവിക്കുന്ന വിദ്യാർത്ഥികളുണ്ട്. കൊടുംദാരിദ്ര്യം നടമാടിക്കൊണ്ടിരുന്ന കഴിഞ്ഞവർഷം. ദിവസവും നൂറോളം, സമീപവാസികളായ സാധുക്കൾക്കു ഉച്ചഭക്ഷണം നൽകിക്കൊണ്ടിരുന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ഗാന്ധിജി, ഗുരുദേവൻ മുതലായവരുമായിട്ടുള്ള ബന്ധം നന്ദനാലിന്റെ ജീവിതത്തെ സാരമായി സ്പർശിച്ചിട്ടുണ്ട്. കലാപരമായ ശിക്ഷണവും, പ്രചോദനവും പ്രോത്സാഹനവും അബനീന്ദ്രനാഥനിൽനിന്നും ഗുരുദേവനിൽനിന്നും ലഭ്യമായെങ്കിൽ സാധുജനാനുകമ്പ, സേവനസന്നദ്ധത, ആർഭാടമില്ലായ്മ മുതലായ അമൂല്യങ്ങളായ ഗുണങ്ങൾ ഗാന്ധിജിയിൽനിന്ന് അദ്ദേഹത്തിനു ലഭിക്കുവാൻ ഇടയായിട്ടുണ്ട്. നന്ദനാൽ ഖദർവസ്ത്രം ധരിക്കുന്നതിൽ വളരെ

നിർബന്ധമുള്ള ആളാകുന്നു. നന്ദനാലും ഗാന്ധിജിയുമായിട്ടുള്ള അനേകം രസകരങ്ങളായ സംഭവങ്ങളുണ്ടു്. ഒരിക്കൽ, നന്ദനാൽ ഹരിപുരം കോൺഗ്രസ് സമ്മേളനപ്പന്തൽ അലങ്കരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. പ്രവേശനദ്വാരത്തോടനുബന്ധിച്ചുള്ള കോൺഗ്രസ് പതാകയുടെ മുകളിൽ തുണികൊണ്ടു് നെയ്തുണ്ടാക്കിയ ഒരു പുഷ്പം അദ്ദേഹം വച്ചുപിടിപ്പിച്ചിരുന്നു. ഒരു കോൺഗ്രസ്സ്നേതാവ് അതു കാണുകയും, പതാകയുടെ മുകളിൽ യാതൊന്നും വയ്ക്കാൻപാടില്ലെന്നു വാദിക്കുകയും ചെയ്തു. എല്ലാത്തിന്റെയും മുകളിൽ കലയ്ക്കു സ്ഥാനം നല്കണമെന്നുള്ളതായിരുന്നു, നന്ദനാലിന്റെ വാദം. ഒടുവിൽ ഗാന്ധിജിയെ സമീപിച്ചു അഭിപ്രായം ചോദിക്കയുണ്ടായി. നന്ദനാലിന്റെ ഇംഗിതമനുസരിച്ചു ചെയ്യുവാനായിരുന്നു അദ്ദേഹം അഭിപ്രായപ്പെട്ടതു്. കോൺഗ്രസ്സമ്മേളനത്തിൽവച്ചുതന്നെ മറെറാരു രസകരമായ സംഭവമുണ്ടായി. രാഷ്ട്രപതിയെക്കയററിക്കൊണ്ടുവന്നിരുന്ന വണ്ടി കാളകളൊന്നുമില്ലാതെ കിടക്കുകയായിരുന്നു. അതിൽ കുറെ കാളകളെ ഉണ്ടാക്കി നിരത്തുന്നതിനു്, ഗാന്ധിജി നന്ദനാലിനോടു പറകയുണ്ടായി. ഉടൻതന്നെ മുളകൾകൊണ്ടും ബയൻറുകൾകൊണ്ടും നാലഞ്ചു കാളകളുണ്ടാക്കി, അദ്ദേഹം വണ്ടിയെ പൊക്കിനിറുത്തുവാൻ മടിച്ചില്ല. വാസ്തവത്തിൽ എല്ലാപേരും അതിശയത്തിനു കീഴടങ്ങുകയാണുണ്ടായതു്. (?) കാളകൾ വാസ്തവത്തിൽ ജീവനുള്ളവയായിത്തോന്നി. ഗാന്ധിജി നന്ദനാലിനെ വളരെ പ്രശംസിക്കയുണ്ടായി.

പൗരാണികകാലങ്ങളിൽ നടപ്പിലിരുന്ന ഗുരുശിഷ്യബന്ധത്തിന്റെ മാതൃകയറിയണമെങ്കിൽ നന്ദനാലിനേയും, അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളേയും, സമീപിക്കുകയേ തരമുള്ളു. സർവ്വകലാശാലകൾക്കും അദ്ധ്യാപകന്മാക്കും, കലാകാരന്മാരെ സൃഷ്ടിക്കുവാൻ കഴിയുകയില്ലെന്നുള്ള സിദ്ധാന്തത്തോടുകൂടി അദ്ദേഹം പരിപൂർണ്ണമായി യോജിക്കുന്നുണ്ടു്. നന്ദനാൽ തന്റെ കുട്ടികളെ അവരവരുടെ വാസനക്കനുസരിച്ചു് വിടുകയാണു് പതിവു്. ഓരോ വിദ്യാർത്ഥിയുടേയും ജീവിതത്തെ അദ്ദേഹം സൂക്ഷ്മമായി പരിശോധിക്കുന്നതു കാണാം. ഉദാസീനരായ വിദ്യാർത്ഥികളുടെ മുറികളിൽ അവരറിയാതെ കടന്നുചെന്നു്, സാധനങ്ങളൊക്കെ യഥാസ്ഥാനത്തു് ഭംഗിയായി ഒരുക്കിവയ്ക്കുക അദ്ദേഹത്തിന്റെ ഒരുവക വിനോദമാണു്. വിദ്യാർത്ഥികൾ അദ്ദേഹത്തെ ദൈവമായി കരുതുന്നതിൽ അതിശയിക്കാനില്ല.

. വാചകരചനയിൽ ലേഖകൻ വളരെയധികം നിഷ്കർഷിക്കേണ്ടിയിരിക്കുന്നു. ഞങ്ങളാണെങ്കിൽ, ഞങ്ങളുടെ വാരാണസിയായ ശാന്തിനികേതനത്തിൽനിന്നുമാരെന്തയച്ചാലും അതിനെല്ലാം ഒരു പ്രത്യേകത കല്പിക്കുന്നവർ. ആ പ്രത്യേകതയെക്കൊണ്ടു്, അത്ര വലിയ പാഴ്ച്ചുമടു ചുമപ്പിച്ചാലോ? (ടാ. പ.)

ഭാരതഗീതം

[അടുത്തു പ്രസിദ്ധപ്പെടുത്തുവാൻപോകുന്ന യുദ്ധകാഹളം എന്ന കൃതിയിൽനിന്നു്]

A Marching Song

(എം. പി. അപ്പൻ, എം. എ, എൽ. ടി.)

(ബാൻഡമട്ടു്)

ഭാരതാംബികേ, ജയ! — ഭാവുകാത്മികേ, ജയ!
ഭാസുരാപദാനമാർന്ന ഭാഗ്യദായികേ, ജയ!

ലോകധർമ്മദീപികേ! — ത്യാഗകർമ്മനായികേ!
ശ്രീകരാത്മഭാസ്സിനാലുയർന്ന പൊൻപതാകികേ!

രാജപുത്രഭൂഷിതേ! — രാജരാജ ലാളിതേ!
രാജമാനപൌരുഷോഗ്രകർമ്മവീരപൂജിതേ!

തുംഗശൃംഗസംഗതാദ്രിരാജനാലുദഞ്ചിതേ!
ഭംഗഭംഗി പൊങ്ങിടുന്ന ഗംഗയാലലംകൃതേ!

സാരശുഭ്രവാരിരാശിവീചികാസമർച്ചിതേ!
പാരശാരദാർദ്രചന്ദ്രസാന്ദ്രകാന്തിചർച്ചിതേ!

ഭൂതിപൂർണ്ണ പാരിജാത ഭൂരുഹൌഘസേവിതേ!
ഭൂരിമംഗളാഭിരാമസൂനസൌരഭാവൃതേ!

കാർഷികോത്സവപ്രമുഗ്ദ്ധമഞ്ജുഗീതസഞ്ചിതേ!
ആർഷഗാനലോലപാശ്ചാത്യ സാഹിതീശരഞ്ജിതേ!

കോമളാംഗനാനിസർഗ്ഗരാമണീയകോജ്ജ്വലേ!
പ്രേമലോലകാമുകാവലീവിലാസതുന്ദിലേ!

ആഹവോത്സുകോഗ്രയോധകാഹളാരവാകുലേ!
വ്യൂഹഭാസിതാഭിമാനധീരപുത്രസങ്കുലേ!

സീമയെന്നിയേപടർന്ന നിൻമഹത്വമോർക്കവേ
രോമഹർഷമാർന്നിടുന്നു മർത്ത്യലോകമാകവേ

സോമവല്ലരീരസംനുകർന്നൊരാര്യവീരർതൻ
സാമഗീതിയാൽക്കുളിർത്തനാൾമുതൽക്കിതേവരെ

സാന്ധ്യമേഘമാലപോലെയെത്രവിപ്ലവങ്ങൾതൻ
കാന്തികണ്ടു നിന്നിടുന്നു നീയചഞ്ചലാത്മികേ!

മഞ്ഞുനീർക്കണങ്ങൾപോലെയെത്രരാഷ്ട്രഭാസ്സുകൾ
മാഞ്ഞുപോയിനീയഭംഗശോഭയാർന്നിൽക്കവേ

എത്രഘോരവേനൽതന്നെയേൽക്കിലും ശരിക്കുനിൻ
തീർത്ഥവാരി നിർഗ്ഗളിച്ചിടുന്നു ശാന്തിഗീതിപോൽ.

പൂരിതാഭപൂണ്ടുനിന്റെ പുണ്യകർമ്മവേദിയിൽ
ജീവിതാർപ്പണം നടത്തിടുന്ന നിൻസുതർക്കഹോ

ചാരിതാർത്ഥ്യമെന്നുവാൻ വരേണ്ടതുള്ള പാർക്കിൽ
പാവിതാഖിലാണ്ഡഗോളയായെഴും പ്രഭാമയേ!

പോർക്കളത്തിലെന്നപോൽ തപോവനാന്തരത്തിലും
പ്രോജ്ജ്വലിച്ചിടുന്നു നിന്റെ പുത്രരഗ്ര്യപംക്തിയിൽ

ഭിന്നവർണ്ണമാർന്നിടുന്ന ഞങ്ങൾ നിന്റെ പൂജയാൽ
ഒന്നുചേർന്നലിഞ്ഞൊരൊറ്റ സൗഹൃദപ്രകാശമായ്.

ദാരുണാസിധാരയാലഭൗമ പൗരുഷത്തിനാൽ
ശൗര്യമോടരിഞ്ഞരിഞ്ഞരാതിയെത്തകർക്കുവാൻ

ബാഹുവീര്യമെപ്പൊഴും തിളച്ചിടുന്ന ഞങ്ങളിൽ
ഭാരതാഭിമാനപൂരജൃംഭിത പ്രദീപ്തിയിൽ.

കാഞ്ചനാഭ തഞ്ചിടുന്ന നിന്റെ തേർ അനാമയം
കാലമാനരഥ്യയിൽ സ്വതന്ത്രമായ് ഗമിക്കുവാൻ

ക്ഷത്രവീരപൗരുഷം കലർന്നു പിൻതുണയ്ക്കു, ഹാ!
എത്രയെത്ര കോടിയാണു ഞങ്ങൾ നില്പതംബികേ!

ചേണിൽ നിന്റെ വൈജയന്തി പൊങ്ങിടട്ടെ ഞങ്ങൾതൻ
പ്രാണവായുവാലധൃഷ്യ ശക്തിയാർന്നു മേൽക്കുമേൽ.

ആ വിശിഷ്ട വൈജയന്തി മിന്നിടട്ടെ ഞങ്ങൾതൻ
ജീവരക്തബിന്ദുവാൽ നിറം തെളിഞ്ഞു മേൽക്കുമേൽ

തങ്കറാണിമാർ തൊഴുന്ന നീ ജയിക്ക ഞങ്ങൾതൻ
കൺകുളിർത്തിടാവു നിൻസ്വതന്ത്രകാന്തിധാരയാൽ!

തേജോഗോളം

K. Rama Kurup B. A., B. L.

തെളിഞ്ഞ ഒരു ശരൽകാലരാത്രിയിൽ ആകാശത്തു് അനേകം തേജോഗോളങ്ങൾ നമ്മുടെ ദൃഷ്ടിക്കു വിഷയമാവുന്നുണ്ടല്ലോ. പകൽ പ്രതാപനിധിയായ ഭഗവാൻ ഭാസ്കരനും, ഇവയുടെ സ്ഥാനത്തേയും സഞ്ചാരപരിധിയേയും പരിഗണിച്ചു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ആകാശഭാഗത്തെ സൗരയൂഥമെന്നും നക്ഷത്രമണ്ഡലമെന്നും വിഭജിക്കുന്നുണ്ടു്. സൂൎയ്യനും സൂൎയ്യനേച്ചുററുന്ന ഗ്രഹങ്ങളും ഗ്രഹങ്ങളുടെ ചന്ദ്രന്മാരും (ഉപഗ്രഹങ്ങൾ) സൗരയൂഥത്തിലും ബാക്കിയുള്ളതെല്ലാം നക്ഷത്രമണ്ഡലത്തിലും ഉൾപ്പെടുന്നു. ഗ്രഹങ്ങൾ സ്വയംപ്രകാശമില്ലാത്തവയും സൂൎയ്യപ്രഭതട്ടി പ്രകാശിക്കുമ്പോൾ സ്ഫടികോജ്ജ്വലത്തുകളായി കാണപ്പെടുന്നവയുമാണു്. നക്ഷത്രങ്ങളാകട്ടെ സൗരയൂഥത്തിൽനിന്നും വളരെ വളരെ ദൂരത്തിൽ സ്ഥിതിചെയ്യുന്നവയും സങ്കുചിതവിസ്താരിതശോഭങ്ങ (അടഞ്ഞും തുറന്നും വെട്ടിവെട്ടി പ്രകാശിക്കുന്നവ)ളുമാണു്. ബുധൻ (Mercary), ശുക്രൻ (Venas), ഭൂമി (Earth), ചൊവ്വാ (Mars), വ്യാഴം (Jupiter), ശനി (Saturn) യുറാനസ്സ് നെപ്ട്യൂൺ, പ്ല്യൂട്ടോ ഒൻപതാണു് പാശ്ചാത്യമതപ്രകാരം ഗ്രഹങ്ങൾ.

“അസൗ ആദിത്യോ ബ്രഹ്മ, എന്നു വേദത്തിൽ പ്രസ്താവിച്ചിട്ടുള്ള സൂൎയ്യനെ പ്രദക്ഷിണം ചെയ്യുകയാണു് ഗ്രഹങ്ങൾ ചെയ്യുന്നതെന്നു മേൽ പ്രസ്താവിച്ചുവല്ലോ. സൂൎയ്യനും ഗ്രഹങ്ങൾക്കും സൂൎയ്യനു ഏററവും അടുത്തുനില്ക്കുന്ന നക്ഷത്രത്തിനും തമ്മിലുള്ള ദൂരവും ആകൃതിവ്യത്യാസവും രസകരമായ ഒരു ദൃഷ്ടാന്തംകൊണ്ടു് സുപ്രസിദ്ധ ജ്യോതിശ്ശാസ്ത്രവിശാരദനായ ഹർസ്കൺകുറി ഒന്നുണ്ടു്. രണ്ടടിവ്യാസമുള്ളൊരു ഗോളത്തെ സൂൎയ്യനാണെന്നും സങ്കല്പിച്ചു്, ഒരു മൈതാനത്തിന്റെ നടുക്കു സ്ഥാപിക്കുക. അതിൽനിന്നും 82അടി അകലത്തിൽ ഒരു കടുകുമണി വച്ചാൽ അതു ബുധനായി. അപ്പോൾ ബുധന്റെ ഗ്രഹപഥത്തിനു 164 അടിവ്യാസം ഉണ്ടായിരിക്കുമല്ലോ. സൂൎയ്യന്റെ ചുററുമായി 284അടി വ്യാസം വരുന്ന ഒരു സ്ഥാനത്തു വയ്ക്കുന്ന ഒരു പയററുമണി ശുക്രനാകട്ടെ; 430അടി വ്യാസം വരുന്ന ഒരു മണ്ഡലത്തിൽ വയ്ക്കുന്ന ഒരു പയററുമണി ഭൂമി; 654അടി വ്യാസമുള്ള പരിധിയിൽ വയ്ക്കുന്ന ഒരു മൊട്ടുസൂചിത്തല ചൊവ്വ; 2600അടി വ്യാസത്തിൽ വയ്ക്കുന്ന ഒരു നാരങ്ങ വ്യാഴം; 4200അടി വ്യാസത്തിൽ വയ്ക്കുന്ന ഒരു ചെറുനാരങ്ങ ശനി; ഒന്നരമൈൽ വ്യാസമുള്ള ഒരു പരിധിയിൽ ഒരു കടുക്കാ വച്ചാൽ അതു യുറാനസ്സ്. രണ്ടരമൈൽവ്യാസത്തിൽ മറെറാരു കടുക്കാ വച്ചാൽ അതു നെപ്ട്യൂൺ; 8000മൈൽ ദൂരത്തിൽ ഒരു സാധനം സ്ഥാപിച്ചാൽ അതു സൂൎയ്യനോടു് ഏററവും അടുത്തു നില്ക്കുന്ന നക്ഷത്രം. പ്ലൂട്ടോ കണ്ടുപിടിക്കുന്നതിനു മുമ്പുള്ള ഒരു ദൃഷ്ടാന്തമാണു് ഇതു്.

ഈ സാധനപാഠം ഏററവും ആലോചനാമൃതമാണു്. എങ്കിലും സൂൎയ്യനും ഗ്രഹങ്ങളും നക്ഷത്രങ്ങളും തമ്മിലുള്ള ദൂരം യഥാൎത്ഥമായി മനസ്സിലാക്കുന്നതിനു പത്തുകൊ

ണ്ടും നൂറുകൊണ്ടും മാത്രം കൈകാര്യം ചെയ്യുന്ന പരിമിതാശയന്മാരായ നമുക്കു കഴിയുന്നില്ല. നാം അധിവസിക്കുന്ന ഭൂമിയുടെ പൃഷ്ഠത്തിൻെറ വിസ്താരം പാശ്ചാത്യസിദ്ധാന്തമനുസരിച്ചു 197,000,000 ചതുരശ്രമൈലാണു്. അതിൻെറ ഭാരം 6576,000 000,000,000,000,000,ടൺ ആണെന്നു ഒരു വിദ്വാൻ കണക്കാക്കിയിട്ടുണ്ടു്? വ്യാസം 7912-ം ചുററളവു് 24000-ം മൈലാണു്. ഇത്രഭാരവും വിസ്താരവുമുള്ള ഈ മഹാഗോളം മണിക്കൂറിൽ 65,000മൈൽ വേഗത്തിൽ ആദിത്യനെ ചുററിസ്സഞ്ചരിക്കുന്നു. ഈ മഹാവേഗപ്രയാണത്തിൽ നമ്മളും ഉൾപ്പെടുന്നു. എന്നാൽ, നമ്മൾ അതറിയുന്നില്ല!! ചന്ദ്രൻ ഭൂമിയെ ആശ്രയിച്ചു തിരിയുന്ന ഒരുപഗ്രഹമാകുന്നു.

സൂര്യനാണെങ്കിൽ, ഭൂമിയിൽനിന്നു 92,900,000 മൈൽ ദൂരെസ്ഥിതിചെയ്യുന്നു. അതാണു് സൗരയൂഥത്തിൻെറകേന്ദ്രം; സ്വന്തം അച്ചുതണ്ടിൽ സെക്കണ്ടൊന്നിനു 12½ മൈൽവീതം കറങ്ങുകയും ആശ്രിതന്മാരായ ഗ്രഹോപഗ്രഹങ്ങളേയുംകൊണ്ടു് സദാ ബ്രഹ്മാണ്ഡത്തിൽ സഞ്ചരിക്കുകയും ചെയ്യുന്നു-12,25,043, ഭൂഗോളങ്ങളെ തട്ടിയുരുട്ടിയെടുത്താൽ ഒരു സൂര്യനാകും. ഇത്ര ഭീമപ്രമാണമായ ഭാസ്കരബിംബത്തെ 'ബ്രഹ്മ'മെന്നു വിവക്ഷിച്ചതു ഏററവും അർത്ഥവത്താണു്. ചൂടു് ബഹിർഭാഗത്തു 10000-ം അന്തർഭാഗത്തു നാനൂറുലക്ഷം ഡിഗ്രിയുമാണു്. ഇത്രയും ചൂടിൻെറ സാന്നിദ്ധ്യത്താൽ ദ്രവരൂപത്തിൽ മാത്രം ഇരിക്കാവുന്ന ഈ സൂര്യഗോളം ചിന്നിച്ചിതറിപ്പോകാതിരിക്കുന്നതു് ഭൂമിയുടേതിൻെറ നാലായിരംകോടി ഇരട്ടി സമ്മർദ്ദമുള്ള വായുമണ്ഡലത്തിൻെറ സമ്മർദ്ദംകൊണ്ടാണെന്നു സർ ജാൺഹെർഷൽ അഭിപ്രായപ്പെട്ടു. സൂര്യനു് ഏററവും അടുത്തുനില്ക്കുന്ന ഗ്രഹം ബുധനാണു്. എങ്കിലും, ആ ബ്രഹ്മം ബുധനെ 36ലക്ഷംമൈൽ ദൂരെ അകററിനിറുത്തിയിരിക്കുന്നു. ഏററവും സമീപസ്ഥലമാകയാൽ സ്വന്തം അച്ചുതണ്ടിൽ നിന്നു സ്വതന്ത്രമായി തിരിയുന്നതിനുപോലും സൂര്യൻ അതിനെ അനുവദിക്കുന്നില്ല. അതിനാൽ ഒരു വശംമാത്രം എപ്പോഴും സൂര്യന്നഭിമുഖമായിരിക്കും. ആകർഷണശക്തി കുറവായതിനാൽ വായുമണ്ഡലം ഇല്ലെന്നാണു് ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. 88ദിവസംകൊണ്ടു് ഒരു പ്രാവശ്യം സൂര്യനെ ചുററിവരുന്നുണ്ടു്. അടുത്തു ദൂരെനില്ക്കുന്ന ഗ്രഹം ശുക്രനാണു്. സൂര്യനിൽ നിന്നും ആറുകോടി എഴുപതുലക്ഷംമൈൽദൂരെസ്ഥിതിചെയ്യുന്നു, സൂര്യനെ ഒരു പ്രാവശ്യം ചുററുന്നതിനു 225 ദിവസം വേണം. അമച്ച്യുള്ളവായുമണ്ഡലം ഉണ്ടെങ്കിലും ജീവസന്ധാരണത്തിനുള്ള പ്രാണവായു ഉണ്ടോഎന്നുള്ള കാര്യം ഇതുവരെ സിദ്ധാന്തദശയിൽ എത്തിയിട്ടില്ല. ചൊവ്വാ സൂര്യനിൽനിന്നു പതിനാലുകോടിപത്തുലക്ഷംമൈൽ ദൂരെയാണു്. സൂര്യനെച്ചുററുന്നതിൽ 687 ദിവസംവേണം. വലിപ്പം ഭൂമിയുടേതിൻെറ ½ ആണു്. ജീവജാലം ഉണ്ടോ ഇല്ലയോ എന്നുള്ള കാര്യം അനുമാനദശയിൽഇരിക്കുന്നതേയുള്ളൂ. ചൊവ്വായെച്ചുററുന്ന രണ്ടുപഗ്രഹങ്ങൾ ഉണ്ടു്. വ്യാഴത്തിനു ഭൂമിയുടെ 165 ഇരട്ടിവലിപ്പവും സൂര്യനിൽനിന്നും 48 കോടി 30 ലക്ഷം മൈൽ ദൂരവും ഉണ്ടു്. സൂര്യനെ ഒന്നു ചുററിവരുന്നതിനു 11 കൊല്ലവും 318 ദിവസവും (4333 ദിവസം) വേണം. വ്യാഴത്തിനു ഒൻപതു ചന്ദ്രന്മാരുണ്ടു്. ശനിയാണു് ഏററവും വലിയഗ്രഹം. സൂര്യനിൽ നിന്നും 88 കോടി 60 ലക്ഷം മൈൽ ദൂരെയാണു് അതു നിൽക്കുന്നതു്. സൂര്യനെ ഒന്നുചുററിവരുന്നതിനു 29½ കൊല്ലം വേണം. കാഴ്ചയ്ക്കു് അതിരമണീയമായ ഈ ഗ്രഹത്തിനു പത്തു ചന്ദ്രന്മാരുണ്ടു്. യുറാനസ് സൂര്യനിൽനിന്നും,നൂററിഎഴുപത്തെ

ട്ടു കോടി മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്നു. സൂര്യനെ പ്രദക്ഷിണം വയ്ക്കുവാൻ 84 കൊല്ലം വേണം. നെപ്ട്യൂൺ സൂര്യനിൽനിന്നും 279 കോടി 30 ലക്ഷം മൈൽ ദൂരെയാണു്. സൂര്യനെച്ചുററുന്നതിനു $164\frac{3}{4}$ കൊല്ലം വേണ്ടിയിരിക്കുന്നു. പ്ലൂട്ടോയ്ക്കു് 250 കൊല്ലവും വേണം സൂര്യനെചുററി ഒരു പരിവൃത്തി അവസാനിപ്പിക്കുവാൻ. അതിബുദ്ധിമാനായ മനുഷ്യന്റെ നവീനോപകരണങ്ങൾക്കു വിഷയമാകാതെ ഈ ഗ്രഹം 1930 വരെ ബ്രഹ്മാണ്ഡത്തിൽ സ്വച്ഛന്ദസഞ്ചാരംചെയ്തു. ഈ മഹാഗ്രഹങ്ങൾക്കിടയിൽ എത്രയോ ഉപഗ്രഹങ്ങൾ യാതൊരു സംഘട്ടനവും, അപഥസഞ്ചാരവുംകൂടാതെ നിയന്ത്രിതമായ നിബന്ധനകൾക്കു് വിധേയമായി നിലകൊള്ളുന്നു.

ഹെർസ്കലിന്റെ സാധനപാഠദൃഷ്ടാന്തത്തിൽ സൂര്യസ്ഥാനത്തുനിന്നും 82 അടി ദൂരെവച്ച കടുകുമണി സൂചിപ്പിച്ചതു 36 ലക്ഷം മൈൽ ദൂരെ സ്ഥിതിചെയ്യുന്ന ബുധനെയാണല്ലോ. സൂര്യസ്ഥാനത്തുനിന്നും 8000 മൈൽ ദൂരെ ഒരു സാധനംവച്ചാൽ അതു സൂര്യനു ഏററവും അടുത്തുള്ള ഒരു നക്ഷത്രമായി എന്നും ആ സാധനപാഠത്തിൽനിന്നും നമ്മൾ ഗ്രഹിച്ചു. ഇതിൽനിന്നും അടുത്തുള്ള നക്ഷത്രം എത്രയോ കോടി മൈൽ ദൂരെയാണെന്നു നമുക്കു് ഏറെക്കുറെ അനുമാനിക്കാൻ കഴിയും. വെളിച്ചം സെക്കൻറിൽ 1864,000 മൈൽ സഞ്ചരിക്കുന്നു ഈ കണക്കനുസരിച്ചു ഒരുകൊല്ലംകൊണ്ടു് പ്രകാശം സഞ്ചരിക്കുന്ന ദൂരത്തെയാണു് ആധുനികജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഒരു പ്രകാശവർഷം എന്നു വിവക്ഷിക്കുന്നതു്. ഭൂമിയിൽനിന്നും ഒമ്പതേകാൽ കോടി മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന സൂര്യന്റെ ഒരു കിരണം ഭൂമിയെ സ്പർശിക്കുന്നതിനു എട്ടുമിനിട്ടു മതി. എന്നാൽ ഏററവും അടുത്തുള്ള ഒരു നക്ഷത്രത്തിൽനിന്നും പുറപ്പെടുന്ന ഒരു രശ്മി ഭൂമിയിലെത്തുവാൻ $4\frac{1}{2}$ പ്രകാശവർഷം വേണമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഓണംനക്ഷത്രത്തിന്റെ പ്രകാശം ഇങ്ങെത്തുവാൻ 14 കൊല്ലം അഗസ്ത്യൻ നക്ഷത്രത്തിൽനിന്നു പുറപ്പെടുന്ന ഒരു കതിരു് ഇങ്ങെത്തുമ്പോഴേക്കു് 300 പ്രകാശവർഷം കഴിയുന്നു. Rige നക്ഷത്രത്തിന്റെ പ്രകാശവർഷം ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ചോതിനക്ഷത്രം ഭൂമിയുടെയും സൂര്യന്റെയും ഇടയിൽക്കൂടി കടന്നുവന്നാൽ, അതു രണ്ടു ഗോളങ്ങളേയും സ്ഥാനഭ്രംശം ചെയ്യിക്കുമെന്നു് ഒരു ഗോളശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു. അത്ര വലുതാണു് ആ നക്ഷത്രം! സൂര്യനേക്കാൾ 150 ഇരട്ടി പ്രഭയുള്ള നക്ഷത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. പ്രകാശവത്തുകളായ നക്ഷത്രങ്ങളുടെ ഇടയിൽ അനേകം കറുത്ത നക്ഷത്രങ്ങളുണ്ടെന്നും, അവയുടെ രശ്മി ഭൂമണ്ഡലത്തെ ഭസ്മമാക്കാതിരിക്കുന്നതു് ഇവിടെയുള്ള ഓസോൺ-ന്റെ സാന്നിധ്യംകൊണ്ടാണെന്നും, അവയിൽ ചിലതിനു സൂര്യന്റേതിനേക്കാൾ മൂന്നിരട്ടി ചൂടുണ്ടെന്നും ഡാക്ടർ ആൽബെട്ടു് എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഭൂമിയും സൂര്യനുമായുള്ള അന്തരത്തിൽ ലൈസൻ എന്ന നക്ഷത്രം വന്നാൽ, ഭൂമി ചാമ്പലായിപ്പോകുമെന്നു് ഡാക്ടർ സി. ജി. ആപ്ററു് ഖണ്ഡിതമായി പ്രസ്താവിക്കുന്നു. സൂര്യനേക്കാൾ പതിനായിരം മടങ്ങു ചൂടുള്ള അനേകം നക്ഷത്രങ്ങൾ ബ്രഹ്മാണ്ഡത്തിൽ ഉണ്ടായിരിക്കുമെന്നും അദ്ദേഹം ഊഹിക്കുന്നുണ്ടു്. ആദിത്യനേക്കാൾ മഹത്തായ 'ബ്രഹ്മ'ങ്ങൾ നക്ഷത്രമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നു!

ആകെയുള്ള ബ്രഹ്മാണ്ഡത്തിന്റെ എത്ര അംശം മനുഷ്യനിരീക്ഷണത്തിനു വിധേയമായിട്ടുണ്ടെന്നു ആർക്കു് പറയാൻ കഴിയും? നമ്മെ നോക്കിനില്ക്കുന്ന തേജോഗോളങ്ങ

സൂഫീസം

(കെ. മുഹമ്മദലി, ബി. എ., എൽ. ടി.)

അനിർവചനീയമായ ആത്മീയാനുഭൂതിയാണ് സൂഫിസം. പഞ്ചേന്ദ്രിയങ്ങളുടെ അനുഭവവേദ്യതയിൽനിന്നു അതീതമായ ഒന്നിനെ നിർവചനവൃത്തത്തിൽ നിറുത്തുക സുകരമല്ല. സൂഫിപണ്ഡിതനായ അബ്ദുൽഹുസ്സൈയിൽ നൂറി, സൂഫിസത്തെ ഇങ്ങനെ നിർവചിക്കുന്നു: "സൂഫിസം പ്രത്യേകമായ ഒരു സിദ്ധാന്തമല്ല, ഒരു പ്രമാണമല്ല. ആത്മീയാനുഭൂതിയാണ്. അതൊരു സിദ്ധാന്തമാണെങ്കിൽ അനുകരിക്കാമായിരുന്നു; ഒരു പ്രമാണമാണെങ്കിൽ പഠിക്കാമായിരുന്നു." ജുനൈദ് എന്ന മഹാൻ, സൂഫീസത്തെ നിർവചിക്കയല്ല, ഇപ്രകാരം വിവരിക്കുന്നു: "ഇച്ഛകളുടെ കൈയേറ്റത്തിൽനിന്നു മനസ്സിനെ സ്വതന്ത്രമാക്കുക; പ്രകൃതിയുടെ അവകാശങ്ങളിൽനിന്നു പിൻവാങ്ങുക; മനുഷ്യപ്രകൃതിയെത്തന്നെ ഉച്ചാടനംചെയ്യുക; ഇന്ദ്രിയാശകളെ ധമനംചെ

ളുടെ പരിമാണവും, പ്രകാശഭരവും പരിഗണിക്കുമ്പോൾ, പ്രകൃതിവിജയത്തിനു പുറപ്പെട്ടിരിക്കുന്ന മനുഷ്യൻ നിസ്സാരമായ ഒരു പരമാണുമാത്രം! അപ്രമേയമായ ഈ ബ്രഹ്മാണ്ഡത്തിൽ സർവ്വശക്തമായ ഒരുമഹാഹസ്തം നാം കാണുന്നില്ലേ? അതിന്റെ സൃഷ്ടിസംവിധാനങ്ങളിൽ അചിന്ത്യമായ ഒരു സംകല്പശക്തി അന്തർഭവിക്കുന്നു. ഈശ്വരൻ പോലും സ്വന്തം സൃഷ്ടിയെന്നു തമ്പേറടിക്കുന്ന ഈ അല്പന്റെ കണ്ണുതുറപ്പിക്കുന്നില്ലേ ഈ ബ്രഹ്മാണ്ഡചരിത്രം? നാം കൈകാര്യം ചെയ്യുന്നതും നമുക്കനുഭവപ്പെടുന്നതും ആയ വസ്തുക്കളും- നമ്മളും വാസ്തവത്തിൽ വലുതല്ലെന്നുള്ള ഒരനുഭവം ഈ ബ്രഹ്മാണ്ഡസഞ്ചരത്തിൽ നമുക്ക് ലഭിക്കുന്നു. ബ്രഹ്മാണ്ഡത്തിന്റെ പുറംതട്ടുകളിൽ അന്വേഷിച്ചിട്ട്, അല്പജ്ഞനായ മനുഷ്യൻ പറയുന്നു ഈശ്വരൻ ആരൂപനെന്ന്. കാണുന്ന സകലതും യാദൃച്ഛികമാണെന്നു മനുഷ്യന്റെ യുക്തിവാദം കാഹളം മുഴക്കുകയും ചെയ്യുന്നു!! ബ്രഹ്മാണ്ഡരഹസ്യത്തിലേയ്ക്കു മനുഷ്യൻ കടക്കുമ്പോൾ അഹംകാരമൂർത്തിയായ അവനിൽ വിനയം സംജാതമാകുന്നു. അവന്റെ വമ്പും ഉഗ്രവാദസംരംഭങ്ങളും എല്ലാം അസ്തമിച്ച്, അവൻ ഭക്തിപരവശനായി ആ പരാശക്തിയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്യുന്നു. ഇതാണു സാക്ഷാൽ ജ്ഞാനയോഗം. ജ്യോതിശ്ശാസ്ത്രപഠനം മനുഷ്യനെ വിജ്ഞാനിയും, വിനീതനും, പരമഭക്തനുമാക്കുന്നു എന്ന് മഹാത്മാഗാന്ധി അഭിപ്രായപ്പെട്ടിട്ടുള്ളതു ഈ അവസരത്തിൽ സ്മരണീയമാണ്. ഈ ഗോളങ്ങളെല്ലാം, സൃഷ്ടിക്കാനും ഉപസംഹരിക്കാനും, സ്വാത്മനി ലയിപ്പിക്കാനും ശക്തിയുള്ള ഒരു മഹാശക്തിയെ ലക്ഷ്യമാക്കി ശീഘ്രഗമനം ചെയ്യുന്നു എന്നുകൂടി ആധുനികപണ്ഡിതന്മാർക്കും അഭിപ്രായമുണ്ട്. അമ്പോ ഈശ്വരശക്തി!!

യുക; ആത്മീയഗുണങ്ങളെ കൈവരുത്തുക; ആത്മീയമായ ജ്ഞാനസിദ്ധികൊണ്ടു ഉണരുക, പുനർജ്ജനിക്കുക, സൽക്കർമ്മം മാത്രം അനുഷ്ഠിക്കുക—ഇതാണു്. സൂഫീസത്തിന്റെ ആദർശം." ആത്മവിനയനംകൊണ്ടു് പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനേയും സംശുദ്ധമാക്കുകയെന്നുള്ളതാണു സൂഫിയുടെ പ്രഥമലക്ഷ്യം.

സുപ്രസിദ്ധ വനിതാസൂഫിയായ 'റാബിയാ' എന്ന മഹതി ആനന്ദലഹരിയിൽ മതിമറന്നു് ഉൽഘോഷിച്ച വചനങ്ങൾ സൂഫിസത്തെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുന്നതിനു പര്യാപ്തങ്ങളാണു്. "സ്രഷ്ടാവെ! അങ്ങു് എനിക്കു നീക്കിവച്ചിട്ടുള്ള ഐഹികങ്ങളായ ഗുണങ്ങളെല്ലാം അങ്ങയുടെ ശത്രുക്കൾക്കു നൽകിയാലും. പരലോകത്തു് അങ്ങു എനിക്കു ഒരുക്കിയിട്ടുള്ളതെല്ലാം അങ്ങയുടെ മിത്രങ്ങൾക്കു കൊടുത്താലും. അങ്ങുമാത്രം എനിക്കു മതി. അങ്ങയെമാത്രംകൊണ്ടു ഞാൻ തൃപ്തിയടയുന്നു." ഒരിക്കൽ, ആ മഹതിയെ വിവാഹബന്ധത്തിൽ ഏർപ്പെടുത്തുവാൻ വീട്ടുകാർ തീർച്ചയാക്കി. അപ്പോൾ റാബിയാ പറയുകയാണു്. "ഞാൻ മുമ്പേതന്നെ വിവാഹിതയാണു്. അതിനുശേഷം, ഞാൻ നിശ്ശേഷം അവന്റെ അധീനത്തിലാണു്. അല്ല, ഞാൻ അവൻതന്നെയാണു്. എന്നെ മണവാട്ടിയായിട്ടാശിക്കുന്നവൻ, എന്നോടല്ല, അവനോടു ചോദിക്കു." രോഗശയ്യയിൽ കിടന്നുകൊണ്ടു് ആ തരുണി, രോഗകാരണം ഇങ്ങനെ വിശദീകരിക്കുന്നു: "സ്വർഗ്ഗസുഖങ്ങളെക്കുറിച്ചു ചിന്തിച്ചു ഞാൻ ഉരിതപ്പെട്ടു. എന്റെ നാഥൻ, തന്നിമിത്തം, എന്നെ ശിക്ഷിച്ചു."

ദൈവകല്പനയും സർവ്വവിധേയനായ ചെല്ലാജ്ജുമൻസൂർ,

"നിന്റെ ആഗ്രഹം നിർവ്വഹിക്കപ്പെ
ട്ടും, നാഥാ! യജമാനാ!
നിന്റെ കല്പന അനുസരിക്കപ്പെട്ടും
എന്റെ ലക്ഷ്യമേ! അർത്ഥമേ!'
എന്റെ സർവ്വസാരമേ! എന്റെ
ആഗ്രഹത്തിന്റെ ആദർശമേ!
എന്റെവചനമേ! എന്റെ ചൈതന്യമേ!
എന്റെസർവ്വസ്വമേ! എന്റെ ശ്രവണമേ!
എന്റെ സർവ്വാംഗമേ!" എന്നിങ്ങനെ പാടിപ്പാടി സ്രഷ്ടാവും സൃഷ്ടിയും അവിഭാജ്യമായ ഏകഭാവത്തിൽ എത്തിച്ചേരുന്ന സമ്മേളനാവസ്ഥയെ അദ്ദേഹം പ്രകീർത്തനംചെയ്യുന്നു.

സ്രഷ്ടാവിനോടുള്ള പ്രേമം ജലാലുദ്ദീൻ റൂമിയിൽനിന്നു ബഹിർസ്ഫുരിക്കുന്നതിങ്ങനെയാണു്.

ഒന്നിനെ ഞാൻ ആരായുന്നു; ഒന്നിനെ ഞാൻ അറിയുന്നു; ഒന്നിനെ ഞാൻ കാണുന്നു; ഒന്നിനോടു ഞാൻ അർത്ഥിക്കുന്നു.

അവൻ ആദ്യം; അന്ത്യം; ബഹിർഭാഗം; അന്തർഭാഗം; ഞാൻ മററാരെയും അറിയുന്നില്ല. ഞാൻ അറിയുന്നതു് "യാഹൂ-യാമൻഹൂ" (ദൈവനാമപര്യായങ്ങൾ) മറെറാരുഭാഗത്തു അദ്ദേഹം പറയുന്നു. "എന്റെ സ്ഥാനം സ്ഥാനരഹിതമാണു്; എന്റെ മാർഗ്ഗം മാർഗ്ഗരഹിതമാണു്. ശരീരവും ആത്മാവുമല്ല. ഞാൻ എന്റെ പ്രിയയുടെ ആത്മാവോടുകൂടിയാണു്."

കാമിനീകാമുകന്മാരുടെ പവിത്രബന്ധം സൂഫിയും സ്രഷ്ടാവും തമ്മിലുണ്ടു്. കാമിനീകാമുകന്മാരുടെ പ്രണയപാരമ്യദശയെക്കുറിച്ചു് ആലോചിക്കുക. പ്രണയിയെക്കുറിച്ചുള്ള അതിതീവ്രമായ ചിന്താദശയിൽ, സർവ്വാംഗവിഭൂഷിതയായ പ്രിയ, ആരാധ്യ

യായ ആ സുന്ദരാംഗി, കാമുകന്റെ മുമ്പിൽ പ്രത്യക്ഷയാകുന്നു. ശാരീരികമായിട്ടവൾ വിദൂരവാസിയാണുതാനും. എങ്കിലും അവളുടെ സാന്നിദ്ധ്യം ആ സൗന്ദര്യാരാധകൻ അനുഭവിക്കുന്നു. വികാരപരവശനായ കാമുകൻ, തന്റെ പ്രേമധാമത്തെ ദർശിച്ചുകൊണ്ടിരിക്കുന്ന, വികാരപാരവശ്യത്തിന്റെ പരമൗന്നത്യത്തിലെത്തിയിരിക്കുന്ന ആ അവസ്ഥയിൽ, കാമിനിയെവിടെ? കാമുകനെവിടെ? അവർ രണ്ടില്ല. ഒന്നേ ഒന്നുമാത്രം. അവിഭാജ്യമായ ഒന്നുതന്നെ. അഭൗമികമായ ആ പ്രേമത്തിൽ നിമഗ്നനായി റൂമി പാടുന്നു:—"പ്രണയിയാണു സർവ്വസ്വവും; രമണൻ അവളുടെ മുഖമൂടിയാണ്. അവൾമാത്രം ജീവിക്കുന്നു; കാമുകൻ മൃതനാണ്. പ്രിയയുടെ ആവേശമില്ലാത്തപ്പോൾ കാമുകൻ ചിറകൊടിഞ്ഞ പക്ഷിയെപ്പോലെയാണ്. പ്രിയയുടെ വദനത്തിൽനിന്നു ജ്വലിക്കുന്ന പ്രകാശം ഇല്ലാതാകുമ്പോൾ, കഷ്ടം! എന്റെ ഇന്ദ്രിയങ്ങളെ ഞാനെങ്ങനെ സ്വായത്തമാക്കും."

പഞ്ചേന്ദ്രിയങ്ങൾവഴിയുള്ള ജ്ഞാനകവാടങ്ങളെ സൂഫി ഇറുക്കി അടച്ചുകളയുന്നു. ലൗകികമായ അവന്റെ ആസ്തിക്യത്തിനു സ്ഥാനമില്ല. സ്രഷ്ടാവൊഴിച്ചു മറെറാന്നിനേയും അവനു് അറിയുവാൻ കഴിയുന്നില്ല. സ്രഷ്ടാവൊഴിച്ചു മററു സർവ്വവും അവനു പരിത്യാജ്യങ്ങളത്രെ. ഇതാണു് ആത്മപരിത്യാഗദശ, അഥവാ, സൂഫി ഭാഷയിൽ, "ഫനാ", ഇതുകൊണ്ടും സൂഫി സംതൃപ്തനാകുന്നില്ല. ആത്മപരിത്യാഗം സംപൂർണ്ണതയിലേയ്ക്കുള്ള മാർഗ്ഗം മാത്രമെയാകുന്നുള്ളു. ദിവ്യതേജസ്സിന്റെ പ്രവേശനദ്വാരം അതുകൊണ്ടു തുറക്കുകയത്രെ ചെയ്യുന്നതു്. ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള ഒരു മാർഗ്ഗമാണതു്; ലക്ഷ്യമല്ല നാഥനും ആരാധകനും തമ്മിൽ അഭേദ്യമായ ബന്ധം സംജാതമാകുമ്പോളുണ്ടാകുന്ന പരമാനന്ദലഹരി,— ആ മുന്തിരിച്ചാറു പാനംചെയ്യുമ്പോളുണ്ടാകുന്ന ആനന്ദാനുഭൂതി—അവാച്യമായലഹരി,—നിറകുടംകുടിച്ച പരമലഹരി—കാമുകനും കാമുകിയും തമ്മിലുള്ള ഏകഭാവം—"ബഘാ—"അതാണു സൂഫിയുടെ ലക്ഷ്യം. അതിനുവേണ്ടിയാണു്, സർവ്വ സർവ്വാംഗപരിത്യാഗം വൈവിദ്ധ്യത്തിൽനിന്നു 'ഏക'ത്തിലേയ്ക്കുള്ള പ്രയാണം. പഞ്ജരത്തിലടയ്ക്കപ്പെട്ട പക്ഷി, പ്രസ്തുതൈക്യം നേടുന്നതിനു്, എന്നെന്നേയ്ക്കുമായി കൂട്ടുപേക്ഷിച്ചു പോകണമെന്നില്ല. ഇഷ്ടാനുസരണം, പ്രേമം പരമകോടിയിലെത്തുമ്പോൾ, പക്ഷി കൂടുവിട്ടു പറന്നുപോകുന്നു. തിരിയെ വന്നു കൂട്ടിൽ കയറി ഇരിക്കുന്നു. ലൗകികചക്ഷുസ്സുകൾ അതു കാണുന്നില്ല; അറിയുന്നില്ല.

പരിശുദ്ധസന്നിധിയിലേക്കുള്ള പ്രവേശനം, ജലാലുദ്ദീൻറൂമി ഇങ്ങനെവിവരിക്കുന്നു:—

കാമുകൻ പ്രണയിയുടെ വാസസ്ഥലത്തു ചെന്നു വാതുക്കൽ മുട്ടുന്നു. "ആരവിടെ" അകത്തുനിന്നു ചോദ്യം. "ഞാൻതന്നെ" "ഇല്ല. ഈ ഗൃഹത്തിൽ എനിയ്ക്കും നിനക്കും സ്ഥലമില്ല." കവാടം സുദൃഢം ബന്ധിതമായിത്തന്നെയിരിക്കുന്നു. നിരാശാഭരിതനായി കാമുകൻ തിരിച്ചു പോകുന്നു, മനോവ്യഥയാൽ നഷ്ടപ്രജ്ഞനായിത്തീരുന്നു. പ്രണയലബ്ധിയ്ക്കുവേണ്ടി അദ്ദേഹം ഏകാന്തനായിരുന്നു വ്രതമനുഷ്ഠിക്കുന്നു. പ്രാർത്ഥിക്കുന്നു. വീണ്ടും വാതുക്കൽ ചെന്നു—മുട്ടുന്നു. ആരതു്, സംശുദ്ധനായ കാമുകൻ പറയുന്നു. "നീ തന്നെ." കവാടം പൊട്ടെന്നുതുറക്കപ്പെട്ടു. കാമിനീകാമുകന്മാർ അഭിമുഖരായി നിലകൊണ്ടു.

സൂഫിയുടെ ആത്മീയമായ മരണവും പ്രിയദർശനവും ഒന്നോ രണ്ടോ മാസങ്ങളോ വർഷങ്ങളോ കൊണ്ടു സാധിതപ്രായമാകു

ന്നവയല്ല. സൂഫി ഉപദേശിക്കുന്നു: ഹേ! അപക്വധൃതിക്കാരാ! പതുക്കെപ്പതുക്കെ! പർവ്വതാഗ്രത്തിലേയ്ക്കു നീ പടിപടിയായി കയറു. പാത്രം സാവധാനത്തിലും സുരക്ഷിതശിക്ഷിതമായും ചൂടാക്കുക. ആഹാരം അതിശീഘ്രം പാകം ചെയ്താൽ ചീത്തയാകും."

ലക്ഷ്യപ്രാപ്തിയ്ക്കുള്ള മാർഗ്ഗമേതു്? പൂം പൊടിയിട്ടുമിനുക്കിയതാണോ? അല്ല. മഹാരണ്യങ്ങളുടെ മദ്ധ്യത്തുകൂടി, ദുഷ്ടമൃഗങ്ങളുടെ ആ വാസങ്ങളിൽ കൂടിയാകുന്നു അതിന്റെ ഗതി.

സൂഫി പണ്ഡിതനായ ഷൈഖു് ഫരീദ്ദീൻ അത്തർ, തന്റെ സുപ്രകീർത്തിതകൃതിയായ "മന്തി ഖു്ത്തായി"റിൽ (പക്ഷികളുടെ സമ്മേളനം) ഇപ്രകാരം മാർഗ്ഗനിർദ്ദേശം ചെയ്യുന്നു. പക്ഷികളെല്ലാം ഒരിടത്തു സമ്മേളിച്ചു്, പക്ഷിരാജന്റെ സന്നിധിയിൽ പോകാൻ തീരുമാനിച്ചു. വഴി അതിദുർഘടം; യാത്ര ക്ലേശകരം. എങ്കിലും, ആ പറവജാലം "കുഹിഖാഫി"ൽ ആസ്ഥിതനായിരിക്കുന്ന പക്ഷിരാജന്റെ സന്നിധിയിലേക്കു പുറപ്പെട്ടു. കാഹളധ്വനി മുഖരിതമായി. യാത്ര സമാരംഭിച്ചു. രാജസന്നിധിയിലേക്കുള്ള പാത കാണുമ്പോൾതന്നെ പക്ഷികൾ ഭയകമ്പിതരാകുന്നു. അവരുടെ നേതാവു് അവരെ സമാശ്വസിപ്പിച്ചു് സധീരം ആനയിക്കുന്നു. കുന്നുകളും താഴ്വരകളുംതരണംചെയ്തു അവർ മുന്നോട്ടുമുന്നോട്ടുതന്നെ യാത്രതുടരുന്നു. യാത്രാക്ലേശവും മാനസികദൗർബല്യവും നിമിത്തം പലരും വഴിമദ്ധ്യേ വീണുപോകുന്നുണ്ടു്. മുന്നോട്ടു പോകുന്തോറും അവരുടെ സംഖ്യ കുറഞ്ഞു കുറഞ്ഞുവരുന്നു.

അവർ യാത്രചെയ്തുകൊണ്ടിരിക്കുന്ന താഴ്വരകൾ ഏതാണു്? ഏഴു താഴ്വര കടന്നുവേണം അവർ പോകുവാൻ. ഇച്ഛ, പ്രേമം, ജ്ഞാനം, പ്രപഞ്ചേച്ഛകളിൽനിന്നുള്ള വേർപാടു്, കാമിനിയോടുള്ള ഐക്യം, ആനന്ദാത്ഭുതപ്രസരം, പരിത്യാഗം. അവസാനത്തേതാണു് ആപൽക്കരവും ഭയാനകവുമായിട്ടുള്ളതു്. മേല്പറഞ്ഞ ഓരോ താഴ്വരയേയും അരണ്യം ആവരണംചെയ്തിരിക്കുന്നു. ക്രൂരജന്തുക്കൾ യാത്രക്കാരെ വേട്ടയാടുവാൻ സന്നദ്ധരായി നില്ക്കുന്നു. ഇവയുടെ ആക്രമണത്തിൽ നിന്നു രക്ഷ പ്രാപിക്കുവാനുള്ള കവചം സൽക്കർമ്മങ്ങളും അചഞ്ചലവിശ്വാസവുമാകുന്നു. ഈ കവചം ധരിക്കുവാനുള്ള ശേഷിയാവട്ടെ, വളരെ കുറച്ചുപേർക്കുമാത്രമെയുള്ളുതാനും.

പറവക്കൂട്ടം പ്രസ്തുത താഴ്വരകളിലൂടെ യാത്രതുടരുന്നു. ലക്ഷക്കണക്കിനു പുറപ്പെട്ടവരിൽ തുലോം തുച്ഛമായ എണ്ണംമാത്രമെ പക്ഷിരാജന്റെ കൊട്ടാരപരിസരങ്ങളിൽ എത്തിച്ചേരുന്നുള്ളു! അവിടെ അവർക്കു ലഭിക്കുന്ന സ്വീകരണമോ? ദ്വാരപാലകന്മാർ അവരെ ആട്ടിയോടിക്കുന്നു. അപ്രതീക്ഷമായ ആ സ്വീകരണം അവശേഷിച്ചവരിൽ അനവധിപേരെ ഭഗ്നാശയരാക്കുന്നു. എങ്കിലും ലക്ഷ്യത്തിലേക്കുള്ള സാമീപ്യംലഭിച്ചതിൽ ആനന്ദാവേശവും പ്രവേശനം പെട്ടെന്നു ലഭിക്കാത്തതിൽ അത്ഭുതപ്രസരവും അവർക്കുണ്ടാകുന്നു. അവരുടെപ്രേമം കറയറ്റതാണെന്നു മാററുരച്ചു നിർണ്ണയിക്കപ്പെടുന്നു. യവനിക ഉയരുന്നു. ആരാധകവൃന്ദം ആനന്ദത്താൽ നൃത്തംകൊള്ളുന്നു. പ്രാപഞ്ചികമായ സർവ്വവും ത്യാജ്യകോടിയിൽ വിസ്മൃതാഴിയിൽ തള്ളപ്പെടുന്നു. നശ്വരത്തിൽനിന്നു് അനശ്വരത്തിലേക്കു്. "ഫനാ"വിട്ടു "ബഖാ"യിലേക്കുള്ള ആരോഹണം. ജീവനാശത്തിനുശേഷം ജീവനിലേയ്ക്കു്.

സൂഫീസത്തിന്റെ ജീവനാഡി അറിവല്ല, അനുഭവമാണു്. സൂഫികൾ യുക്തിയിൽ വലിയ വിശ്വാസമില്ല. ആത്മീയമായ ഉണർവിനു ചിലപ്പോൾ യുക്തി പ്രതിബന്ധമായിത്തീരുന്നു എന്നാണു് അവരുടെ വി

ശ്വാസം. അവരുടെ ദൃഷ്ടിയിൽ യുക്തി വന്ധ്യയാണു്. ഷാബിസ്തരി, ജാമി, റൂമി തുടങ്ങിയ സൂഫിക്കോകിലങ്ങൾ ആ വന്ധ്യയെനോക്കി പുഞ്ചിരിതൂകുന്നു. ചിലപ്പോൾ പരിഹസിക്കുന്നു.

സൂഫീസത്തിന്റെ ഉത്ഭവത്തെക്കുറിച്ചു അഭിപ്രായഭിന്നതയുണ്ടു്. 'നിക്കൽസൺ' പ്രഭൃതികൾ അതിന്റെ ജന്മഭൂമി പുരാതനഗ്രീസ്സാണെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. പ്ലേറ്റൊ; പാർഫയിറി (Porphyry) പിത്തഗോറസ്സ്, പ്ലേറ്റോണിയസ്സ്, അരിസ്റ്റാട്ടിൽ മുതലായ ഗ്രീക്കുതത്വജ്ഞാനികളുടെ തണലിൽ കിളുത്തുതഴച്ചുവളൎന്ന തത്വചിന്തകളിൽനിന്നു പതിവെച്ചെടുത്തു് മുസ്‌ലിംഭൂമിയിൽ നട്ടുവളൎത്തിയ മനോഹരവല്ലിയാണു് സൂഫീസമെന്നു സ്ഥാപിക്കുവാൻ അവർ സാഹസപ്പെടുന്നുണ്ടു്. പക്ഷെ; ഗ്രീക്കുതത്വജ്ഞാനവും (Neo-Platonism) സൂഫീസവും തമ്മിൽ ആന്തരമായി പല അന്തരങ്ങളുമുണ്ടു്. അഗാധ പണ്ഡിതനും സുവിദിതസൂഫിയും ആയ 'അൽ-ഗസ്സാലി' എന്ന മഹാൻ ഈ വ്യത്യാസങ്ങളെ വ്യക്തമാക്കിയിട്ടുണ്ടു്.

ഭാരതീയവേദാന്തിസത്തിന്റെ പ്രതീതി സൂഫീസത്തിനുണ്ടെന്നു അഭിപ്രായപ്പെടുന്നവരും, അവതമ്മിലുള്ള പ്രാമാണികമായ വ്യത്യാസത്തെ അവഗണിച്ചുകൊണ്ടു ഐകരൂപ്യത്തെ മാത്രം പരിഗണിക്കയാണു ചെയ്യുന്നതു്. ഔറങ്ഗസീബിന്റെ സഹോദരനായ സാറാഷിക്കൂക്കു് വേദാന്തിസത്തേയും സൂഫീസത്തേയും ഇണക്കിച്ചേൎക്കുവാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ, ഉപനിഷത്തുകൾ പാരസികഭാഷയിൽ പദാനുപദം വിവൎത്തനം ചെയ്തു. വേദാന്തിസത്തിലുള്ള ചില സാങ്കേതികശബ്ദങ്ങൾക്കു തുല്യമായ അൎത്ഥം ജനിക്കുന്ന സൂഫിസാങ്കേതിക സംജ്ഞകൾ അദ്ദേഹം കണ്ടുപിടിച്ചു. പക്ഷെ, സൂഫികളേയും വേദാന്തികളേയും ഒരു ചരടിലിണക്കിക്കോൎക്കുവാനുള്ള ധാറായുടെ ശ്രമം, അവർ തമ്മിലുള്ള വ്യത്യാസങ്ങളെ പ്രകടമാക്കുന്നതിനാണു പര്യാപ്തമായതു്

കൎമ്മപ്രധാനമായ ഇസ്ലാമിൽ യോഗപ്രധാനമായ സിദ്ധാന്തങ്ങൾ എങ്ങനെസ്ഥലംപിടിച്ചുവെന്നു ആരായേണ്ടതുണ്ടു്. ഭാവിയെ കൈവിടാതെ, ആത്മാവിനെ അവഗണിക്കാതെ, ഈജീവിതത്തെ ചൈതന്യമേന്മയോടുകൂടി ജീവിച്ചുതീൎക്കുവാൻ ഉപദേശിക്കുന്ന മതത്തിൽ പ്രപഞ്ചത്യാഗവും സന്യാസവും എങ്ങനെ വന്നുചേന്നു.

സൂഫിനേതാക്കന്മാരുടെ ജീവിതം പഠിക്കുന്നപക്ഷം, ജീവിതസുഖങ്ങളോടു് ഒരു അരസികഭാവം അവൎക്കുണ്ടായിരുന്നുവെന്നല്ലാതെ കേവലം സന്യാസജീവിതത്തെയല്ല അവർ കൈക്കൊണ്ടിരുന്നതെന്നു കാണ്മാൻ കഴിയുന്നതാണു്. നാം മനസ്സിലാക്കുന്ന രീതിയിലുള്ള സന്യാസമല്ല, സുഖലോലുപതാപരിത്യാഗമാണു് അവരുടെ നിത്യജീവിതചൎയ്യ. ജീവിതത്തെ ജീവിച്ചുതീൎക്കുകതന്നെ അവർ ചെയ്തു.

പ്രവാചകരുടെ ജീവിതത്തിൽ തന്നെ ആരാധനയ്ക്കും പ്രാൎത്ഥനയ്ക്കും പ്രഥമസ്ഥാനമുണ്ടു്. റിത്യജോലികളെല്ലാം തീൎത്തു് പ്രവാചകർ രാത്രികാലങ്ങളിൽ ആരാധനയിൽ നിമഗ്നരായിരിക്കുക സാധാരണമായിരുന്നു. ഈ അനുഷ്ഠാനത്തെ അവിടത്തെ അനുയായികളിൽ ചിലർ നിഷ്ഠയോടെ പാലിച്ചുപോന്നു. ലഘുജീവിതവും ഉന്നതചിന്തയുമായിരുന്നു അവരുടെ ജീവിതരീതി. മിനുമിനുത്തപട്ടുവസ്ത്രങ്ങളേക്കാളും, പരുപരുത്ത കമ്പിളിവസ്ത്രം (സൂഫ്) ആയിരുന്നു അവൎക്കിഷ്ടം. സുഖത്തിലുള്ള വിരക്തിയെ സൂചിപ്പിക്കുന്ന 'സൂഫ്' ധരിക്കുന്നതിൽ സൂഫി നിൎബന്ധിക്കുന്നു. സൂഫിപദത്തിന്റെ ഉത്ഭവം ഇങ്ങനെയാണെന്നു് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

പാണ്ഡിത്യപ്രഭാവം

പൊൻകുന്നം വർക്കി.

ടാഗോർ മാസികയുടെ ഇക്കഴിഞ്ഞ ഡിസംബർപതിപ്പിൽ മി: പി. ദാമോദരൻപിള്ള പ്രകാശിപ്പിച്ചിരുന്ന "അസംബന്ധങ്ങളുടെ അരങ്ങേററം" കാണുകയുണ്ടായി. അഭിപ്രായഭേദങ്ങളുടെയും, അവ പുറപ്പെടുവിക്കുന്ന വ്യക്തികളുടെയും നേരേ മി: ദാമോദരൻപിള്ള പ്രദർശിപ്പിക്കുന്ന സാഹിത്യവായുക്ഷോഭത്തിന് ഇതു് ആദ്യത്തെ ഉദാഹരണമല്ല. "വിഡ്ഢിത്തം", "ആനവങ്കത്തം", "ശുദ്ധമണ്ടത്തരം", "സൂകരസഹജമായ കൗതുകം", ഇവയൊക്കെ അദ്ദേഹത്തിനു ആവശ്യമുള്ള പദങ്ങളാണു്. എതിർവാദക്കാരെ ശകാരിക്കാൻ സ്വീകരിക്കുന്ന കഴിവിൽ അല്പംഭാഗം അവരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കുവാനും, യുക്തിയോടുകൂടി അവ ഖണ്ഡിക്കാനും അദ്ദേഹം ഉപയോഗിച്ചിരുന്നെങ്കിൽ!!

പുരോഗമനസാഹിത്യം എന്നു കേൾക്കുമ്പോൾ, കടുവായെ കണ്ട കാളയെപ്പോലെ അദ്ദേഹം വെകിളികൊള്ളുന്നു. ചിലപ്പോൾ ആത്മഹത്യയ്ക്കുതന്നെ സന്നദ്ധനാം

പുറവും കാണുന്നവയോടു് വിരക്തിഭാവത്തെ ജനിപ്പിക്കുന്നതിനുതകിയ ഒരു രാഷ്ട്രീയാന്തരിക്ഷം, നാലാം ഖലീഫയായ ഹസ്രത്തു അലിയുടെ ഭരണകാലത്തിന്റെ അന്ത്യഘട്ടം മുതൽ ഉണ്ടായിട്ടുണ്ടു്. രാഷ്ട്രീയമായുണ്ടായ അസ്വാസ്ഥതയിൽ അതൃപ്തിതോന്നി പ്രവാചകരുടെ സഖാക്കളിൽ ചിലർ രാജ്യകാര്യങ്ങളിൽ നിന്നെല്ലാം പിൻവാങ്ങി ആത്മീയോന്നമനത്തെമാത്രം ലാക്കാക്കി സ്വൈരമായി ജീവിച്ചുപോന്നു.

ഉമയ്യാഭരണത്തിൽ, പ്രത്യേകിച്ചു പ്രാരംഭകാലത്തു ചാരന്മാരുടെ കർക്കശമായ പ്രവർത്തനം, അവരുടെ സംശയത്തിനു പോലും പാത്രീഭവിച്ചവരുടെ മേലുള്ള നിർദ്ദയവും നിഷ്ഠുരവുമായുള്ള ശിക്ഷകൾ—ഇവ, പല നല്ലവരേയും ജീവിതത്തിൽതന്നെ വിരക്തിയുള്ളവരാക്കിത്തീർത്തു. ചിലർ അടങ്ങിപ്പാർത്തു, പ്രാർത്ഥനയിലും ധ്യാനത്തിലും സമയം കഴിച്ചുപോന്നു. സൂഫീസത്തിന്റെ ചരിത്രപുരോഗമനം ഇങ്ങനെ നടന്നു. ഈ പ്രസ്ഥാനത്തെ പ്രണയിച്ചു വളർത്തുന്നതിനു അഗാധപണ്ഡിതന്മാരും ഉത്തുംഗചിന്തകന്മാരും മുസ്ലിംലോകത്തുണ്ടായി. പതിനൊന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഇമാം അൽഗസ്സാലി എന്ന മഹാനാണു് പൗരസ്ത്യസൂഫീസത്തിന്റെ പ്രതിനിധി. പാശ്ചാത്യലോകത്തു ഇബ്നുത്തുഫയിൽ ജലാലുദ്ദീൻറൂമി (തുർക്കി)സനായി, ഫരീദുദ്ദീൻ അത്താർ, ഷംസുദ്ദീൻ ഹാഫിസു, സാദി, നിസാമി—ഈ താരങ്ങൾ സൂഫിമണ്ഡലത്തിൽ അന്നത്തെപ്പോലെ ഇന്നും അനശ്വരജ്യോതിസ്സു് ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

കുന്നു. ആ "വിദ്വാന്മാരുടെയും, വിരുതന്മാരുടെയുംഇടയിൽനിന്നു തലതട്ടണേ"—എന്നു ഹൃദയംഗമംപ്രാർത്ഥിക്കുന്നു. കഷ്ടം; ഒരു പുരോഗമനസാഹിത്യംകൊണ്ടു ഒരു സാധുസഹോദരൻ അനുഭവിക്കേണ്ടിവരുന്നകഷ്ടപ്പാടുകൾ! ആത്മഹത്യകൊണ്ടേ മി: ദാമോദരൻപിള്ള തൃപ്തിപ്പെടുകയുള്ളുഎങ്കിൽ ഒരു ചെറിയ അപേക്ഷയുണ്ടു്; അതിനുമുമ്പു് ഇതൊക്കെ ഒന്നുമനസ്സിലാക്കാൻ ശ്രമിക്കണേ എന്നു്.

പ്രസ്തുതലേഖനത്തിൽ അദ്ദേഹം പുരോഗമനസാഹിത്യകാരന്മാർക്കു് എതിരായി ഉയർത്തിയിരിക്കുന്ന തത്വങ്ങൾ വിചിത്രതരങ്ങൾ ആയിരിക്കുന്നു. അദ്ദേഹം പറയുന്നു—"വിഷയം ഏതായാലും പ്രതിപാദനം നന്നായാൽ മാത്രമെ, സാഹിത്യം സാഹിത്യമാകയുള്ളു എന്നു വാദിക്കുന്നതു പുരോഗമനസാഹിത്യസിദ്ധാന്തങ്ങളെ എതിർക്കുന്നവരാണു്, എന്നു പറയേണ്ടതില്ലല്ലോ", എന്നു്. ഇതുകേട്ടാൽ പുരോഗമനസാഹിത്യപ്രസ്ഥാനക്കാർ ശക്തിയായി എതിർക്കുന്ന ഒരു കാര്യമാണു് പ്രതിപാദനവൈചിത്ര്യമെന്നു തോന്നിപ്പോകും. ഇത്തരം ഒരു ആരോപണത്തിനുതക്ക തെളിവു് എന്തു് എന്നു് ആ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുമില്ല.

"ഈയിടെ രണ്ടു പ്രസംഗവേദികളിൽ ഒരു പുരോഗമനസാഹിത്യവാദിയുടെ കൂടെ ഞാനും പ്രസംഗിക്കേണ്ടിവന്നു. സാധാരണ എനിക്കു അങ്ങനെ ഒരു അപകടം പിണയാറില്ല. എങ്കിലും വരുന്നതു വരട്ടെ എന്നു കരുതി പ്രവർത്തിച്ചതിന്റെ ഫലം ഞാൻ അനുഭവിച്ചു. അസംബന്ധങ്ങളുടെ കൊടിപിടിച്ച ഘോഷയാത്ര!!" ഇങ്ങനെയാണു്, ആ ലേഖനത്തിലെ മറ്റൊരു ഖണ്ഡിക തുടങ്ങിയിരിക്കുന്നതു്. മി: ദാമോദരൻപിള്ളയുടെകൂടെ പ്രസംഗിച്ചതു് ഞാനായിരുന്നു. എന്റെ അന്നത്തെ പ്രസംഗത്തിലെ അസംബന്ധങ്ങളെ ഇങ്ങനെ വ്യക്തമാക്കിത്തരുന്നതിൽ ഞാൻ എന്റെ സ്നേഹിതന്റെ നേർക്കു നന്ദിയുള്ളവനാണു്. പക്ഷെ ലോകത്തിലെ സംബന്ധം എല്ലാം അദ്ദേഹത്തിന്റെയാണെന്നും, മറ്റുള്ളവരുടെയെല്ലാം അസംബന്ധമാണെന്നുമുള്ള ആ ശാഠ്യമാണു് ഇനിയും എനിക്കു മനസ്സിലാകാത്തതു്. "ജീവിതം ഒരു പ്രവാഹമല്ലെന്നും, അങ്ങനെയാണെങ്കിൽപോലും, മുന്നോട്ടെന്നപോലെതന്നെ പിന്നോട്ടും അതു പോകുന്നുണ്ടെന്നും പ്രസംഗകൻ മനസ്സിലാക്കാത്തതാണത്ഭുതം" എന്നു് അദ്ദേഹം എന്റെ നേർക്കു അനുകമ്പയും പ്രകടിപ്പിക്കുന്നു. എന്റെ സ്നേഹിതൻഎത്രമാത്രംഎഴുതിയിട്ടും, ജീവിതത്തെപ്പറ്റിയും, എഴുത്തച്ഛന്റെ കാലത്തിനുശേഷമുള്ള സാഹിത്യപുരോഗതിയെപ്പറ്റിയും എന്റെഅന്നത്തെഅഭിപ്രായങ്ങളിൽ എന്തെങ്കിലും അസംബന്ധം കലർന്നിട്ടുള്ളതായി എനിക്കു മനസ്സിലാകുന്നില്ല. ഒരു പ്രവാഹത്തോടല്ല, ജീവിതത്തിനു സാധർമ്മ്യമെങ്കിൽ, അതു ജലനിർഗ്ഗമനമാർഗ്ഗമില്ലാത്ത ഒരു ജലാശയംപോലെതന്നെ, ഒരിടത്തു കെട്ടിനിന്നുകൊള്ളട്ടെ. ഈ വീക്ഷണകോണത്തെ സംബന്ധിച്ചു് എനിക്കു് അത്ഭുതമില്ല. പക്ഷെ എഴുത്തച്ഛന്റെ കാലത്തിനുശേഷം ഭാഷാസാഹിത്യം പുരോഗമിച്ചിട്ടില്ല," എന്നുപറയുന്ന പാണ്ഡിത്യമാണു്, എന്നെ അത്ഭുതപ്പെടുത്തുന്നതു്. എഴുത്തച്ഛന്റെ കാലത്തിനുശേഷവും ഭാഷാസാഹിത്യം നാനാമാർഗ്ഗങ്ങളിൽക്കൂടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നപരമാർത്ഥം ഒരു വിവാദവിഷയമല്ല. എന്നാൽ ജീവിതവും സാഹിത്യവും രണ്ടു സമാന്തരരേഖപോലെയല്ല, സഞ്ചരിക്കേണ്ടതു്. ഇന്നത്തെ ഒരു സാഹിത്യകാരൻഅയാളുടെ അന്തരിക്ഷത്തിൽനിന്നു ചൂടും വെളിച്ചവും സംഗ്രഹിച്ചു സാധിക്കുന്ന ജീവിതചിത്രവും, എഴുത്തച്ഛൻ രചിച്ച ജീവിതചിത്രവും തമ്മിൽ അന്തരമുണ്ടെങ്കിൽ

അതു സ്വാഭാവികമാണു്. ഈ അന്തരത്തിന്റെ ആവശ്യമെന്തെന്നു മനസ്സിലാകാത്ത ഒരാൾ എഴുത്തച്ഛന്റെ സാഹിത്യമേ സാഹിത്യമാകുന്നുള്ളൂ എന്നുപറഞ്ഞാൽ അതു തെറ്റിദ്ധാരണകളുടെ ഒരു സഹ്യപർവ്വതമായിരിക്കയേ ഉള്ളൂ. എഴുത്തച്ഛന്റെ കവിതയ്ക്കു് അതർഹിക്കുന്ന വിലകൊടുക്കുവാൻ ആർക്കാണു മടി. എന്നാൽ അതു്, അതിൽപിന്നെ ഉണ്ടായതും, ഇനി ഉണ്ടാകേണ്ടതുമായ എല്ലാത്തലമുറകളുടെയും മാതൃകാകവിതയായി നിൽക്കണമെന്നു പ്രസംഗിക്കുന്ന പാണ്ഡിത്യപ്രഭാവം മലയാളഭാഷയ്ക്കു് അഭിമാനാർഹമായ ഒന്നല്ല. എഴുത്തച്ഛന്റെ ജീവിതാന്തരീക്ഷത്തിൽനിന്നു് ഇന്നത്തെ അന്തരീക്ഷം എത്രമാത്രംവ്യത്യാസപ്പെട്ടിരിക്കുന്നു. ദാരിദ്ര്യം, ക്ഷാമം ഇവയുടെ ക്രൂരതരങ്ങളായ മർദ്ദനങ്ങൾക്കും, കോളറാമുതലായ മഹാമാരികളുടെ നാരകീയനൃത്തത്തിനും വിധേയമായ തന്റെ നാട്ടിലേക്കു് എഴുത്തച്ഛൻ ഒന്നുകൂടി വരുന്നു എന്നു വിചാരിക്കുക. ശാരികപ്പെണ്ണുമായി വീണ്ടും അദ്ദേഹം ആ പഴയ കവിതയ്ക്കുത്തന്നെ ഒരുങ്ങുമെന്നു് ആർക്കുപറയാം.

"നിങ്ങൾ എത്രയെത്ര അനിഷേധ്യയുക്തികൾ നൽകിക്കൊള്ളണം പ്രസ്തുതലേഖനത്തിൽ മറെറാരുഖണ്ഡിക തുടരുന്നു- എത്രയെത്ര അനുഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളണം; അതൊന്നും മേൽപ്പറഞ്ഞ സാഹസികന്മാരുടെ തലയിൽ കയറുകയില്ല. ആ തലച്ചോറിൽ ഒരു പോറൽ പോലും വീഴുകയില്ല." തലച്ചോറിൽ പോറൽ വീഴിക്കുന്ന ഇത്തരം വാദകോലാഹലങ്ങളിൽനിന്നു സ്വതന്ത്രരായി നിൽക്കുന്നപുരോഗമനസാഹിത്യകാരന്മാരെക്കണ്ടു് അമർഷത്തോടുകൂടി അദ്ദേഹം തുടരുന്നു— "സാഹിത്യത്തിനു്, ഒരുകാലത്തും മാററമില്ലെന്നും, അതിന്റെ സങ്കേതങ്ങൾ മാത്രമെ മാറുന്നുള്ളൂ എന്നും നിങ്ങൾ സയുക്തികം സോദാഹരണം സമർത്ഥിക്കുക; അവർക്കുമാത്രം അതു മനസ്സിലാകയില്ല. ഈ പരാതി അവതരിപ്പിച്ചിരിക്കുന്ന ലേഖനകർത്താവു് ഇന്നത്തെ പുരോഗമന സാഹിത്യകാരന്മാർ മാററിമറിച്ചിരിക്കുന്നതു് എന്താണെന്നു വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത ഖണ്ഡിക അദ്ദേഹം അവസാനിപ്പിച്ചിരിക്കുന്നതു് ഇങ്ങനെയാണു് "വികാരങ്ങൾക്കും അനുഭൂതികൾക്കും ഒരുകാലത്തും മാററമില്ലെന്നും അവയാണു കലയുടെജീവനെന്നും, നിങ്ങൾ വാദിക്കുക. അപ്പോഴും അവർ പറയും ദാരിദ്ര്യവും വ്യഭിചാരവുംമാത്രമെ സാഹിത്യമാകയുള്ളൂഎന്നു്"

കല മനുഷ്യനുവേണ്ടിയുള്ളതാണു്. സാഹിത്യത്തിന്റെ പ്രതിപാദ്യവിഷയത്തിൽ ജീവിതം ഒരു കടംകഥയായി അവമാനിക്കപ്പെട്ടുകൂടാ. പരിവർത്തനോന്മുഖമായ ജീവിതയാഥാർത്ഥ്യങ്ങൾ നവംനവങ്ങളായ അനുഭവപരമ്പരകളോടും, അന്തരീക്ഷസമരങ്ങളോടും ബന്ധപ്പെട്ടു നില്ക്കുന്നു. കാലാനുക്രമമായി ജീവിതത്തെപ്പററിയുള്ള ചിന്താഗതി വികസിക്കുമ്പോൾ, അനുഭൂതികളും വികാരങ്ങളും പകരുന്ന ചിത്രങ്ങളുടെ നേർക്കുള്ള വീക്ഷണഗതിക്കും മാററമുണ്ടായിക്കൊണ്ടിരിക്കുന്നു. വികാരങ്ങൾ പകരുന്നതിനു പ്രബലമായിരുന്ന അന്നത്തെ ഒരു ചിത്രം ഇന്നും അങ്ങനെയായിത്തീരണമെന്നില്ല. അന്നു് ഒരു കള്ളൻ കാഴ്ചക്കാരിൽ അറപ്പും വെറുപ്പുമാണു് ഉണ്ടാക്കിയതെങ്കിൽ ഇന്നു് അവന്റെ നേർക്കു് അനുകമ്പയും, അവനെ കള്ളനാക്കിത്തീർത്ത ചുററുപാടിനെ സംബന്ധിച്ചു അവജ്ഞയും കൂടി അങ്കുരിക്കുന്നു. അന്നു് ഒരു യാചകന്റെ പിച്ചപ്പാത്രം കാണുമ്പോൾ ഈശ്വരഹിതം എന്നു പറഞ്ഞു പൂർണ്ണമായി സമാധാനപ്പെട്ടുമായിരുന്നെങ്കിൽ ഇന്നു് അവനെ തെണ്ടിയാക്കിത്തീർത്ത നീതികേടിനെപ്പററി ദുഃഖിക്കുന്നു. അവനെ ഉദ്ധ

രിക്കുന്നതിനുള്ള ജീവകാരുണ്യത്തിന്റെ പ്രവാഹത്തിനുവേണ്ടി വെമ്പൽകൊള്ളുന്നു. ഇന്നത്തെ അന്തരീക്ഷത്തിൽ പട്ടിണിയും ദാരിദ്ര്യവും വ്യഭിചാരവുമുണ്ടെങ്കിൽ അതു കാണാതിരിക്കാൻ മററാക്കെല്ലാം സാധിച്ചാലും ഒരു സാഹിത്യകാരനു സാധിക്കുന്നതല്ല. വേദനിക്കുന്ന ഹൃദയത്തിന്റെ ശബ്ദത്തെയും രൂപത്തെയും അവഗണിക്കുവാൻ മററാക്കൊക്കെ സാധിച്ചാലും ഒരു സാഹിത്യകാരനു സാധ്യമല്ല. ഈ വ്യഭിചാരത്തിനും മോഷണത്തിനും പട്ടിണിക്കുമൊക്കെ പരിഹാരമാകും സീതയുടെ പാതിവ്രത്യവും, സത്യവാന്റെ ശുദ്ധഗതിയും ദുര്യോധനന്റെ സുഭിക്ഷതയുമൊക്കെയാണെന്നു വിശ്വസിക്കുന്നവർ ഈ തലമുറയുടെ ഒരു നേട്ടമല്ല. തന്നെയല്ല, ഈ വ്യഭിചാരവും പാതിവ്രത്യവുമൊക്കെ ഒരുതരം കുഴഞ്ഞ പ്രശ്നങ്ങളായിട്ടാണു് നിൽക്കുന്നതു്. യുക്തിചിന്തകളെയും മനഃശാസ്ത്രത്തെയുമൊക്കെ വളരെ അധികം ദൂരം കൈയേററം നടത്തുന്ന പദങ്ങളാണു് നമ്മളുടെ പാതിവ്രത്യവും വ്യഭിചാരവും. സ്ത്രീകൾക്കു ശിക്ഷയായിത്തീരുന്ന പാതിവ്രത്യവും വിവാഹമാകുന്ന ലൈസൻസിനു കീഴിൽ ഭാര്യാഭർത്താക്കന്മാർ നടത്തുന്ന വ്യഭിചാരവുമൊക്കെ സമുദായത്തിന്റെയോ, മതത്തിന്റെയോ ഒക്കെ അന്ധമായ വിളംബരം കേട്ടു ഭീരുക്കളാകാതെ പുരോഗമനസാഹിത്യകാരന്മാർ ചെറുക്കുന്നുണ്ടായിരിക്കാം. പാവപ്പെട്ട ഒരു സഹോദരിയുടെ ചാരിത്ര്യത്തെ വീതിച്ചെടുത്തു് അനുഭവിച്ചശേഷം അവളെ വേശ്യ എന്നു പരിഹസിക്കുന്ന പാണ്ഡിത്യത്തെ അവർ പ്രതിഷേധിക്കുന്നുണ്ടായിരിക്കാം. ഇതിൽ അരിശം കൊള്ളേണ്ട ആവശ്യം ആർക്കെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. സാഹിത്യകാരന്മാർ ആരാമങ്ങളിലെവിടെയെങ്കിലും ചെന്നിരുന്നു വല്ല ചമ്പുക്കളും എഴുതിക്കൊള്ളട്ടെ എന്നാണു് അവരുടെ ഭാവം. എങ്കിൽ വ്രണങ്ങൾ ഭേദമാകുവാൻ അവയെ തങ്കക്കടലാസ്സുകൾ കൊണ്ടു മൂടിക്കൊള്ളട്ടെ എന്നു പറയുന്ന ഉപദേശത്തെക്കാൾ ഒട്ടും താണതാകുന്നില്ല ഇതു്. വ്യഭിചാരത്തെ വർണ്ണിക്കേണ്ടസ്ഥലത്തു പാതിവ്രത്യത്തിന്റെ മഹിമയെ വർണ്ണിച്ചാൽ മതിയെന്നുപറയുന്നതും വിചിത്രതരമായ ഒരു വാദഗതിയാണു്. അപ്പോൾ ഒരാളിന്റെ വേദനയെ വർണ്ണിക്കുന്നതിനുപകരം മറെറാരാളിന്റെ സന്തോഷത്തെ ചിത്രീകരിച്ചാൽ മതിയാകും. വ്യഭിചാരം വ്യക്തമാക്കേണ്ടിടത്തു പാതിവ്രത്യം വർണ്ണിച്ചാൽ അതു വ്യഭിചാരത്തെപ്പററിയുള്ള യാതൊന്നുമാകുന്നില്ല. മത്സ്യഗന്ധിനിയായ കൈവർത്തകന്യകയെ മത്സ്യകേതനശരമേററു് ആ മുനിവരൻ പ്രാപിച്ച കഥ എന്തുകൊണ്ടു് ഒരു പാതിവ്രത്യകഥയായി അവിടെ ചേർത്തില്ലാ.

മി: ദാമോദരൻപിള്ള പുരോഗമനസാഹിത്യത്തിന്റെ നേർക്കുള്ള വെല്ലുവിളി എന്ന വ്യാജേന ചിന്താദാരിദ്ര്യത്തിന്റെയും തെററിദ്ധാരണകളുടെയും പരസ്യങ്ങളായി ഒട്ടധികം എഴുതിക്കൂട്ടുന്നു. അവയിൽ പലതിനും മറുപടിയുടെ ആവശ്യമേ തോന്നാറില്ല. ഉദാഹരണമായി ഒരു കാര്യംകൂടി പ്രകാശിപ്പിച്ചുകൊള്ളട്ടെ. "വാല്മീകിരാമായണവും ഭാരതവും തർജ്ജമചെയ്യാൻ റഷ്യയിൽഒരു കമ്മററിയെഈയിടെഏർപ്പെടുത്തിയിരിക്കുന്നതു് അവയിലെ സാഹിത്യം പഴഞ്ചനായതുകൊണ്ടല്ലെന്നും, അതു നിത്യമായതുകൊണ്ടാണെന്നും സാഹിത്യബോധമില്ലാത്ത നമ്മുടെ പുരോഗമനവാദികൾ അറിയേണ്ടതാകുന്നു" എന്നു് അദ്ദേഹംഒരു വിദഗ്ദ്ധാഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. ഈ ഉപദേശത്തിനുമുമ്പിൽ ഒന്നു മന്ദഹസിക്കയെ തരമുള്ളു.

ലോകത്തിൽ യാതൊരു സാഹിത്യകൃതിയും അങ്ങനെ നിത്യമല്ലെന്നും, അഥവാ അ

ഏകാങ്കനാടകം.

പൂജാരി

(വിക്ടർ യൂഗോ)

(തുടർച്ച)

മ—കൊള്ളാം. ഇപ്പോൾ അടയ്ക്കൂ.

(ഗോദാവരി വിറയലോടുകൂടി വാതിലടയ്ക്കുന്നു. അയാൾ അതിവേഗത്തിൽ ആഹാരം കഴിക്കുന്നു).

പൂ—സഹോദര! നിങ്ങളാരാണു്?

മ—ഹ! ഹ! ഹ! ഞാനാരാണെന്നോ? കേട്ടിട്ടു് എന്തുവേണം?—ഞാൻ ഒരു കൊള്ളക്കാരൻ - കള്ളൻ.

പൂ—നിങ്ങളുടെ പേർ?

മ—എന്റെ പേരോ?—എനിക്കു പേരൊന്നുമില്ല. എന്റെ നമ്പർ 1525 ആണു്; ഇതുതന്നെ എന്റെപേർ. മററു പേരു ഞാൻ മറന്നുകഴിഞ്ഞു. നിങ്ങൾക്കു കള്ളന്മാരെ ഭയമില്ലേ?

പൂ—ഇല്ല, സഹോദര! എനിക്കു നിങ്ങളുടെമേൽ കരുണതോന്നുന്നു. നിങ്ങൾ എന്തിനുമോഷ്ടിച്ചു.?

മ—എന്തു്? പറഞ്ഞിട്ടെന്തുവേണം? പോലീസിനു് അറിവുകൊടുക്കാനാണോ? അവർ ഇനിയും എന്നെ ബന്ധിച്ചു് ആ നരകത്തിലിടുവാൻ.

പൂ—അല്ല. സോദര! എന്നെ വിശ്വസിച്ചുകൊള്ളൂ. ഞാൻ നിങ്ങളെപ്പററി ആരോടും ഒരക്ഷരം പറകയില്ല.

മ—അതൊരു പൂവ്കഥയാണു്. ഇന്നേയ്ക്കു പത്തുകൊല്ലം മുമ്പുള്ളകാര്യം അതെ-ഞാൻ ഒരുസേട്ടിന്റെ വീട്ടിൽ കടന്നു മോഷ്ടിച്ചു. എന്നാൽ ഇപ്പോൾ ആ കഥയെല്ലാം എടുത്തു വിളമ്പിയിട്ടെന്തുപ്രയോജനം.

പൂ—സഹോദര! നിങ്ങൾ ആ പാപം എന്തിനുചെയ്തു?

മ—ജഠരാഗ്നിശമിപ്പിക്കുന്നതിനുവേണ്ടി. കേൾക്കൂ. വളരെ ജീർണ്ണിച്ചതും ലതപ്പടർപ്പുകളാൽ പച്ചനിറഞ്ഞതുമായ ഒരു കുടിലായിരുന്നു എന്റേതു്. അതിൽ കേവലം ഒരു സ്ത്രീമാത്രം എനിക്കു തുണയുണ്ടായിരുന്നു —അതേ—എന്റെ പ്രേമഭാജനം അവൾ. രോഗിണിയായായിരുന്നു. ഞങ്ങളുടെ പക്കൽ ഭക്ഷണം ഇല്ലായിരുന്നു. ഞാൻ വളരെ അന്വേഷിച്ചിട്ടും യാതൊരു ജോലിയും ല

ങ്ങനെയൊരു ശാപരൂപം ഉണ്ടാകുന്നാപക്ഷം അതു സാഹിത്യപുരോഗതിയുടെ പരാജയത്തെയാണു വിളിച്ചറിയിക്കുന്നതെന്നും, ജീവിതത്തോടൊപ്പംതന്നെ സാഹിത്യവും പുരോഗമിച്ചുകൊണ്ടിരിക്കേണ്ടതാണെന്നും മനസ്സിലാക്കിയിട്ടുള്ളവരാണു് റഷ്യാക്കാർ. അന്യഭാഷാകൃതികൾ പലതും അവർ തർജ്ജിമചെയ്യാറുണ്ടു്. ഈ തർജ്ജിമയെല്ലാക്കെ അവയുടെ അനശ്വരതയാണു് റഷ്യാക്കാരെ പ്രേരിപ്പിക്കുന്നതെന്നു് മനസ്സിലാക്കുവാൻ തെളിവുകൾ വേറേവല്ലതും കാണിക്കേണ്ടിയിരിക്കുന്നു. അസംബന്ധങ്ങളുടെ അരങ്ങേററത്തിൽ ഇവയൊക്കെ ഉൾപ്പെടുന്നതു് അത്ഭുതജനകമല്ല.

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
Date..........
MANNARKKAD

ടാഗോറിൻെറ കത്തുകൾ

(പി. ശേഷാദ്രി ബി. എ., എം. എൽ.)

൧൯൩൦ വൈശാഖമാസം ൭-ാംനു-

"ഭുക്ത്വാ രാജവദാചരേത്" എന്നാണു ശാസ്ത്രം പറയുന്നതു്. അതായതു് വയറു നിറച്ചു ഊണുകഴിച്ചതിൽ പിന്നീടു് രാജാവിനെപ്പോലെ നീണ്ടു നിവർന്നു കിടന്നു വിശ്രമിക്കണം. ജീവിതത്തിലെ സുഖദുഃഖങ്ങളും കർമ്മകോലാഹലങ്ങളും ധാരാളം ആയിക്കഴിഞ്ഞു. ഇപ്പോൾ നൈഷ്കർമ്മ്യമല്ലാതെ മററുയാതൊരു കർത്തവ്യവുമില്ല. വളരെ ഉന്നതമായ വിശ്രമമാണു് എൻെറ മനസ്സു് അഭിലഷിക്കുന്നതു്. ഡാർജിലിംഗിലെ കാഞ്ചനപർവ്വതത്തിലെപ്പോലെ ഉന്നതവും പ്രശാന്തഗംഭീരമായ നില! കൃഷികർമ്മം അവിടെ ഇല്ല. പക്ഷിമൃഗാദികളുടെ സഞ്ചാരംപോലും അവിടെയില്ല. അത്യന്തമൗനം! ശാന്തം! പ്രശാന്തം! ഇടയ്ക്കിടയ്ക്കു് മേഘങ്ങൾ നിറംമാറി പാഞ്ഞുപോകുന്നു എന്നതുമാത്രം കാണാം.

ശ്രീ അരവിന്ദ(ഘോഷ) നെസംബന്ധിച്ചു് എൻെറ മനോഭാവം നിങ്ങൾ ശരിയായി മനസ്സിലാക്കിയിട്ടില്ല എന്നുതോന്നുന്നു. അതിനാൽ ഒന്നു തുറന്നു പറയാം. ഇക്കാലത്തു പലപ്പോഴും ചിത്രം വരയ്ക്കാനുള്ള പ്രേരണ എനിക്കു് ഉണ്ടാകുന്നു. അപ്പോൾ വാതലും മററും അടച്ചാണു് ഞാൻ ജോലി ചെയ്യുന്നതു്. ഏകാന്തമായി ഇരുന്നാൽ മാത്രമേ തൂലികാമുഖത്തിൽ കൂടി രൂപങ്ങൾ ആവിർഭവിക്കുന്നുള്ളു. ആസമയം മററു ജനങ്ങളെ അകററി നിറുത്തുന്നതു ദോഷാവഹമെന്നു് ഞാൻ വിചാരിക്കുന്നില്ല. സൃഷ്ടികർത്താവുപോലും ആദ്യമായി ചിത്രം വാക്കുന്നതു് (ഗർഭത്തിൽ) ഗോപ്യമായിട്ടാണല്ലോ.

ചിത്രംവരയ്ക്കുന്നതു നിർജനസ്ഥലത്തിലാണെങ്കിലും ചിത്രം പൊതുജനങ്ങൾക്കു വേണ്ടിത്തന്നെ. ഇവിടെ ജനതയുടെ കടമ ചിത്രംവരയ്ക്കാൻ വേണ്ട സൗകര്യം കൊടുക്കുക എന്നതാണു്. ചിത്രമെഴുത്തുകാരൻെറ ഏകാന്തമുറിയിൽ തള്ളിക്കേറുന്നതു് അവിവേകമാണു്. ചിത്രമെഴുതുക എന്നതു നിരുപയോഗമായ ഒരുപ്രവൃത്തിയാണെ

ഭിച്ചില്ല. എൻെറ പ്രാണപ്രേയസി മരിച്ചു (കുറച്ചു നിറുത്തിയിട്ടു്) പല ദിനങ്ങളായി അവൾക്കു ഭക്ഷണമൊന്നും കിട്ടിയിരുന്നില്ല. അവളെ പോററുവാനാണു ഞാൻ മോഷ്ടിച്ചതു്. പോലീസു് എന്നെ പിടിച്ചു. ഞാൻ വളരെ അപേക്ഷിച്ചു; മോഷണത്തിൻെറ കാരണം അറിയിച്ചു; എന്നാൽ ഒരുത്തരും എൻെറ വാക്കിനെ ചെവിക്കൊണ്ടില്ല. അതെ പത്തുകൊല്ലത്തേയ്ക്കു് എന്നെ ജയിലിൽ—നരകത്തിൽ തള്ളി.

പൂ—സോദര! നിങ്ങൾ എൻെറ വീട്ടിൽ താമസിക്കുമോ? ഞാൻ നിങ്ങൾക്കു് ഭക്ഷണം, വസ്ത്രം എല്ലാം തരാം.

മ—ഇല്ല.

പൂ—എന്തുകൊണ്ടു്?

മ—ഞാൻ കള്ളനാണു്. കൊള്ളക്കാരനാണു്.

പൂ—എന്നാൽ കള്ളനും കൊള്ളക്കാരനും മനുഷ്യൻതന്നെയല്ലേ? (തുടരും)

ന്ന് വിചാരിക്കുന്നവർ അസംസ്കൃതചിത്തന്മാരാകുന്നു. അവരുടെ പുലമ്പലും കോപാദിഭാവവും ഒന്നും സാരമാക്കേണ്ട. കമ്മിററിമീററിംഗിൽ കോറം തികയാൻവേണ്ടി അവർ മുറവിളികൂട്ടുമ്പോൾ വാതൽ ഇരട്ടപ്പൂട്ടിട്ട് പൂട്ടി ചെവി പൊത്തിയിരിക്കുന്നതുതന്നെ ഉത്തമം.

ശ്രീ അരവിന്ദൻ ആത്മസൃഷ്ടിയിൽ നിവിഷ്ടനായിരിക്കുന്നു. അദ്ദേഹത്തിന്റെ കാര്യത്തിൽ സമുദായത്തിലെ സാമാന്യനിയമങ്ങൾക്ക് വ്യാപ്തിയില്ല. അദ്ദേഹത്തെ സബഹുമാനം ദൂരെനിന്നും ആരാധിക്കണം. സൃഷ്ടികർത്താക്കന്മാരെല്ലാം ഏകാകികളായിത്തന്നെ ജീവിക്കണം. അരവിന്ദനും ഒരു സൃഷ്ടികർത്താവാണല്ലോ. നമ്മളുടെ അനുഭവവും അറിവും സാമാന്യജനങ്ങളെപ്പററിയാണ്. അവരെല്ലാം കൂട്ടത്തിൽ ഇരിക്കാൻ ഇഷ്ടപ്പെടുന്നു. എന്നാൽ അരവിന്ദന്റെ അനുഭവവും അഭിജ്ഞതയും അസാധാരണമാണ്; ജനസാമാന്യത്തെ അതിക്രമിച്ചിരിക്കുന്നു. എങ്കിലും നമ്മൾ അതിനെസഹിക്കണം. എന്തുകൊണ്ട്? വിദൂരത്തിൽ ഇരിക്കുന്ന ആകാശത്തിൽ മേഘംകൂടുന്നതു നാം സഹിക്കുന്നത് മഴ പെയ്യ് നമ്മുടെകൃഷിയ്ക്കു് അനുകൂലമാകുമെന്ന് വിചാരിച്ചാണ്. അതുപോലെ അരവിന്ദന്റെ ഏകാന്തമായ ആത്മചിന്തനത്തിൽ നിന്നും ജീവിതത്തിന് അമൂല്യമായ സാരസമ്പത്ത് നമുക്കു കിട്ടും

നിങ്ങളുടെ കവിതാഗ്രന്ഥത്തിന് ഒരു പേരിടണം. അല്ലേ നാമകരണം രൂപകരണത്തേക്കാളും പ്രയാസമാണ്. രൂപത്തെ രൂപംതന്നെ പരിചയപ്പെടുത്തിക്കൊള്ളും (രൂപംസ്വയം പ്രകാശിക്കുന്നു.) പേരു (നാമം) വന്ന് വേലികെട്ടുന്നു, സീമനിർണ്ണയിക്കുന്നു. 'അനാമി' എന്നു പേരിടുക. തേടിയാലും പേരുകിട്ടാത്തതിനെയാണല്ലോ ഛന്ദസ്സിൽ (കവിതയിൽ) പറയുന്നത്. ശബ്ദകോശങ്ങൾ (ഡിക്ഷ്ണറി) ദൂരെകിടക്കട്ടെ. അവയെ സാരമായി ഗണിക്കേണ്ട.

ആഗസ്റ്റ്, ൧൯൩൦.

നിങ്ങൾ ഒരിക്കൽ അയാളുടെ അന്ധനായ ഉപാസകനായിരുന്നു. നിങ്ങളുടെ അന്ധഭക്തിയെ അവകാശപ്പെടാനുള്ള അധികാരം നിങ്ങൾ തന്നെയാണ്, അയാൾക്കു കൊടുത്തത്. യാതൊരു അമരാവതിയിൽ അയാൾ ഇരിക്കുന്നുവോ അവിടെ നിങ്ങളുടെ അർഘ്യം എത്തുന്നില്ല. നിങ്ങളുടെ നൈവേദ്യോപഹാരം മുഴുവനും പാണ്ടിച്ചേരിയിൽ (ശ്രീ അരവിന്ദൻ) നിങ്ങൾ എത്തിക്കുന്നു. ഈ നഷ്ടം അവിചലിതചിത്തനായി സഹിക്കാൻ എത്രപേർക്ക് സാധിക്കും. നിങ്ങളുടെ മഹാപുരുഷപൂജ(Hero-worship) യിൽ അയാളെപ്പോലെ ചിലർക്കു ശ്രദ്ധയും വിശ്വാസവുമില്ല. എന്തെന്നാൽ ആ പൂജയിൽ അവർക്ക് സ്ഥാനമില്ല (ആ പൂജ അവർക്ക് കിട്ടുന്നില്ല.) ബംഗാളിലെ ജമിന്ദാരന്മാരിൽ നിന്നും അവരുടെ പെർമനൻറു സെററിൽമെൻറു അവകാശം (ജന്മി അവകാശം) എടുത്തുകളഞ്ഞാൽ അവരുടെ ഗർജ്ജനധ്വനി നാടുമുഴുവൻ വ്യാപിക്കും. നിങ്ങളുടെ മഹാപുരുഷപൂജാവകാശം അയാളിൽനിന്നും പെട്ടെന്ന് മാററിയതുകൊണ്ട് അയാൾ വിഷമിച്ചിരിക്കുന്നു. നിങ്ങളുടെ നൈവേദ്യത്തിന് അപജയം വരാൻ ആഗ്രഹിക്കുന്നില്ല. അയാൾ യഥാർത്ഥത്തിൽ മഹാപുരുഷൻ (Hero)ആയിരുന്നാൽ കോപിക്കാതെ മന്ദഹസിക്കുമായിരുന്നു.

(തുടരും)

ടാഗോർ

സാഹിത്യപ്രധാനമായ

ഒരുൽകൃഷ്ട മാസിക.

മാസികയ്ക്കുള്ള ലേഖനങ്ങളും, നിരൂപണത്തിനുള്ള പുസ്തകങ്ങളും, മാററപ്പത്രങ്ങളും, മാസികകളും, അവയെ സംബന്ധിച്ച എഴുത്തുകളും മുതലായവ പത്രാധിപർ, 'ടാഗോർ', കൊല്ലം എന്ന മേൽവിലാസത്തിലും, വരിസംഖ്യകളും, മററു മണിയാർഡറുകളും, ഏജൻസി സംബന്ധിച്ച കത്തിടപാടുകളും എന്നിവ മാനേജർ, 'ടാഗോർ', കൊല്ലം എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.

വരിസംഖ്യ ഒരു കൊല്ലത്തേക്ക് അഞ്ചു രൂപാ (മുൻകൂർ)

പോസ്റ്റിൽ 6 രൂ. 8 ണ. ഒററപ്രതിക്ക് 8 ണ.

ഒരുപ്രാവശ്യത്തെ പരസ്യനിരക്ക്

മുഴുപ്പേജിനു 40 രൂ. അര പേജിനു 22 രൂ. കാൽ പേജിനു 11 രൂ.

കൂടുതൽകാലത്തേയ്ക്കുള്ള പരസ്യനിരക്കിനും മററു വിവരങ്ങൾക്കും മാനേജരുടെ പേർക്കെഴുതുക.

മാനേജർ,

ടാഗോർ—കൊല്ലം.

തയാറായിരിക്കുന്നു

മഹാപ്രൗഢയായ 'സുപ്രഭ'യുടെ ഗാംഭീര്യവും, പരമസുന്ദരനായ 'പ്രകാശ'ത്തിന്റെ മഹാപ്രകാശവും, ഒന്നിച്ചിണങ്ങി ലസിക്കുന്ന മഹാകുലീനയായ ചെറുസുന്ദരിയെകണ്ടു് ആനന്ദിക്കണമെന്നുള്ളവർ ശ്രീ. മുൻഷി പരമുപിള്ള അവർകളുടെ

'പ്രതിഭ' വാങ്ങി വായിക്കട്ടെ!

മലയാള സംഗീത നാടകവേദിയിൽ ഇദംപ്രഥമമായി രംഗപ്രവേശം ചെയ്ത

ഒരു അപസർപ്പക നാടകം.

വില 1 രൂപാ മാത്രം.

ശ്രീ. മുൻഷി പരമുപിള്ള അവർകളുടെ **'രമണി'** നാടകം തയാറായിവരുന്നു.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

Reg. No. T. 100.
License No. 433.

TAGORE

Dated 3-3-1944.

ആയുർവ്വേദത്തിൻെറ അത്ഭുതസിദ്ധികളിലൊന്നായ

അമൃതകൽപം

ആരോഗ്യവും, ഓജസ്സും, ഊർജ്ജസ്വലതയും
അതിശീഘ്രം കൈവരുത്തുന്ന ഒരു വിശിഷ്ടകല്പം.

പേരു പറയാനൊരു രോഗമില്ല, എങ്കിലും ആരോഗ്യമില്ല; രോഗമെല്ലാം ശമിച്ചു, എന്നാൽ ശരീരബലം അശേഷമില്ല; ചെറുപ്പമാണ്, പക്ഷേ ഒരിക്കലും ഒരുന്മേഷമില്ല; ഇങ്ങനെയുള്ള അവസ്ഥകളിൽ

അ മൃ ത ക ല്പം

വിലതീരാത്ത ഒരു മഹാനുഗ്രഹമായിരിക്കും.

ശരീരപുഷ്ടി, അംഗസൗഷ്ടവം, ദൃഢഗാത്രത, വീര്യവൃദ്ധി എന്നിവയും,
വർണ്ണഭംഗി, സ്വരമാധുര്യം, ദൃഷ്ടിപ്രസാദം, സുഖനിദ്ര എന്നിവയും,
ബുദ്ധിപ്രസാദം, ധാതുപ്രസാദം, ഊർജ്ജസ്വലത എന്നിവയും,
അനായാസേന സമ്പാദിച്ചുതരുവാൻ അമൃതകല്പത്തിനുള്ള
കഴിവ് അന്യാദൃശമാണ്.

ഉടൻ അപേക്ഷിക്കുക:

1 റാ: ടിൻ ഒന്നുക്ക് രൂ. 5.

അമൃതകല്പത്തിൻെറ വിശേഷ വിധികൾ:—

ക്ഷയം, കാസം, കാർശ്യം, ഉന്മാദം, അർശസ്സ്, ഭഗന്ദരം, അതിസാരം, ഗ്രഹണി, അഗ്നിമാന്ദ്യം, പാണ്ഡുരോഗം, രക്തപിത്തം, വാതരോഗം, വാതരക്തം, കുഷ്ഠം, അരുചി, സ്വപ്നരോഗങ്ങൾ, ഉഷ്ണരോഗങ്ങൾ, സൂതികാരോഗങ്ങൾ മുതലായ എല്ലാ രോഗങ്ങൾക്കും അത്യന്തം ഫലപ്രദമായ വിധത്തിലുള്ള അമൃതകല്പത്തിൻെറ വിശേഷയോഗങ്ങളെപ്പററി അന്വേഷിക്കുക.

രോഗവിവരങ്ങൾ വിശദമായി അറിയിക്കുക.

മാനേജർ, ശ്രീ വാഗ്ഭടാശ്രമം, കൊല്ലം.

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY ★
Date..........
MANNARKKAD

Printed and Published by T. K. Narayana Kurup at the Sri Rama Vilas Press, Quilon.